**KERALA CATHOLIC BISHOPS' COUNCIL'S**
**COMMISSION FOR SOCIAL HARMONY & VIGILANCE**

# JAGRATHA

## ജാഗ്രത ന്യൂസ് NEWS

December 2019
Issue 272

അതിജീവനത്തിനുള്ള സ്നേഹത്തിന്റെ ശക്തിയാണ് ക്രിസ്തുമസ്സ് – ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് 2

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ സമ്മേളനാനന്തര പ്രസ്താവന 3

ചർച്ച് ആക്ട് ബിൽ സംബന്ധിച്ച് കേരള സർക്കാരിന് കെസിബിസി നല്കിയ നിവേദനം 4

വെല്ലുവിളികളും പ്രതിസന്ധികളും നമുക്ക് അവസരമാക്കാം
ജസ്റ്റിസ് എബ്രഹാം മാത്യു 6

അരികുവത്കരിക്കപ്പെട്ടവർക്ക് നീതിനല്കിയ മിഷണറിമാർ
ഷാജി ജോർജ് 8

കന്യാസ്ത്രീ മഠങ്ങൾ കണ്ണീരിന്റെ ഇടങ്ങളല്ല – ദയാബായി 9

ആർക്കാണിവിടെ ന്യൂറോസിസ്? വിശ്വസ്നേഹത്തിന്റെ ആത്മക്ഷതങ്ങൾ! – ഫാ. അഗസ്റ്റിൻ പാംപ്ലാനി സി.എസ്.റ്റി. 11

ഭീകരതയോടുള്ള മൃദുസമീപനം നിയമവാഴ്ച തകർക്കും
കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ 13

കലാലയ രാഷ്ട്രീയവും ക്രമഭംഗവും
ഡോ. കെ.എം. ഫ്രാൻസിസ് 14

ചിലരുടെ പാപ്പാ വിരുദ്ധത
സി. സോണിയ തെരേസ് ഡി.എസ്സ്.ജെ. 15

ചില നന്മമരങ്ങൾ പുഷ്പിക്കുമ്പോൾ .... – വിനോദ് നെല്ലയ്ക്കൽ 17

കെസിബിസി പ്രസ്താവനകൾ, വാർത്തകൾ 19

നിലവിലുള്ള രാഷ്ട്രീയ സാഹചര്യങ്ങൾ ഭീകരതയ്ക്ക് വളം വയ്ക്കുന്നു: – മുൻ ഡിജിപി ടി.പി. സെൻകുമാർ

വിശുദ്ധ നാമകരണ നടപടികളിലെ അത്ഭുത സൗഖ്യങ്ങൾ

ക്രൈസ്തവസന്യാസം പൗരാവകാശവിരുദ്ധമോ?

വാങ്മയം 28

Merry Christmas

For Private Circulation Only

സന്ദേശം

# അതിജീവനത്തിനുള്ള സ്നേഹത്തിന്റെ ശക്തിയാണ് ക്രിസ്തുമസ്സ്



**ബിഷപ്പ് ജോഷ്വാ മാർ ഇഗ്നാത്തിയോസ്**
(ചെയർമാൻ, കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ)

മാനവകുലത്തിന്റെ സമഗ്രവിമോചനവും മനുഷ്യ മനസ്സുകളുടെ സമഗ്രരൂപാന്തരീകരണവുമാണ് യേശുനാഥന്റെ തിരുപ്പിറവിയിലൂടെ പിതാവായ ദൈവം ലക്ഷ്യമിട്ടത്. അതിസങ്കീർണമായ സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ സാഹചര്യങ്ങൾക്കു നടുവിലും ക്രിസ്തുമസ്സിന്റെ നക്ഷത്രദീപ്തി മാനവരാശിക്കാകെ പ്രകാശപാത ഒരുക്കുന്നു. അതുകൊണ്ടു തന്നെ ക്രിസ്തുമസ്സിന്റെ സൂചകമായ നക്ഷത്രവിളക്കുകളിൽനിന്ന് നമ്മിലേക്കു പകരേണ്ടത് സ്നേഹത്തിന്റെയും കരുണയുടെയും നറുംപ്രകാശമാണ്. നമുക്ക് പ്രകാശത്തിന്റെ ആയുധങ്ങൾ ധരിക്കാം, ലോകം നേരിടുന്ന ഏതൊരു പ്രതിസന്ധിക്കു നടുവിലും ദൈവരാജ്യത്തിലേക്കുള്ള വഴിവിളക്കുകളായി മാറാം. ഉള്ളിലുള്ള വെളിച്ചമൊരു കനലായി, തീയായി, ചൂടായി അപരനിലേക്ക് പ്രസരിപ്പിക്കാൻ രക്ഷകന്റെ ജനനത്തെക്കുറിച്ചുള്ള സദ്വാർത്ത നമുക്ക് ശക്തി പകരട്ടെ. പ്രതിസന്ധികളെ അതിജീവിക്കാനുള്ള സ്നേഹത്തിന്റെ ശക്തിയാണ് ക്രിസ്തുമസ്സ്.

- സഭയുടെ വസ്തുക്കളും സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്നതിൽ ഈ രാജ്യത്ത് വ്യക്തമായ സിവിൽ നിയമങ്ങളും സഭാ നിയമങ്ങളും ഉള്ളപ്പോൾ സഭയുടെ സ്വത്തുക്കളും സ്ഥാപനങ്ങളും സുതാര്യമായും നീതിപൂർവ്വകമായും കൈകാര്യം ചെയ്യുന്നതിനും, ദുരുപയോഗമോ, ദുർഭരണമോ ഉണ്ടായാൽ പരിഹാരമുണ്ടാക്കുന്നതിനും ഒരു പുതിയനിയമം വേണം എന്ന് ചില സഭാവിരുദ്ധ കേന്ദ്രങ്ങൾ നടത്തുന്ന പ്രചാരണങ്ങൾ തെറ്റിദ്ധാരണാജനകവും പ്രതിഷേധാർഹവുമാണ്.
- കോളേജുകളിൽ സംഘടനാ പ്രവർത്തനം നിയമപരമാക്കാനുള്ള മന്ത്രിസഭാ തീരുമാനം സ്വസ്ഥമായ കലാലയാന്തരീക്ഷത്തിന് ഭീഷണിയാണ്. വേണ്ടത്ര ആലോചിക്കാതെയും നിലവിലുള്ള കോടതിവിധികളെ മാനിക്കാതെയും പുതിയ നിയമനിർമാണത്തിനുള്ള തീരുമാനം പ്രതിഷേധാർഹവും കേരളത്തിലെ സമൂഹമനഃസാക്ഷിയോടുള്ള വെല്ലുവിളിയുമാണ്. ഒരു ബാലികയുടെ ദയനീയ മരണം വേണ്ടിവന്നു, നമ്മുടെ പൊതുവിദ്യാഭ്യാസത്തിന്റെ ശോചനീയാവസ്ഥ ചർച്ച ചെയ്യപ്പെടാൻ. സാക്ഷരകേരളത്തിന് അപമാനമാണു നമ്മുടെ പല സർക്കാർ സ്കൂളുകളുടെയും അവസ്ഥ. തദ്ദേശസ്ഥാപനങ്ങളും സർക്കാരും സ്കൂൾ സുരക്ഷയുടെ പൂർണ്ണ ഉത്തരവാദിത്വം ഏറ്റെടുത്ത് സത്വരനടപടികൾ സ്വീകരിക്കണം.

മതഭീകരതയുടെ വിവിധ രൂപങ്ങളും ഭാവങ്ങളും ഇന്ന് കൂടുതൽ പ്രബലമാവുകയാണ്. മതഭീകരതയ്ക്കു വളം വയ്ക്കുന്ന രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങൾ സംസ്ഥാനത്തു നിലനില്ക്കുന്നു. ഭീകരവാദികളെ ഒറ്റപ്പെടുത്താനും നേരിടുവാനുമുള്ള നടപടികൾ ഊർജ്ജിതമാക്കുക തന്നെ വേണം. ഭീകരതയോടുള്ള മൃദുസമീപനം സമൂഹത്തിൽ ഭീതി ജനിപ്പിക്കുകയും നിയമവാഴ്ച തകർക്കുകയും ചെയ്യും.

- കാർഷികമേഖലയെ ആകമാനം ബാധിക്കുന്ന ഭൂപതിവ് ചട്ടങ്ങൾ മാനുഷിക താത്പര്യങ്ങൾ പരിഗണിക്കാതെ നടപ്പിലാക്കാൻ ശ്രമിക്കുമ്പോൾ ഈ മേഖലയെ ആശ്രയിക്കുന്ന മനുഷ്യരുടെ സ്വസ്ഥമായ ജീവിതാവസ്ഥയാണ് തകർക്കുന്നത്.
- മഹാരാഷ്ട്രയിൽ അധികാരം പിടിക്കാൻ നടന്ന ഹീനമായ രാഷ്ട്രീയക്കളികൾ രാജ്യത്തെ ജനാധിപത്യത്തെ മാത്രമല്ല ഭരണഘടനയെയും ഭരണഘടനാസ്ഥാപനങ്ങളെയും കൂടി അപഹാസ്യമാക്കി. കക്ഷി രാഷ്ട്രീയത്തിന് അതീതമായി വേണം ഗവർണർമാരും ഭരണകർത്താക്കളും തങ്ങളുടെ ഭരണഘടനാപരമായ ധർമ്മം നിർവഹിക്കേണ്ടത്. ഇന്ത്യൻ ഭരണഘടനയുടെ എഴുപതാം വാർഷികം നാം ആചരിക്കുമ്പോൾ രാജ്യത്തിന്റെ കെട്ടുറപ്പും സാമ്പത്തിക ഭദ്രതയും ജനങ്ങളുടെ ക്ഷേമവും ഉറപ്പു വരുത്തുന്ന ജനാധിപത്യപ്രക്രിയ കരുത്തോടെ മുന്നോട്ടു കൊണ്ടു പോകാൻ ഭരണഘടന സംരക്ഷിക്കേണ്ടിയിരിക്കുന്നു. ഭരണഘടനയെ രാജ്യത്തിൽ വിശുദ്ധഗ്രന്ഥമായിത്തന്നെ പരിരക്ഷിക്കണം.
- ദേശീയ പൗരരജിസ്റ്റർ (എൻആർസി) രാജ്യമാകെ നടപ്പാക്കുമെന്നു കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ പാർലമെന്റിൽ വ്യക്തമാക്കിയിരിക്കുകയാണ്. രാജ്യം ആശങ്കയോടെയാണ് ഈ പ്രഖ്യാപനത്തോടു പ്രതികരിക്കുന്നത്. തെളിവ് ഹാജരാക്കുന്നവർക്ക് മാത്രം പൗരത്വമെന്നതും മതം പരിഗണനാവിഷയമാകുന്നു എന്നതും ആശങ്കയ്ക്കു കാരണമാകുന്നു. യഥാർത്ഥ പൗരന്മാരുടെ അവകാശങ്ങളും ആനുകൂല്യങ്ങളും രാജ്യത്ത് നിയമവിരുദ്ധ മാർഗങ്ങളിലൂടെ എത്തിയവരും പങ്കിട്ടെടുക്കുന്ന സ്ഥിതിയും ഭീകരവാദം നേരിടാനുള്ള താത്പര്യവുമാണ് എൻആർസി നടപ്പാക്കുന്നതിനു കാരണമായി ഉന്നയിക്കപ്പെടുന്നതെങ്കിലും പൗരത്വം ഭരണകൂടത്തിന്റെ ഔദാര്യം എന്നതിലേക്കു കാര്യങ്ങളെത്തിയാൽ പ്രശ്നം വഷളാകുകയേയുള്ളൂ. സാമ്പത്തിക മാന്ദ്യം, തൊഴിലില്ലായ്മ തുടങ്ങിയ സുപ്രധാന പ്രശ്നങ്ങളിൽ നിന്നും ശ്രദ്ധ തിരിക്കാനാണ് എൻആർസി പോലെ വിവാദ സ്വഭാവമുള്ള പ്രഖ്യാപനങ്ങളെന്ന ആരോപണം ഉയർന്നു കഴിഞ്ഞു.

**എല്ലാവർക്കും ക്രിസ്തുമസ്സിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ**

**KCBC COMMISSION FOR SOCIAL HARMONY & VIGILANCE**

**Chairman**
Bp. Joshua Mar Ignathios

**Vice Chairmen**
Rt. Rev. Dr. Joseph Kariyil
Mar Pauly Kannookadan

**Secretary**
Fr. Saju Kuthodiputhenpurayil CST

**Pastoral Orientation Centre**
Palarivattom, Kochi – 25
Phone 0 484 2806262

e-mail: kcbcshvjjj@gmail.com
www.kcbcshvjjj@gmail.com
www.kcbcsite.com
Blog: Jagrathakcbc.blogspot.com




# കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ സമ്മേളനാനന്തര പ്രസ്താവന

കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. സീറോ മലബാർ സഭ മേജർ ആർച്ച്ബിഷപ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി കെസിബിസി പ്രസിഡന്റ്. കോഴിക്കോട് രൂപതാധ്യക്ഷൻ ഡോ.വർഗീസ് ചക്കാലയ്ക്കൽ വൈസ്പ്രസിഡന്റായും ബത്തേരി രൂപതാധ്യക്ഷൻ ഡോ. ജോസഫ് മാർ തോമസ് സെക്രട്ടറി ജനറലുമായി തെരഞ്ഞെടുക്കപ്പെട്ടു. 2019 ഡിസംബർ 4-6 തീയതികളിൽ പിഒസിയിൽ നടന്ന കേരളകത്തോലിക്കാ മെത്രാൻ സമിതിയുടെ സമ്മേളനത്തിലായിരുന്നു തെരഞ്ഞെടുപ്പ്. സഭയെയും കേരള സമൂഹത്തെയും ബാധിക്കുന്ന സുപ്രധാന വിഷയങ്ങൾ കെസിബിസി വിശദമായ ചർച്ച ചെയ്തു.

**2020 പ്രേഷിതവർഷം**

2020 കേരളസഭ, പ്രേഷിതവർഷമായി ആചരിക്കും. വിശ്വാസവും പ്രേഷിത ചൈതന്യവും ഓരോ വിശ്വാസിയിലും, സഭയൊന്നാകെയും ശക്തിപ്പെടേണ്ടിയിരിക്കുന്നു. ഇതിലേക്കായി വിവിധ പരിപാടികൾക്കു രൂപം നല്കും.

**ചർച്ച് ആക്ടിന്റെ പേരിൽ നടക്കുന്നത് അനാവശ്യ പ്രചാരണങ്ങൾ**

കേരളത്തിലെ ക്രൈസ്തവ സമുദായങ്ങളുടെ സ്വത്തുസംരക്ഷിക്കുന്നതിനും കൈകാര്യം ചെയ്യുന്നതിനും പ്രത്യേക നിയമം നിർമ്മിക്കണമെന്നും നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്നും പ്രചരിപ്പിക്കുന്നവർ, ക്രിസ്തീയ സഭകൾക്കോ സർക്കാരിനോ ഇല്ലാത്ത ചില നിക്ഷിപ്ത താല്പര്യങ്ങളുള്ളവരാണ്.

സമൂഹത്തിൽ മേൽക്കൈ നേടാനായി നിക്ഷിപ്ത താല്പര്യങ്ങളുള്ള ചില ശക്തികളും അവരുടെ സ്വാധീനത്തിൽ പ്രവർത്തിക്കുന്നവരുമാണ് ഇപ്പോൾ നടക്കുന്ന പ്രചാരണങ്ങൾക്കു പിന്നിലുള്ളത്. സമൂഹത്തെ തെറ്റിദ്ധരിപ്പിക്കാൻ അവർ നടത്തുന്ന ശ്രമങ്ങൾ സഭയും പൊതുസമൂഹവും തിരിച്ചറിയുന്നുണ്ട്. സഭാവിരുദ്ധ ശക്തികൾ ഉന്നയിക്കുന്ന ആരോപണങ്ങൾക്ക് അടിസ്ഥാനമില്ലെന്നും വിശ്വാസികൾ ആശങ്കപ്പെടേണ്ടതില്ലെന്നും കെസിബിസി വിലയിരുത്തി.

**ഭരണരംഗത്ത് നിക്ഷിപ്ത താല്പര്യങ്ങൾ വർദ്ധിക്കുന്നത് ആശങ്കാജനകം**

ഭരണരംഗത്ത് കക്ഷിരാഷ്ട്രീയ താത്പര്യങ്ങളുടെ പേരിൽ ചില വകുപ്പുകളിൽ നടക്കുന്ന വഴിവിട്ട ഇടപെടലുകളും തെറ്റായ സ്വാധീനങ്ങളും തുടർച്ചയായി വിമർശനവിധേയമായിട്ടും, വേണ്ട തിരുത്തലുകൾ വരുത്താൻ ഭരണരംഗത്തുള്ളവർ ശ്രമം നടത്താതിരിക്കുന്നതിൽ പൊതു സമൂഹത്തിനുള്ള ആശങ്കയിൽ കെസിബിസിയും പങ്കുചേരുന്നു. ഭരണകർത്താക്കൾ നിക്ഷിപ്ത താത്പര്യങ്ങളോടെ തങ്ങളുടെ അധികാരവും പദവിയും ദുരുപയോഗിക്കുന്നതായുള്ള ആരോപണങ്ങൾ വർദ്ധിച്ചുവരുന്നത് നിർഭാഗ്യകരമാണ്.

**വിദ്യാഭ്യാസ രംഗം രാഷ്ട്രീയവത്കരിക്കുന്നതിൽ ആശങ്ക**

കലാലയ രാഷ്ട്രീയം നടപ്പാക്കുന്നതിനായി നിയമസഭ പരിഗണിക്കാനിരിക്കുന്ന ബിൽ കലാലയങ്ങളെ വീണ്ടും കലാപകേന്ദ്രങ്ങളാക്കുമെന്ന ആശങ്കയുണ്ട്. രാഷ്ട്രീയം അനുദിനം അക്രമാസക്തവും പ്രതിലോമകരവുമായി മാറുന്ന സമീപകാലത്ത് കലാലയങ്ങളെ കലാപ രാഷ്ട്രീയത്തിന്റെ പഠന കളരികളാക്കാനുള്ള ശ്രമം ഭരണാധികാരികളുടെ ഭാഗത്തുനിന്നുണ്ടാകുന്നത് ശുഭോദർക്കമല്ല. ജനാധിപത്യ സംവിധാനത്തിലെ രാഷ്ട്രീയ പരിശീലനത്തിന്റെ ആവശ്യകത അംഗീകരിക്കുമ്പോൾ തന്നെ ഈ ബില്ലിന്റെ ലക്ഷ്യങ്ങളെക്കുറിച്ചു നിഷ്പക്ഷമതികൾക്ക് ആശങ്കയുണ്ട്. കൂപ്പുകുത്തുന്ന പഠനനിലവാരം മറച്ചുവച്ച് രാഷ്ട്രീയ ലക്ഷ്യങ്ങളോടെയുള്ള മാർക്കുദാനത്തിലൂടെയും അനധികൃത ഇടപെടലുകളിലൂടെയും വിദ്യാർത്ഥികളെ ജയിപ്പിച്ചെടുക്കുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ കലാലയങ്ങളെ കലാപഭൂമിയാക്കുന്ന വിദ്യാർഥിരാഷ്ട്രീയം നിയമാനുസൃതമാക്കണം എന്ന വാദം യുക്തിരഹിതമാണ്. പ്രിൻസിപ്പൾമാരുടെ അധികാരവും മാനേജുമെന്റുകളുടെ അവകാശങ്ങളും കവർന്നെടുക്കാനുള്ള നീക്കം ഇപ്പോഴുള്ള പഠനാന്തരീക്ഷവും പഠനനിലവാരവും കുട്ടികളുടെ ഭാവിയും തകർക്കുന്നതിനേ ഉപകരിക്കൂ എന്നു കെസിബിസി ആശങ്കപ്പെടുന്നു.

2016 മുതൽ കഴിഞ്ഞ 4 വർഷങ്ങളായി നിയമനാംഗീകാരം കിട്ടാതെ സ്കൂളുകളിൽ ജോലിചെയ്യുന്ന അധ്യാപകരുടെ നിയമനങ്ങൾ അംഗീകരിക്കുവാനുള്ള അടിയന്തര നടപടികൾ സ്വീകരിക്കുവാൻ സർക്കാർ തയ്യാറാകണം. 2013-14 വർഷങ്ങളിൽ കോളേജുകളിൽ അനുവദിച്ച പുതിയ കോഴ്സുകൾക്കും 2014-15 വർഷം അനുവദിച്ച ഹയർസെക്കണ്ടറി സ്കൂളുകളിലും തസ്തിക നിർണയം നടത്തി അധ്യാപകരെ നിയമിക്കാനുള്ള സത്വര നടപടികൾ സർക്കാർ സ്വീകരിക്കണം.

ക്രൈസ്തവവിശ്വാസികൾ ആരാധനയ്ക്കും മതപഠനത്തിനുമായി പരമ്പരാഗതമായി വിനിയോഗിക്കുന്ന ഞായറാഴ്ചകളിൽ തുടർച്ചയായി കുട്ടികളുടെ മത്സരങ്ങളും അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിവിധങ്ങളായ പരിശീലനങ്ങളും നടത്തുവാനുള്ള ഉദ്യോഗസ്ഥ നിലപാടുകൾ ഈ അടുത്തകാലത്ത് വർദ്ധിച്ചുവരുന്നതിൽ കെസിബിസി വലിയ ഉത്കണ്ഠ രേഖപ്പെടുത്തി.

**ക്രിസ്ത്യൻ പിന്നോക്കാവസ്ഥ പഠിക്കുന്നതിന് കമ്മീഷനെ നിയോഗിക്കണം**

കാർഷിക മേഖലയുടെ തകർച്ചയും വ്യാപാരരംഗത്തെ മാന്ദ്യവും തീരദേശവാസികളുടെ പിന്നോക്കാവസ്ഥയും പരിഗണിച്ച്, ക്രിസ്തീയ സമുദായത്തിന്റെ സാമ്പത്തിക പിന്നോക്കാവസ്ഥ സമഗ്രമായി പഠിച്ചു പരിഹാരം നിർദ്ദേശിക്കുന്നതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കമ്മീഷനുകളെ നിയമിക്കണമെന്ന് കെസിബിസി ആവശ്യപ്പെട്ടു. ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾ തീർത്തും ഏകപക്ഷീയവും സാമൂഹ്യനീതിക്കു വിരുദ്ധവുമായി നടപ്പിലാക്കുന്നത് അപലപനീയമാണ്.

ന്യൂനപക്ഷ വകുപ്പിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്തു വലിയ സാമൂഹിക അസന്തുലിതാവസ്ഥയുണ്ടാക്കുന്നുവെന്ന ആരോപണം തീർത്തും അവഗണിക്കാവുന്നതല്ല. ദുർബലർ അവഗണിക്കപ്പെടുക മാത്രമല്ല, കൂടുതൽ ഞെരുക്കപ്പെടുകയുംചെയ്യുന്ന അവസ്ഥയാണ് ആ രംഗത്ത് നിലവിലുള്ളതെന്ന് കണ്ണുതുറന്നു കാണാൻ ഭരണാധികാരികൾ തയ്യാറാവുകയും തിരുത്തുകയും ചെയ്യണം.

**സഭാതർക്കം: സമാധാനശ്രമങ്ങൾ തുടരണം**

ഓർത്തഡോക്സ് സഭയിലെ ഇരുവിഭാഗങ്ങൾ തമ്മിൽ നിലവിലുള്ള തർക്കങ്ങളും പ്രശ്നങ്ങളും രമ്യമായും ക്രിസ്തീയമായും പരിഹരിക്കുന്നതിന് പ്രാർത്ഥനാപൂർവക മായ ശ്രമം തുടരണമെന്ന് കെസിബിസി അഭിപ്രായപ്പെട്ടു. സമാധാനപൂർണമായ പരിഹാരത്തിനും സഹവർത്തിത്വ ത്തിനുംവേണ്ടി കെസിബിസി തുടർന്നും പ്രാർത്ഥിക്കു കയും പരിശ്രമിക്കുകയും ചെയ്യും. സഭകളിൽ സമാധാന വും രമ്യതയും സ്നേഹവും പുലരണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്.


**ആംഗ്ലോ – ഇന്ത്യൻ പ്രാതിനിധ്യം നിലനിർത്തണം**

ലോകസഭയിലും നിയമസഭകളിലും ആംഗ്ലോ – ഇന്ത്യൻ പ്രാതിനിധ്യം ഒഴിവാക്കാനുള്ള കേന്ദ്രസർക്കാർ നീക്കം അപലപനീയമാണ്. ന്യൂനപക്ഷ വിഭാഗങ്ങളോടുള്ള അവ ഗണനയും വിവേചനവുമായി ഈ നീക്കത്തെ കെസിബിസി വിലയിരുത്തുന്നു.

**ദുഷ്പ്രചാരണങ്ങളിൽ പ്രതിഷേധം**

കത്തോലിക്കാസഭയിലെ സന്ന്യസ്തരെയും പുരോഹിത രെയും അവഹേളിക്കുന്ന രീതിയിൽ വൻതുക മുടക്കി സഭാ വിരുദ്ധരും വർഗീയ ശക്തികളും നടത്തിക്കൊണ്ടിരിക്കുന്ന കുത്സിതമായ പ്രചാരണങ്ങളിലും പരിപാടികളിലും ഞങ്ങൾക്കു വേദനയുണ്ട്. ഇക്കാര്യത്തിൽ ശക്തമായ പ്രതി ഷേധം രേഖപ്പെടുത്തുന്നു. മുഖ്യധാരാ മാധ്യമങ്ങളും സാമൂ ഹിക മാധ്യമങ്ങളും സമൂഹത്തോടുള്ള പ്രതിബദ്ധത മറന്ന് നിക്ഷിപ്ത താല്പര്യക്കാരുടെ സമ്മർദങ്ങൾക്കു വഴങ്ങു ന്നത് സാമാന്യനീതിയുടെ നിഷേധമാണ്.

മൂന്നു ദിവസത്തെ കെസിബിസി സമ്മേളനത്തിൽ കേരള സഭയിലെ എല്ലാ മെത്രാന്മാരും പങ്കെടുത്തു.



# ചർച്ച് ആക്ട് ബിൽ സംബന്ധിച്ച് കേരള സർക്കാരിന് കെസിബിസി നല്കിയ നിവേദനം

ക്രിസ്ത്യൻ പള്ളികളുടെ സ്വത്തും സമ്പത്തും കൈകാര്യം ചെയ്യാൻ പ്രത്യേകം നിയമം രൂപീകരിക്കണ മെന്ന ഹർജിയിൽ കേരള ഹൈക്കോടതി സർക്കാരിന്റെ നിലപാട് തേടിയതായി 13/11/2019 ലെ പത്രങ്ങളിലൂടെ അറി യാനിടയായി. ജസ്റ്റിസ് എ.കെ ജയശങ്കരൻ നമ്പ്യാർ പരി ഗണിച്ച ഹർജി കോട്ടയം സ്വദേശി സന്തോഷ് തോമസ്സും മറ്റും സമർപ്പിച്ചതാണ്. ഹിന്ദു, മുസ്ലീം, സിക്ക് തുടങ്ങിയ സമുദായങ്ങളുടെ സ്വത്തുക്കൾ പ്രത്യേക നിയമപ്രകാരം നിയന്ത്രിക്കപ്പെടുമ്പോൾ ക്രിസ്ത്യൻ പള്ളികളുടെ സ്വത്തു ക്കൾ കൈകാര്യംചെയ്യാൻ നിയമമില്ലാത്തത് വിവേചനപ രമാണെന്നാണ് ആക്ഷേപം. മാത്രമല്ല, സഭയുടെ സ്വത്തു ക്കൾ കൈകാര്യം ചെയ്യുന്ന ഉന്നതർക്കെതിരേ ആരോപണം ഉയരുന്ന പശ്ചാത്തലത്തിൽ പ്രത്യേക നിയമത്തിന്റെ ആവ ശ്യമുണ്ടെന്നും പറയുന്നു. ചർച്ച് ആക്ട് നടപ്പാക്കാനുള്ള സർക്കാരിന്റെ ശ്രമം എതിർപ്പുമൂലം മാറ്റിവെയ്ക്കേണ്ടിവന്ന സാഹചര്യത്തിലാണ് ഇപ്രകാരം ഒരു ഹർജി സമർപ്പിക്കേണ്ടിവന്നതെന്നും സൂചിപ്പിക്കപ്പെടുന്നു.

ഇക്കാര്യത്തെക്കുറിച്ച് ചർച്ച് ആക്ട് ബിൽ കൊണ്ടുവരാൻ ശ്രമിച്ച സമയത്ത് ഞങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ പെടു ത്തിയിരുന്നതുപോലെതന്നെ ബഹുമാനപ്പെട്ട കേരള സർക്കാരിന്റെ മുമ്പിൽ താഴെ പറയുന്ന കാര്യങ്ങൾ ബോധി പ്പിക്കുവാൻ താല്പര്യപ്പെടുന്നു.

1. ഇപ്രകാരം ഒരു നിയമമുണ്ടാക്കണം എന്നുള്ള ആവശ്യം ന്യായീകരിക്കാവുന്നതല്ല. സഭയുടെ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ ഒരു നിയമവുമില്ല എന്നു പറഞ്ഞിരിക്കുന്നത് തെറ്റാണ്. കത്തോലിക്കാസഭ യുടെ വസ്തുക്കളും സ്ഥാപനങ്ങളും കൈകാര്യം ചെയ്യു ന്നതിൽ ഈ രാജ്യത്ത് നിലവിലുള്ള സിവിൽ നിയമങ്ങളും സഭാനിയമങ്ങളും ബാധകമാണ്. പ്രസ്തുത നിയമങ്ങൾക്ക നുസരിച്ചാണ് അവ കൈകാര്യം ചെയ്യപ്പെടുന്നത്. ഏതെ ങ്കിലും നിയമലംഘനമുണ്ടായാൽ ബന്ധപ്പെട്ട സഭാധികാ രികളെയോ, സിവിൽ കോടതികളെയോ സമീപിച്ച് പരി ഹാരം തേടുന്നതിനുള്ള സംവിധാനം ഇപ്പോൾതന്നെ നില വിലുണ്ട്. അക്കാരണത്താൽ, സഭയുടെ സ്വത്തുക്കളും സ്ഥാപനങ്ങളും സുതാര്യമായും നീതിപൂർവകമായും കൈകാര്യം ചെയ്യുന്നതിനും, ദുരുപയോഗമോ, ദുർഭരണമോ ഉണ്ടായാൽ പരിഹാരമുണ്ടാക്കുന്നതിനും ഒരു പുതിയനി യമം വേണം എന്ന ആവശ്യം തെറ്റിദ്ധാരണയുടെ അടി സ്ഥാനത്തിലാണ്.

2. ഹിന്ദു, മുസ്ലീം, സിക്ക് തുടങ്ങിയ സമുദായങ്ങളുടെ സ്വത്തുക്കൾ പ്രത്യേക നിയമപ്രകാരം നിയന്ത്രിക്കപ്പെടു മ്പോൾ ക്രിസ്ത്യൻ പള്ളികളുടെ സ്വത്തുക്കൾ കൈകാര്യംചെയ്യാൻ നിയമമില്ലാത്തത് വിവേചനാപരമാ ണെന്ന ആക്ഷേപം ശരിയല്ല. വഖഫ് ബോർഡ്, ദേവസ്വം ബോർഡ് തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിക്കപ്പെട്ട ചരി ത്രപരമായ കാരണങ്ങളും സാഹചര്യങ്ങളുമല്ല ക്രൈസ്തവസഭകളുടെ സ്വത്തുക്കളും സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്ന കാര്യത്തിൽ നിലവിലുള്ളത്. ഭരണ ഘടന ഉറപ്പുനല്കിയിട്ടുള്ള മതപരമായ അവകാശങ്ങളും സഭയുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും സുതാ ര്യവും നീതിപൂർവകവുമായ ഭരണം ഉറപ്പാക്കുന്നതിനാവ ശ്യമായ സഭാനിയമങ്ങളും സിവിൽനിയമങ്ങളും ഇപ്പോൾ തന്നെ നിലവിലുണ്ട്. അക്കാരണത്താൽ ക്രൈസ്തവ സഭ കളുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും നടത്തി പ്പിനും നിയന്ത്രണത്തിനും വഖഫ്, ദേവസ്വം ബോർഡുകൾ പോലുള്ള സംവിധാനങ്ങളും തത്തുല്യമായ പുതിയ നിയ മങ്ങളും അപ്രസക്തവുമാകുന്നു. സഭാനിയമങ്ങൾ (Canon Law) രാജ്യത്തെ നിയമവ്യവസ്ഥയ്ക്കു വിരുദ്ധമാണെന്നോ, അസാധുവാണെന്നോ ഒരു കോടതിയും പറഞ്ഞിട്ടില്ല.

3. ഭരണഘടനയിലെ ആർട്ടിക്കിൾ 26-ന്റെ അടിസ്ഥാനത്തിൽ മതവിഭാഗത്തിന്റെ സ്വത്തുക്കളും സ്ഥാപനങ്ങളും ഭരിക്കേണ്ടത് എങ്ങനെയെന്നും ആരെന്നും നിശ്ചയിക്കേണ്ടത് അതിലെ അംഗങ്ങളാണ്. സഭയുടെ ഏതെങ്കിലും ഒരംഗത്തിന് ഇപ്പോഴത്തെ വ്യവസ്ഥിതി തൃപ്തികരമല്ലെങ്കിൽ അയാൾ തന്റെ വീക്ഷണം സഭയുടെ വേദികളിൽ ഉന്നയിച്ച് സഭയെക്കൊണ്ട് അംഗീകരിപ്പിക്കാൻ ശ്രമിക്കണം. പാസ്റ്ററൽ കൗൺസിൽ, പാരിഷ് കൗൺസിൽ, ഫിനാൻസ് കൗൺസിൽ തുടങ്ങിയ സഭയ്ക്കുള്ളിലെ ജനാധിപത്യസംവിധാനങ്ങളെ ഇതിനായി പ്രയോജനപ്പെടുത്തണം.

4. ജനാധിപത്യത്തെ സംബന്ധിച്ച രാഷ്ട്രീയപരമായ സങ്കല്പം കുടുംബങ്ങൾ, മതവിഭാഗങ്ങൾ, സഭകൾ എന്നിവയുടെ മേൽ അടിച്ചേല്പിക്കാൻ പാടുള്ളതല്ല. സഭയുടെ ഇന്നത്തെ സമ്പ്രദായം വളരെയേറെക്കാലമായി പരീക്ഷിച്ച് ഉറപ്പിച്ചിട്ടുള്ളതാണ്. ആകയാൽ സഭയിൽ ജനാധിപത്യവും കാര്യക്ഷമതയും സൃഷ്ടിക്കാനെന്ന ഭാവേന പുതിയ നിയമം നിർമ്മിച്ച് അത് സഭകളുടെമേൽ നടത്തിയെടുക്കാമെന്ന താല്പര്യം ദുരുദ്ദേശ്യപരമാണ്.

5. സഭാസ്വത്തുക്കളുടെ രജിസ്ട്രേഷൻ, ട്രാൻസ്ഫർ, ഇൻഹറിറ്റൻസ് മുതലായവയും ഫീസ്ഒടുക്കൽ, നികുതിഒടുക്കൽ എന്നിവയും അവയെ സംബന്ധിച്ച സിവിൽ നിയമങ്ങളും നടപടിക്രമങ്ങളും അനുസരിച്ചാണ് നടന്നുവരുന്നത്. രാജ്യത്തിന്റെ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും നിർദ്ദേശിക്കുന്ന രജിസ്ട്രേഷനുകളും അനുവാദങ്ങളും ലഭ്യമാക്കിയും കാലാകാലങ്ങളിൽ നടപ്പിൽ വരുന്ന ഓഡിറ്റുനിയമങ്ങൾ കൃത്യമായി പാലിച്ചും ചട്ടപ്രകാരമുള്ള റിട്ടേണുകളും രേഖകളും സമർപ്പിച്ചും നിയമാനുസരണമുള്ള അടവുകളും ഫീസുകളും ഒടുക്കിയും രാജ്യത്തു നിലവിലുള്ള നിയമങ്ങൾ പാലിച്ചുകൊണ്ടുമാണ് സഭാവകസ്വത്തുവകകൾ കൈകാര്യം ചെയ്യുന്നതും സ്ഥാപനങ്ങൾ നടത്തുന്നതും.

6. കത്തോലിക്കാ സഭയോ സഭാംഗങ്ങളായ വിശ്വാസികളുടെ ഏതെങ്കിലും അംഗീകൃത സംഘടനയോ പ്രസ്ഥാനമോ ഇങ്ങനെ ഒരു നിയമം വേണമെന്ന് ആവശ്യപ്പെടുകയോ ഇത്തരത്തിൽ ഒരു നിയമത്തിന്റെ ആവശ്യകത അവർക്ക് അനുഭവപ്പെടുകയോ ചെയ്തിട്ടില്ല.

7. ക്രൈസ്തവസഭയോടും സഭാധികാരികളോടും വിദ്വേഷം വച്ചുപുലർത്തുകയോ സഭയെ പൊതുജനമധ്യേ അപമാനിക്കാൻ താല്പര്യപ്പെടുകയോ നിക്ഷിപ്ത താത്പര്യങ്ങളുണ്ടായിരിക്കുകയോ ചെയ്യുന്ന ചില വ്യക്തികളുടെയോ നാമമാത്ര സംഘടനകളുടെയോ അഭിപ്രായമാണ് ഈ ഹർജിയുടെ പിന്നിലുള്ളത്. ആകയാൽ അത്തരമൊരു പുതിയനിയമം കൊണ്ടുവരാനുള്ള ശ്രമം ആശങ്കാജനകമാണ്.

8. പാർലിമെന്റിനുപോലും ഭേദഗതിചെയ്യാൻ പാടില്ലെന്ന് സുപ്രീം കോടതിയുടെ ഭരണഘടനാബഞ്ച് വ്യക്തമാക്കിയിട്ടുള്ള ഇന്ത്യയുടെ മതേതര സ്വഭാവം നിലനിർത്തുകയെന്നത് അനിവാര്യമായ ഒരു ഘടകമാണ്.

ഇന്ത്യൻ റിപ്പബ്ലിക്കിന്റെ മതേതരസ്വഭാവം നിലനിർത്തുന്ന ഭരണഘടനയിലെ ആർട്ടിക്കിൾ 26-ാം വകുപ്പുപ്രകാരം ഓരോ മതത്തിനും അല്ലെങ്കിൽ അതിന്റെ ഏതു വിഭാഗത്തിനും പൊതുവായ ക്രമസമാധാനം, ധാർമികത, ആരോഗ്യം എന്നിവയ്ക്കു വിധേയമായി താഴെപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കും:

എ) മതപരവും പരസ്നേഹപ്രവർത്തനപരവുമായ ലക്ഷ്യങ്ങളുള്ള സ്ഥാപനങ്ങൾ സ്ഥാപിക്കാനും നടത്തിക്കൊണ്ടുപോകാനും ഉള്ള അവകാശം,

ബി) മതവുമായി ബന്ധപ്പെട്ട കാര്യങ്ങൾ സ്വയം കൈകാര്യം ചെയ്യാനുള്ള അവകാശം,

സി) ജംഗമവസ്തുക്കളും സ്ഥാവരവസ്തുക്കളും സമ്പാദിക്കാനും ഉടമസ്ഥത നിലനിർത്താനുമുള്ള അവകാശം,

ഡി) അത്തരം വസ്തുക്കൾ നിയമാനുസൃതം ഭരിക്കാനും പരിപാലിക്കാനുമുള്ള അവകാശം.

അങ്ങനെ നിയമാനുസൃതം സ്ഥാവര ജംഗമ വസ്തുക്കൾ സമ്പാദിക്കാനും അവ ഭരിക്കാനുമുള്ള അവകാശം മതങ്ങൾക്കും സഭകൾക്കും ആർട്ടിക്കിൾ 26 പ്രകാരം ഭരണഘടന നല്കുന്നു. അതുകൊണ്ട്, തികച്ചും ഭരണഘടനാവിരുദ്ധമായ ഒരു നിയമമുണ്ടാക്കി ക്രൈസ്തവസഭകളുടെ ഭരണഘടനാദത്തമായ മൗലികാവകാശങ്ങളെ നിഷേധിക്കാനും സഭയുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും മേൽ വിശ്വാസികളല്ലാത്തവരുടെ നിയന്ത്രണം ഏർപ്പെടുത്താനുമുള്ള ഒരു ശ്രമം ഈ ഹർജിക്കു പിന്നിലുണ്ടെന്ന് ഞങ്ങൾ ന്യായമായി സംശയിക്കുന്നു.

നിലവിൽ സഭയുടെ സ്വത്തുക്കളുടെ കൈമാറ്റത്തെ നിയന്ത്രിക്കുന്ന നിയമസംവിധാനവും, അത്തരം കൈമാറ്റങ്ങളെയും ദുരുപയോഗത്തെയും കുറിച്ച് പരാതിപ്പെടാൻ വേദികളമുണ്ട്. മാത്രമല്ല, സഭാവസ്തുക്കളുടെ ഭരണത്തെയും കൈമാറ്റത്തെയും സംബന്ധിക്കുന്ന കാനൻ നിയമങ്ങളുണ്ട്. പ്രസ്തുത കാനൻ നിയമങ്ങളനുസരിച്ച് ഭരണം നടത്താൻ സഭയ്ക്ക് മൗലികാവകാശമുണ്ട്. കാനൻ നിയമത്തിലെ അത്തരം വ്യവസ്ഥകളും അവയുടെ പ്രയോഗവും പൊതുക്രമസമാധാനത്തിനും ധാർമികതയ്ക്കും എതിരാണെങ്കിൽ മാത്രമേ സർക്കാർ ഇടപെടേണ്ടതായി വരുകയോ പുതിയ നിയമനിർമ്മാണം നടത്തേണ്ടതിന്റെ ആവശ്യം വരുകയോ ചെയ്യുകയുള്ളു.

9. ഹർജിക്കാർ ഉന്നയിക്കുന്ന ആവശ്യപ്രകാരം പുതിയനിയമങ്ങൾ കൊണ്ടുവന്നാൽ അവ സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും ഇപ്പോഴത്തെ സമാധാനപൂർണവും ക്രമാനുസൃതവുമായ ഭരണം തർക്കങ്ങൾ കൊണ്ടും വ്യവഹാരങ്ങൾ കൊണ്ടും ഇല്ലാതാക്കപ്പെടുമെന്ന് ഞങ്ങൾ ഭയക്കുന്നു.

10. ആയതിനാൽ ഇത്തരം ഒരു നിയമമുണ്ടാക്കുന്നത് ഭരണഘടനയുടെ ആർട്ടിക്കിൾ 26 ഉറപ്പുനല്കുന്ന മൗലികാവകാശങ്ങളെ നിഷേധിക്കുന്നതും, ഭരണഘടനയിൽ സംരക്ഷിക്കപ്പെട്ടിരിക്കുന്ന മതനിരപേക്ഷതയുടെ ചൈതന്യത്തിനു നിരക്കാത്തതും, സഭാസ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും സമാധാനപൂർണമായ നടത്തിപ്പിന് വിഘാതമുണ്ടാക്കുന്നതുമാണെന്ന് ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന്റെ നിലപാട് ചോദിച്ചിരിക്കുന്ന പശ്ചാത്തലത്തിൽ ഇത്തരമൊരു നിയമനിർമ്മാണം തീർത്തും ശരിയല്ലയെന്ന് കോടതിയെ ബോധിപ്പിക്കണമെന്ന് ഞങ്ങൾ അഭ്യർത്ഥിക്കുന്നു.



# വെല്ലുവിളികളും പ്രതിസന്ധികളും നമുക്ക് അവസരമാക്കാം

**ജസ്റ്റിസ് എബ്രഹാം മാത്യു**

ധാരാളം വൈദികരും സന്യസ്തരുമുള്ള ഒരു കുടുംബത്തിലാണ് ഞാൻ ജനിച്ചത്. ചെറുപ്പം മുതൽ വൈദികരുടെ കന്യാസ്ത്രികളുടെയും പരിരക്ഷ ലഭിച്ചാണ് ഞങ്ങൾ എല്ലാവരും വളർന്നു വന്നത്. പഠനകാലത്തും കന്യാസ്ത്രീകളുടെ ഗൈഡൻസും പ്രാർത്ഥനയും തെറ്റുതിരുത്തലുകളും ശിക്ഷണവും എനിക്ക് ലഭിച്ചിട്ടുണ്ട് എന്നുള്ളത് വളരെ നന്ദിയോടുകൂടി ഞാൻ ഓർക്കുന്നു. ഈ വേദിയിൽ അവരോടുള്ള നന്ദി രേഖപ്പെടുത്തുകയും ചെയ്യുന്നു.

**വെല്ലുവിളികൾ ഇന്ന് സഭയ്ക്കുള്ളിൽ നിന്നുതന്നെ**

ഇന്ന് വലിയ വെല്ലുവിളിയാണ് സഭ നേരിട്ടു കൊണ്ടിരിക്കുന്നത്. സഭയെ സംബന്ധിച്ചിടത്തോളം വെല്ലുവിളിയെന്നതു ഒരു പുത്തരിയല്ല. പല ഘട്ടങ്ങളിലായി വെല്ലുവിളികൾ സഭ നേരിട്ടിട്ടുണ്ട്. ഇന്ന് നമ്മൾ നേരിടുന്ന വെല്ലുവിളികളേറെയും ബാഹ്യമായ വെല്ലുവിളികളെക്കാൾ ഉപരി സഭക്കുള്ളിൽ നിന്നു തന്നെയുള്ളതാണ്.

ഇവിടെ ഏതെല്ലാം സേവനമണ്ഡലങ്ങളുണ്ടോ അവിടെയെല്ലാം പ്രവർത്തിക്കുന്നവരാണ് നമ്മുടെ കന്യാസ്ത്രീകളും വൈദികരും. ചികിത്സാരംഗത്തും വിദ്യാഭ്യാസരംഗത്തും തുടങ്ങി നിരവധി പ്രവർത്തനമേഖലകളിൽ നമ്മുടെ സമർപ്പിതരുടെ കൈയൊപ്പു പതിഞ്ഞിട്ടുണ്ട്. അവർ പ്രവർത്തിക്കാത്ത രാജ്യങ്ങളില്ല. ചൈന പോലുള്ള കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ പോലും സന്ന്യസ്തർ പ്രവർത്തിക്കുന്നുവെന്നത് ഏറ്റവും അഭിമാനകരമാണ്.

ബംഗാൾ ഭരിച്ചിരുന്ന ജ്യോതിബസുവിന്റെ ഏറ്റവും അടുത്ത സുഹൃത്തായിരുന്നു മദർ തെരേസയ്ക്ക് ഒരു അപ്പോയിമെന്റ് കൂടാതെ ജ്യോതിബസുവിനെ കാണാനും അദ്ദേഹത്തെ ജ്യോതി എന്നുവിളിക്കാൻ അനുമതിയും ഉണ്ടായിരുന്ന ചുരുക്കം ചിലരിലൊരാളായിരുന്നു. മദറിന്റെ ചാരിറ്റി പ്രവർത്തനങ്ങളെ എതിർത്ത ചില ആളുകൾ ചുറ്റുപാടുമുണ്ടായിരുന്നു. അവർ പോലീസിൽ പരാതിപ്പെട്ട പ്രകാരം പോലീസ് നേരിട്ട് വന്ന് അന്വേഷിക്കുകയും കാര്യങ്ങൾ ബോധ്യപ്പെടുകയും ചെയ്തു. പോലീസ് ഉദ്യോഗസ്ഥൻ ഒരു കത്തോലിക്കനോ ഒരു ക്രിസ്ത്യാനിയോ ആയിരുന്നില്ല. പരാതിപ്പെട്ടവരോട് അദ്ദേഹം പറഞ്ഞു: ഞാൻ മദറിനോട് ഇവിടെനിന്ന് പോകാൻ പറയുകയാണ്. പക്ഷെ ഒരു കാര്യമുണ്ട്. അവർ ചെയ്യുന്ന പ്രവൃത്തികൾ ഇവിടെയിരിക്കുന്ന നിങ്ങൾ ആരെങ്കിലും ചെയ്യാൻ തയ്യാറാവണം. അവിടെ ഉണ്ടായിരുന്ന ഒരാളും അത് ചെയ്യാൻ തയ്യാറാണെന്നു പറഞ്ഞില്ല. ഒരു മനുഷ്യന്റെ വ്രണങ്ങളിൽ നിന്ന് പൊങ്ങിവരുന്ന പുഴുക്കളെ പെറുക്കിയെടുക്കുന്ന മദറിനെയാണ് ആ പോലീസ് ഉദ്യോഗസ്ഥൻ അന്നു കണ്ടത്. അങ്ങനെ മദർ തെരേസ തന്റെ ദൗത്യം തുടർന്നുകൊണ്ടേയിരുന്നു. എവിടെയെല്ലാം നമ്മുടെ സിസ്റ്റേഴ്സ് പ്രവർത്തിക്കുന്നുണ്ടോ അവിടെയെല്ലാം സ്നേഹം പകർന്നുകൊണ്ടാണ് അവർ പോകുന്നത്. അവിടെ ക്രിസ്ത്യാനിയെന്നോ കത്തോലിക്കനെന്നോ മുസ്ലീമെന്നോ ഹിന്ദുവെന്നോ നോക്കുന്നില്ല. നിസ്വാർത്ഥമായി സേവനം ചെയ്യുന്നതിനു വേണ്ടി എല്ലാം ഉപേക്ഷിച്ച് ഇറങ്ങിയ നമ്മുടെ കന്യാസ്ത്രീകളുടെ സേവനവും സ്നേഹവും അനുഭവിക്കാത്തവരും അവരെ കണ്ടുമുട്ടാത്തവരും ഈ ലോകത്തിൽ വളരെ ചുരുക്കമായിരിക്കും. എവിടെയെല്ലാം കന്യാസ്ത്രീകളുടെയും വൈദികരുടെയും സേവന സാന്നിദ്ധ്യം ഉണ്ടോ അവിടെയെല്ലാം ജാതിമതഭേദമെന്യേ എല്ലാവരും അവരുടെ സ്നേഹവും സേവനവും അനുഭവിച്ചിട്ടുണ്ട്.

**സന്ന്യാസിനീ സന്ന്യാസികൾ സഭയുടെ നട്ടെല്ല്**

കത്തോലിക്കാസഭയെ സംബന്ധിച്ചിടത്തോളം കത്തോലിക്കാസഭയുടെ നട്ടെല്ലും ധാർമ്മിക ശക്തിയെന്നു പറയുന്നത് പ്രധാനമായും വൈദികരും കന്യാസ്ത്രീകളുമാണ്. ഈ ലോകത്തെവിടെയെല്ലാം ധാർമ്മികച്യുതി സംഭവിച്ചിട്ടുണ്ടോ അവിടെയെല്ലാം ധാർമ്മികതയ്ക്കു വേണ്ടി പ്രവർത്തിച്ചിട്ടുള്ളത് നമ്മുടെ കന്യാസ്ത്രീകളും വൈദികരുമാണ്. മുഖം നോക്കാതെ രാജാവിനെ നോക്കി നാഥാൻ പറഞ്ഞപോലെ “ആ മനുഷ്യൻ നീ തന്നെ” എന്നു പറയുന്നതിനു തന്റേടമുള്ള കന്യാസ്ത്രീകളും വൈദികരുമുള്ള നാടാണ് നമ്മുടേത്. എങ്കിലും എത്ര വലിയ വെല്ലുവിളികളാണ് നാം നിരന്തരം നേരിടുന്നത്? സന്ന്യസ്തരുടെ സേവനം എന്നുപറയുന്നത് ലോകം മുഴുവൻ അംഗീകരിച്ചിട്ടുണ്ട്. സമാധാനത്തിന്റെ നോബൽ സമ്മാനം കൊടുത്ത് മദർതെരേസയെ അംഗീകരിച്ചു, ആദരിച്ചു. ഈ ലോകത്ത് സേവനം ചെയ്യുന്ന എല്ലാ സന്ന്യസ്തരേയും പ്രതിനിധീകരിച്ചുകൊണ്ടാണ് മദർതെരേസ ആ നോബൽ സമ്മാനം വാങ്ങിയത്. സഭയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ എത്ര ഫാ. ഡാമിയൻമാരെയും മദർതെരേസമാരെയും നമുക്ക് കണ്ടുമുട്ടാൻ സാധിക്കും. കത്തോലിക്കാ സഭയെ സംബന്ധിച്ചിടത്തോളം സേവനം എന്നു പറയുന്നത് ഒരു പുതുമയല്ല. കാരണം ഗോതമ്പുമണി അഴിയുന്നതുപോലെ തന്റെ ജീവിതം മുഴുവനും ക്രിസ്തുവിനുവേണ്ടി സമൂഹത്തിനുവേണ്ടി സമർപ്പിച്ചിട്ട് മറ്റുള്ളവർക്കുവേണ്ടി പ്രവർത്തിക്കുന്നവർ സന്ന്യസ്തരാണ്. ക്രിസ്തുവിനുവേണ്ടി ജീവിതം മുഴുവൻ ചെലവഴിക്കുന്ന നിങ്ങളാണ് തിരുസഭയുടെ ശക്തി. സത്യത്തിൽ അവരാണ് നമ്മുടെ ധാർമ്മിക ശക്തി.

**സ്വീകാര്യത എപ്പോഴും വൈദികർക്കും കന്യാസ്ത്രീകൾക്കും**

ഇടുക്കിപോലുള്ള കുടിയേറ്റപ്രദേശങ്ങളിൽ വളരെ വർഷങ്ങൾക്കു മുമ്പ് എന്തെങ്കിലും ദുരിതമുണ്ടാവുകയാണെങ്കിൽ ജനങ്ങൾ ഓടിക്കയറിയിരുന്നത് പള്ളിയിലാണ്. വൈദികൻ കൂട്ടമണിയടിച്ച് ജാതിമതഭേദമെന്യേ ഏവരെയും രക്ഷിച്ചിരുന്നു. വൈദികരിലും സന്യസ്തരിലും ജനങ്ങൾക്ക് വിശ്വാസമുണ്ടായിരുന്നു. സമൂഹത്തിലും കുടുംബത്തിലും ഏതെങ്കിലും വിഷയത്തിൽ തർക്കമുണ്ടായാൽ അത് പരിഹരിച്ചിരുന്നവർ വൈദികരും സന്യസ്തരുമായിരുന്നു. കാരണം അവർ ഏവർക്കും സ്വീകാര്യരായ വ്യക്തികളായിരുന്നു.

സ്വാർത്ഥതയില്ലാത്ത അവരുടെ ന്യായവിധികൾ സ്വാതന്ത്രവും സത്യസന്ധവുമായിരുന്നു. എസെക്കിയേൽ 33ാം അധ്യായത്തിൽ പറയുന്നു "പ്രവാചകൻ കാവൽക്കാരനാണ്" അവരെ ദൈവം നിർത്തിയിരിക്കുന്നത് കാവൽ നില്ക്കാനാണ്. ജനങ്ങൾ വഴിതെറ്റുമ്പോൾ കാഹളം ഊതി 'ഇതാ നിങ്ങൾക്ക് തെറ്റു സംഭവിച്ചിരിക്കുന്നു' എന്നു ഓർമ്മപ്പെടുത്താനാണ്. ദൈവം കാഹളം ഊതാനായി ഭരമേല്പിച്ചിരിക്കുന്നവരാണ് നിങ്ങൾ വൈദികരും സന്ന്യസ്തരും. നിങ്ങളുടെ ഉത്തരവാദിത്വം ശരിയായി ചെയ്യാതെ ആരെങ്കിലും വഴിതെറ്റിയാൽ കാവൽ നില്ക്കുന്ന വൈദികർക്കും സന്യസ്തർക്കുമാണ് അതിന്റെ പൂർണമായ ഉത്തരവാദിത്വം. അങ്ങനെ അന്ധകാരത്തിൽ പ്രകാശമായും നിരാശയിൽ പ്രത്യാശയായും നിങ്ങൾ പ്രവർത്തിക്കണം. അതാണ് നിങ്ങളുടെ വെല്ലുവിളി.

**ഉദരപൂരണമാണോ മാധ്യമങ്ങളുടെ ലക്ഷ്യം?**

പ്രൈമറി സ്കൂളിൽ പഠിക്കുമ്പോഴാണ് ആദ്യ വെല്ലുവിളി സഭ നേരിടുന്നത് ഞാൻ കണ്ടത് . ഫാ. ബെനഡിക്ടിന്റെ കേസ്. അന്നും ചില മാധ്യമങ്ങൾ വൈദികർക്കും കന്യാസ്ത്രീകൾക്കും സഭയ്ക്കും എതിരായി തിരിഞ്ഞു. അന്വേഷണം തുടങ്ങുന്നതിനുമുമ്പു തന്നെ ഫാ. ബെനഡിക്ടിനെ തൂക്കിക്കൊല്ലണമെന്ന് ഒരു പത്രപ്രവർത്തകൻ എഴുതി. പക്ഷെ ഇന്നത്തെപോലെ മലീമസമായിരുന്നില്ല അന്നത്തെ മാധ്യമപ്രവർത്തനം. ചില പ്രവർത്തനങ്ങൾ ഉണ്ടായിരുന്നെങ്കിലും പൊതുവായിട്ടുള്ള ആക്ഷേപങ്ങൾ കുറവായിരുന്നു. എവിടെയെല്ലാം കത്തോലിക്കാ സഭ നന്മ പ്രവർത്തിക്കുന്നുണ്ടോ അവിടെയെല്ലാം നമ്മുടെ കന്യാസ്ത്രീകളെയും വൈദികരേയും ഇടിച്ചു താഴ്ത്താനുള്ള ഒരു പ്രവണതയുണ്ട്. ചില മാധ്യമങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ പ്രവർത്തനം ഉദരപൂരണമാണ്. ആരെ അപഹാസ്യപ്പെടുത്തിയും തങ്ങളുടെ റേറ്റിംഗ് കൂട്ടണം എന്ന നിലപാടാണ് മാധ്യമങ്ങൾക്ക് ഉള്ളത്. അതിലുപരി സഭാമാതാവിന്റെ സംരക്ഷണം ഉപേക്ഷിച്ച് പുറത്തേക്കു പോകുന്ന ചെന്നായ്ക്കളെ പിൻവാതിലിലൂടെ അകത്തേക്കു വിളിച്ചു കയറ്റുന്ന വ്യക്തികൾ നമ്മൾക്കിടയിലുണ്ട് അതാണ് നാം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി. നമ്മൾ എങ്ങനെ പ്രതികരിക്കണം. സുവിശേഷത്തിൽ പറയുന്നുണ്ട് നിങ്ങൾ മാടപ്രാവുകളെപ്പോലെ നിർദോഷികളായിരുന്നാൽ മാത്രംപോരാ, നിങ്ങൾ സർപ്പത്തെപോലെ വിവേകമുള്ളവരും ആയിരിക്കണം. വിവേകത്തോടുകൂടി പ്രതികരിക്കുന്നതിൽ യാതൊരു തെറ്റുമില്ല. പ്രതികരിക്കുക തന്നെ വേണം.

**കറുത്ത വറ്റുകൾ നമുക്ക് പെറുക്കിക്കളയാം**

ഒരിക്കൽ ഞാൻ ഓർക്കുന്നു നമ്മുടെ പ്രധാനമന്ത്രി എറണാകുളത്തു വന്ന ദിവസം. പ്രധാനമന്ത്രി പ്രസംഗിക്കാൻ എഴുന്നേറ്റപ്പോൾ എങ്ങും നിശബ്ദതയായിരുന്നു. പെട്ടെന്ന് ഒരു പട്ടി കുരച്ചു. ആരും എതിർത്തില്ല. ചിലർ അങ്ങനെയാണ്. എല്ലാവരും നിശബ്ദരായിരിക്കുമ്പോൾ എല്ലാവരും ആദരിക്കുന്നവരെ നോക്കി ചിലപ്പോൾ കുരക്കും. അവർ കുരയ്ക്കട്ടെ. ചില കാര്യങ്ങൾ നമ്മൾ അവഗണിക്കുക തന്നെ ചെയ്യണം. അതുപോലെ നമ്മുടെ കൂട്ടത്തിലുള്ളവർ നമ്മൾക്ക് എതിരെയാകുമ്പോൾ നിങ്ങൾ ഞങ്ങളുടെ ഒപ്പം വേണ്ട, നിങ്ങൾ ഞങ്ങൾക്ക് ഭാരമാണ് എന്നു ചങ്കൂറ്റത്തോടെ പറയണം. അങ്ങനെ പുകഞ്ഞകൊള്ളി പുറത്തുപോകട്ടെ. ചോറുവയ്ക്കുമ്പോൾ നല്ല ചോറ് ലഭിക്കുന്നതിനായി അതിൽ നിന്ന് കറുത്ത അരി നമ്മൾ എടുത്തുകളയാറില്ലേ, അതിൽ നാം സങ്കടപ്പെടേണ്ട, സഹതപിക്കേണ്ട പുറത്തു കളയുകതന്നെ വേണം. അതിനെതിരെ എത്രമാത്രം നെഗറ്റീവ് ക്രിട്ടിസിസം വന്നാലും നാം സ്വാഗതം ചെയ്യണം. ഇതുപോലെയുള്ള സന്ന്യസ്ത സംഗമം വഴി നമ്മുടെ ആത്മവിശ്വാസം വർദ്ധിപ്പിച്ച് നമ്മുടെ പ്രവർത്തനങ്ങൾ എന്തെന്ന് ലോകത്തിനു കാണിച്ചുകൊടുക്കണം.

**ചർച്ചകൾ നല്ലത്, അതും ഒരവസരമല്ലേ?**

ഒരിക്കൽ ഒരു ജഡ്ജി റിട്ടയർ ചെയ്തതിനുശേഷം അയാൾ കഠിനമായ ശിക്ഷക്ക് വിധിച്ച ഒരു കുറ്റവാളിയെ കാണാനിടയായി അയാൾ ജഡ്ജിയോട് പറഞ്ഞു "സാർ എന്നോടു വളരെയധികം കടപ്പെട്ടിരിക്കുന്നു, കാരണം ഞാൻ കാരണമാണല്ലോ സാറിനു നല്ല ഒരു കേസുണ്ടായതും വിധി നടപ്പാക്കാൻ പറ്റിയതും." ഇതുപോലെയുള്ള വ്യക്തികൾ നമ്മൾക്കിടയിലുള്ളതുകൊണ്ടാണ് മാധ്യമങ്ങളിലൂടെ പൊതുവേദിയിൽ നമ്മുടെ പ്രവർത്തനങ്ങൾ ചർച്ചചെയ്യാനുള്ള അവസരം നമ്മുക്ക് ലഭിക്കുന്നത്. നമ്മുടേതായ നന്മകൾ പുറത്തുകാണിക്കാൻ വലിയൊരവസരം തന്ന ഇവരോടാണ് സത്യത്തിൽ നാം കടപ്പെട്ടിരിക്കുന്നത്. നമ്മുടെ കന്യാസ്ത്രികളെയും വൈദികരെയും കുറിച്ചു ലോകം മുഴുവൻ ചർച്ച നടക്കട്ടെ.

**നിങ്ങൾ കാഹളം മുഴക്കുക; ഞങ്ങൾ കൂടെയുണ്ട്**

ഞങ്ങൾ അല്മായരെ സംബന്ധിച്ചിടത്തോളം നിങ്ങളുടെ തീക്ഷ്ണമായിട്ടുള്ള വിശ്വാസം, സത്പ്രവൃത്തികൾ ഞങ്ങൾക്ക് വീര്യം പകർന്നു നല്കുന്നവയാണ്. ഇവിടെ ഇരിക്കുന്ന എല്ലാ കന്യാസ്ത്രീകൾക്കും അല്മായരുടെ പ്രതിനിധി എന്ന നിലയിൽ സത്യത്തിൽ ഞാൻ നന്ദി രേഖപ്പെടുത്തുകയാണ്. ഞങ്ങൾ അല്മായർ തെറ്റു ചെയ്യുമ്പോൾ നിങ്ങൾ കാഹളം മുഴക്കണം. സമൂഹം തെറ്റു ചെയ്യുമ്പോൾ സമൂഹത്തോടു പറയണം നിങ്ങൾക്ക് തെറ്റിപ്പോയി. പ്രതിഫലം എന്ത് കിട്ടും എന്ന് ആശങ്കപ്പെടേണ്ട. സഭ സത്യത്തിൽ ആശ്വാസം കണ്ടെത്തുന്നതും വിശ്വാസം വച്ചിരിക്കുന്നതും നിങ്ങളിലാണ്. നിങ്ങളെ ഞങ്ങൾ പ്രതീക്ഷയോടുകൂടി നോക്കിക്കാണുകയാണ്. ഞങ്ങൾക്കു വേണ്ടി പ്രവർത്തിക്കുക. അല്മായർ തെറ്റുചെയ്യുമ്പോൾ തെറ്റു തിരുത്തിത്തരുക. അല്മായരെ സംബന്ധിച്ചിട ത്തോളം ധാർമ്മികമായിട്ടുള്ള പിന്തുണ ഞങ്ങളുടെ പ്രാർത്ഥനകളാണ്. അവ നിങ്ങൾക്ക് ധൈര്യം വീര്യവും ഉത്തേജനവും നല്കുന്നു. കത്തോലിക്കാ സഭയുടെ നട്ടെല്ലായ വൈദികരും കന്യാസ്ത്രീകളും ധൈര്യമായി മുന്നേറുക. അല്മായരും അന്ധത ബാധിക്കാത്ത പൊതുസമൂഹവും കൂടെയുണ്ട്.

**(കെസിബിസിയുടെയും കേരള കത്തോലിക്കാ സമർപ്പിത സമൂഹങ്ങളുടെ എറണാകുളം മേഖലയുടെയും ആഭിമുഖ്യത്തിൽ എറണാകുളം ടൗൺഹാളിൽ 2019 ഒക്ടോബർ 11ന് നടന്ന സന്ന്യാസ-സമർപ്പിത സംഗമത്തിൽ നടത്തിയ പ്രസംഗത്തിന്റെ സംക്ഷിപ്തം)**

# അരികുവത്കരിക്കപ്പെട്ടവർക്ക് നീതിനല്കിയ മിഷണറിമാർ



**ഷാജി ജോർജ്**

സ്വാതന്ത്ര്യത്തിന്റെയും സ്വാഭിമാനത്തിന്റെയും പ്രഖ്യാപനമാണ് ഇന്നത്തെ സന്ന്യസ്തസമർപ്പിത സമ്മേളനം. ക്രിസ്തു പരിഭവം പറഞ്ഞിട്ടുണ്ടോ? വിശുദ്ധ ബൈബിളിൽ ഫിലിപ്പോസിനോട് ക്രിസ്തു 'നീ എന്റെ കൂടെ നടന്നിട്ട് എന്നെ മനസ്സിലാക്കിയില്ലല്ലോ'. എന്ന് പരിഭവം പറയുന്നുണ്ട്. ഈ രാജ്യത്ത് ഇത്രമാത്രം സേവനം ചെയ്തിട്ടും ഞങ്ങളെ മനഃസ്സിലാക്കിയില്ലല്ലോ എന്ന പരിഭവം ഇവിടെയുള്ള സിസ്റ്റേഴ്സിനും വൈദികർക്കും സമർപ്പിതർക്കും ഉണ്ട്. കാരണം നമ്മുടെ പ്രവർത്തനങ്ങൾ പൊതുസമൂഹത്തിന് നന്മ പകരുന്നത് പലരെയും വിഷമിപ്പിക്കുന്നുണ്ട്. പൊതുനന്മയ്ക്ക് വ്യക്തത നൽകുന്നതാണ് ചിലർക്ക് അനിഷ്ടം ഉണ്ടാക്കുന്നത്. അതാണ് നമുക്ക് നേരെയുള്ള അക്രമങ്ങളായി തിരിച്ചുവരുന്നത്.

**വഞ്ചിസ് സ്ക്വയറും ചരിത്രവും**

വഞ്ചിസ് സ്ക്വയർ എന്നു കേൾക്കുമ്പോൾ നമ്മളിൽ പലർക്കും ആകാംക്ഷയുണ്ട്. ഈ വഞ്ചി എങ്ങനെ സ്ക്വയർ ആയി? പണ്ഡിറ്റ് കറുപ്പൻ ഇത് കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട് അദ്ദേഹത്തിന്റെ സമ്പൂർണ്ണകൃതികളിൽ. സമൂഹത്തിന്റെ അരികുകളിലേക്ക് മാറ്റി നിർത്തപ്പെട്ട പുലയസമുദായത്തിലെ അംഗങ്ങൾക്ക് പൊതുസമൂഹത്തിൽ ഒന്നിച്ചുകൂടാൻ സാധ്യമാകാത്ത ഒരു കാലമുണ്ടായിരുന്നു. അയിത്തത്തിന്റെയും ജാതിവിദ്വേഷത്തിന്റെയും കാലം. അക്കാലത്ത് പുലയരെ സംഘടിപ്പിക്കാൻ കൊച്ചിക്കായലിൽ വള്ളങ്ങൾ ഒന്നിച്ചുകെട്ടിയിട്ട് സമ്മേളനം നടത്തി. ആ സമ്മേളനത്തെ ഓർമ്മിപ്പിക്കുന്ന അതായത് കായൽ സമ്മേളനത്തിന്റെ അടയാളമാണ് ഇന്നത്തെ ഹൈക്കോർട്ട് ജംഗ്ഷനിലുള്ള വഞ്ചിസ് സ്ക്വയർ.

സെന്റ് ആൽബർട്ട്സ് സ്കൂളിന്റെ മേൽനോട്ടം അന്ന് കർമ്മലീത്താ വൈദികർക്കായിരുന്നു. കർമ്മലീത്ത മിഷണറിയായിരുന്ന ഫാ. ഡൊമനിക് ആയിരുന്നു മാനേജർ. പൊതുസമൂഹത്തിൽ സമ്മേളനം നടത്താൻ അവകാശമില്ലാത്ത കീഴാളസമുദായ അംഗങ്ങളോട് അദ്ദേഹം പറഞ്ഞു 'പ്രിയമുള്ള സഹോദരീ സഹോദരന്മാരേ, നിങ്ങൾ ആൽബർട്ട്സ് ഹൈസ്കൂളിലേക്ക് വരിക' പണ്ഡിറ്റ് കറുപ്പനോടൊപ്പം അവർ ആൽബർട്ട്സ് സ്കൂളിലേക്കെത്തി. അവിടെവെച്ച് കൊച്ചി പുലയ മഹാജനസഭയ്ക്ക് 1906 രൂപം നൽകി. നമ്മുടെ വിദ്യാലയങ്ങളിൽ അങ്ങനെ കീഴാള സമൂഹത്തെ വിളിച്ചു കയറ്റി പൊതുസമൂഹത്തിൽ അവർക്ക് ഇടം നല്കിയത് കർമ്മലീത്താസന്ന്യസ്തരാണ്. അക്ഷരത്തോടൊപ്പം അറിവിന്റെ അഗ്നി പള്ളിക്കൂടങ്ങൾ പകർന്നു നല്കി. ഇങ്ങനെ ശക്തിനേടിയ കീഴാളസമൂഹത്തിന്റെ വളർച്ചയും നേട്ടങ്ങളും ഓർത്തിരിക്കേണ്ടതാണ്. ഇന്ത്യൻ ഭരണഘടനയുടെ നിർമ്മാണത്തിൽവരെ കൊച്ചി പുലയമഹാസഭയിലൂടെ ശക്തിപ്രാപിച്ചവർ എത്തിയെന്നുള്ളത് ഒരിക്കലും വിസ്മരിക്കരുത്. കീഴാളസമൂഹങ്ങൾക്ക് നീതി നല്കുന്നതിൽ പ്രധാന പങ്ക് സന്ന്യസ്തർ വഹിച്ചിട്ടുണ്ട്. ദാക്ഷായണി വേലായുധൻ എന്ന ധീരയായ പെൺകുട്ടി പഠിച്ചത് മദർ ഏലീശ്വായുടെ സന്ന്യാസ സമൂഹം നടത്തുന്ന ചാത്യാത്ത് എൽ.എം.സി സ്കൂളിലാണ്. ധീരയായ പെൺകുട്ടി എന്നു പറയാൻ കാരണം രണ്ടാണ്. പുലയസമുദായത്തിൽ ആദ്യമായി ബ്ലൗസു ധരിച്ചതും ആദ്യമായി ബിരുദം നേടിയതും ദാക്ഷായണിയാണ്. 389 അംഗങ്ങളുണ്ടായിരുന്ന ഇന്ത്യൻ ഭരണഘടനാ സമിതിയിൽ 15 വനിതകളാണുണ്ടായിരുന്നത്. അതിൽ കൊച്ചിയിൽനിന്നുള്ള ദാക്ഷായണി വേലായുധൻ എന്ന പെൺകുട്ടിയും അംഗമായിരുന്നുവെന്നതും നമുക്ക് അഭിമാനമാണ്. ദാക്ഷായണി അവിടെ ചെല്ലുമ്പോൾ കണ്ടുമുട്ടുന്നത് മറ്റൊരു സന്ന്യാസിയെയാണ്. മദ്രാസ് ലെയോളാ കോളേജ് പ്രിൻസിപ്പളും ഈശോ സഭാംഗവുമായ ഫാ. ജെറോം ഡിസൂസയും ഇന്ത്യൻ ഭരണഘടനാനിർമ്മാണ സമിതിയിൽ അംഗമായിരുന്നു. അങ്ങനെ ഇന്ത്യൻ ഭരണഘടന നിർമിക്കാൻ ഇന്ത്യയിലെ ക്രൈസ്തവരും സന്ന്യാസികളും നല്കിയ സംഭാവന വിസ്മരിക്കാനാവില്ല. ന്യൂനപക്ഷ അവകാശങ്ങളെകുറിച്ച് പറയുമ്പോൾ നമ്മൾ ഓർക്കേണ്ടത് ഫാ. ജെറോം ഡിസൂസയെയും ബംഗാളിൽ നിന്നുള്ള എച്ച്.സി. മുഖർജിയെയുമാണ്. ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു യുഎന്നിൽ പ്രസംഗിക്കാൻ അയച്ചത് ഫാ. ജെറോം ഡിസൂസയെയാണ്. നമ്മുടെ ഭരണഘടനാവകാശങ്ങൾ സംരക്ഷിക്കുന്നതിൽ ഇന്നും പ്രധാന പങ്ക് സന്ന്യസ്തർ വഹിക്കുന്നുണ്ട്. കഴിഞ്ഞ പന്ത്രണ്ടു വർഷമായി സുപ്രീംകോടതിയിൽ സേവനം ചെയ്യുന്ന സി. സുമയുണ്ട്. അവർ അഗതികളുടെ സന്ന്യാസ സമൂഹത്തിലെ (എസ്.ഡി. സിസ്റ്റേഴ്സ്) ചുണങ്ങംവേലി കോൺവെന്റിലെ അംഗമാണ്. സുപ്രീംകോടതിയിൽ അഭിഭാഷകയായി ജോലി ചെയ്യുന്ന സി. സുമ തടവിലാക്കപ്പെട്ട മനുഷ്യർക്കുവേണ്ടി പൊരുതുകയാണ്. ആരും തുണയില്ലാത്ത, പാവപ്പെട്ട മനുഷ്യർക്ക് നീതി ലഭിക്കുന്നതിനായി പോരാടുന്നവരോട്, അവരെ അടിമകളായി കൊണ്ടു നടക്കുന്നവർക്ക് വെറുപ്പുണ്ട്. കലപ്പയുടെ ഒരുഭാഗത്ത് മൃഗത്തെയും മറുഭാഗത്ത് മനുഷ്യനെയും ഉപയോഗിക്കുന്നവർക്കെതിരെ സന്ന്യസ്തർ പ്രതികരിച്ചിട്ടുണ്ട്. അത് അറിവിന്റെ അഗ്നി പകർന്നതിലൂടെയാണ്. അതിന്റെ പേരിലും ക്രൈസ്തവസമൂഹത്തോട് ചിലർ വെറുപ്പു സൂക്ഷിക്കുന്നുണ്ട്.

**ചരിത്രം മാറ്റിമറിച്ച സന്ന്യസ്തർ**

ചെന്നൈയിൽനിന്നു വന്ന് ആലപ്പുഴയിൽ സെന്റ് ജോസഫ് വിദ്യാലയം ആരംഭിച്ച പെൺകുട്ടിയാണ് മേരി ഗ്രേസ്. അവിടെവച്ച് അവൾക്ക് ദൈവവിളി ഉണ്ടാകുകയും ഒരു സന്ന്യാസ സമൂഹത്തിൽ ചേരുകയും ചെയ്തു. മദർ തെരേസാ ഓഫ് ലിമ എന്ന സന്ന്യസ്തയുടെ ചരിത്രം അതാണ്. സെന്റ് തെരേസാസ് എന്ന സന്ന്യാസസമൂഹത്തിന്റെ സ്ഥാപകയാണ് അവൾ. എറണാകുളത്തു വന്ന് സെന്റ് തെരേസാസ് എന്ന കോളേജ് തുടങ്ങി. അതിലൂടെ ഈ രാജ്യത്തെ പെൺകുട്ടികൾക്ക് ശക്തി പകർന്ന പ്രവർത്തനമാണ് ആ സന്ന്യാസിനി നടത്തിയതെന്ന് നിങ്ങൾ മനസ്സിലാക്കണം. അതു മാത്രമല്ല, എറണാകുളത്ത് ബേക്കറി,

തേയിലക്കട, ഡിപ്പാർട്ട്മെന്റ് സ്റ്റോർ, മെഡിക്കൽ ഷോപ്പ് എന്നിവയ്ക്ക് തുടക്കം കുറിച്ചും ചരിത്രം മാറ്റിമറിച്ചു ഈ സമർപ്പിത.

കുമ്പസാരപ്പള്ളി എന്നു വിളിക്കപ്പെടുന്ന കണ്ണം കുന്നത്തു പള്ളിയിൽ വിൻസെന്റ് മൂപ്പച്ചൻ എന്നു വിളിച്ചിരുന്ന ഒരു വൈദികനുണ്ടായിരുന്നു. മലയാളത്തിൽ വ്യാകരണഗ്രന്ഥം അദ്ദേഹം തയ്യാറാക്കി. വരാപ്പുഴയിൽ നിന്നു കണ്ണംകുന്നത്ത് വന്നു താമസിച്ച് വ്യാകരണ ഗ്രന്ഥമെഴുതിയ ആ വൈദികനെ മലയാളികൾ മറക്കരുത്.

ഹൃദയത്തിൽ ദൈവത്തിന്റെ കൈയൊപ്പുള്ള എന്ന പരാമർശം പെരുമ്പടവം ശ്രീധരന്റേതാണ്. ആ എഴുത്തുകാരന് അക്ഷരത്തിന്റെ അഗ്നി പകർന്നത് സിസ്റ്റർ മേരി ബെനീഞ്ഞയാണ്. വിമോചന ദൈവശാസ്ത്രജ്ഞനായ കാപ്പനച്ചനും സിസ്റ്റർ റോസക്കുട്ടി കാപ്പനും സന്ന്യസ്തരിലെ സഹോദരനും സഹോദരിയുമാണ്. എല്ലാവർക്കും നീതി കിട്ടണമെന്ന് ആഗ്രഹിച്ച വ്യക്തിയായിരുന്നു ഫാ. കാപ്പൻ. വിമോചന ദൈവശാസ്ത്രത്തെ കേരളത്തിലെത്തിച്ചതിൽ അദ്ദേഹത്തിന്റെ പങ്ക് നിഷേധിക്കാനാകില്ല.

**അതുല്യം സന്ന്യസ്തരുടെ സംഭാവനകൾ**

ഞാൻ പഠിച്ചത് ചുണങ്ങംവേലി സെൻറ് ജോസഫ്സ് സ്കൂളിലാണ് അവിടത്തെ ഹെഡ്മിസ്ട്രസ് ആയിരുന്നു സി. ഫ്ളോറൻസ്. നീണ്ട ചൂരൽ വടിയുമായി കുട്ടികളെ ജീവിതമൂല്യം പഠിപ്പിച്ചത് സിസ്റ്ററായിരുന്നു. ഇങ്ങനെയുള്ള സിസ്റ്റേഴ്സ്യൊക്കെയാണ് ഈ രാജ്യത്തിന് കുട്ടികളുടെ ഹൃദയത്തിനുള്ളിൽ കിന്നാരം പറയുന്നവരെ സമ്മാനിച്ചത്. നിത്യചൈതന്യയതിയുടെ പുസ്തകം ഉള്ളിൽ കിന്നാരം പറയുന്നവർ മറക്കരുത്. കൊച്ചി കോർപറേഷന്റെ കോളനികളിൽ സേവനം അനുഷ്ഠിക്കുന്ന, അവരെ പഠിപ്പിക്കുന്ന, അവർക്കുവേണ്ടി യുദ്ധം ചെയ്യുന്ന നിരവധി സിസ്റ്റേഴ്സുണ്ട്. കേരളത്തിൽ ആദ്യമായി ആശുപത്രി സ്ഥാപിച്ചത് മഞ്ഞുമ്മൽ കർമ്മലീത്ത വൈദികരാണ്. ഗവൺമെന്റ് ആശുപത്രികളിൽ, ആർക്കും വേണ്ടാത്ത മനുഷ്യരെ ശുശ്രൂഷിക്കുന്ന നമ്മുടെ സന്ന്യസ്തരെ ആരും അറിയുന്നില്ല.

ചെറുപ്പത്തിൽ എന്റെ മനസ്സിൽ ഒരു ചോദ്യമുണ്ടായിരുന്നു. വിദേശത്തുനിന്നു മാത്രമേ വിശുദ്ധന്മാർ ഉണ്ടാകുകയുള്ളോ? ഇപ്പോൾ ആ സംശയം മാറി. നമ്മുടെ, കേരളസന്ന്യസ്തർ ആ ചിന്ത മാറ്റി മറിച്ചു. ഇന്ത്യക്കുതന്നെ അഭിമാനിക്കാവുന്ന നിരവധി സമർപ്പിതരെ കേരള സന്ന്യസ്തസമൂഹം സഭയ്ക്കു നല്കി. അൽഫോൻസാമ്മ, ചാവറയച്ചൻ, ഏവുപ്രാസ്യാമ്മ, മറിയം ത്രേസ്യാ തുടങ്ങിയ വിശുദ്ധരുടെ പട്ടിക നീളുന്നു. ഇവരെ സമ്മാനിച്ചത് നമ്മുടെ സന്ന്യസ്തരാണ്. ഉള്ളിൽ വിശുദ്ധിയുടെ കിന്നാരം പറയുന്ന നിരവധി സന്ന്യസ്തർ ഇപ്പോഴും നമ്മുടെ ഇടയിലുണ്ട്. നമ്മുടെ രാജ്യത്തിന് നന്മ നല്കുന്നതിൽ, നീതി കൊടുക്കുന്നതിൽ, അവകാശബോധം നല്കുന്നതിൽ സന്ന്യസ്തർ നല്കുന്ന സംഭാവനകൾ അതുല്യമാണ്, അത് മറക്കരുത്. അതു മറക്കുന്നവരോട് നമുക്ക് ഉറക്കെപറയാം. നീതി നിഷേധം മൂലമ്പിള്ളിയിലായാലും, തീരപ്രദേശങ്ങളിലായാലും മലനാടിലായാലും ഞങ്ങൾ നീതിയുടെ, സത്യത്തിന്റെ സ്വരമായി അനുസ്യൂതം ഉറച്ചുനിൽക്കുന്നു. സന്ന്യസ്തരെ, നിങ്ങൾക്കു മാത്രമേ ധാർമ്മികതയുടെ ശക്തി പകരാൻ സാധിക്കൂ. നിങ്ങളുടെ വിശുദ്ധിയുടെ മുമ്പിൽ പ്രണമിച്ചുകൊണ്ട് എന്റെ വാക്കുകൾ നിർത്തുന്നു.

**(കെസിബിസിയും കേരള കത്തോലിക്കാ സമർപ്പിത സമൂഹങ്ങളുടെ എറണാകുളം മേഖലയും ചേർന്ന് എറണാകുളം ടൗൺഹാളിൽ 2019 ഒക്ടോബർ 11ന് സംഘടിപ്പിച്ച സന്ന്യാസ-സമർപ്പിത സംഗമത്തിൽ നടത്തിയ പ്രസംഗത്തിന്റെ സംക്ഷിപ്തം)**

# കന്യാസ്ത്രീ മഠങ്ങൾ കണ്ണീരിന്റെ ഇടങ്ങളല്ല



**ദയാബായ്**

ക്രൈസ്തവസന്ന്യാസത്തെക്കുറിച്ച് സംസാരിക്കാൻ ഒട്ടും അനുയോജ്യയായ ആളല്ല ഞാൻ. സന്ന്യാസസമൂഹത്തിൽ ജീവിക്കാൻ കഴിയില്ലെന്ന് തിരിച്ചറിഞ്ഞ് പുറത്തിറങ്ങിയ ഒരാൾ സന്യാസത്തെക്കുറിച്ച് പറയുന്നത് എങ്ങനെയാണ് ശരിയാവുക? ഏതാനും വർഷങ്ങൾ മാത്രം ഒരു സന്ന്യാസസമൂഹത്തിൽ ജീവിക്കുകയും അതിനു ശേഷം തോന്ന്യവാസം ഇറങ്ങിപുറപ്പെടുകയും ലോകമേ തറവാട് എന്ന മട്ടിൽ അലഞ്ഞുതിരിയുകയും ചെയ്തയാൾക്ക് ക്രൈസ്തവസന്യാസത്തിന്റെ ശൈലീകൃതമായ ജീവിതശൈലിയെക്കുറിച്ച് ചിന്തിക്കാനാകുമോ എന്നു പോലും ഒരുപക്ഷേ, നിങ്ങൾ ചിന്തിച്ചേക്കാം. എന്നാൽ, തികച്ചും വ്യക്തിപരമായ ഉൾവിളിയുടെ അടിസ്ഥാനത്തിൽ ക്രൈസ്തവസന്ന്യാസത്തിന്റെ സുരക്ഷിതത്വങ്ങളെ ഉപേക്ഷിച്ച മേഴ്സി മാത്യു ഇന്ന് ദയാബായി ആയിരിക്കുന്നത് ആ സന്ന്യാസസമൂഹത്തിലെ പരിശീലനകാലയളവിൽ പകർന്നുകിട്ടിയ അഗ്നി - ദൈവസ്നേഹത്തിന്റെയും മനുഷ്യസ്നേഹത്തിന്റെയും അഗ്നി - ഊതിയൂതി ജ്വലിപ്പിച്ചെടുത്തുകൊണ്ടാണ്.

**അന്ന് കത്തിയ തീച്ചൂട് ഇന്നുമുണ്ട്, എന്നിൽ...**

എന്റെ ബാല്യത്തിന്റെ ആത്മീയചിന്തയിൽ എങ്ങനെയോ കയറിപ്പറ്റിയ ഒരു ചിത്രം ചാട്ടവാറെടുത്ത ചെറുപ്പക്കാരൻ ക്രിസ്തു ദേവാലയമന്ദിരം ശുദ്ധീകരിക്കുന്ന രംഗമാണ്. ഈശോ ദോഷം ചെയ്തോ എന്ന ബാലിശമായ

ചിന്തയുമായി ചെന്നപ്പോൾ, പ്രാർത്ഥനയൊക്കെ ചൊല്ലേണ്ട സ്ഥലം വൃത്തികേടാക്കിയതുകൊണ്ട് അവിടം ശുദ്ധമാക്കാനാണ് ഈശോ അങ്ങനെ ചെയ്തത് എന്നാണ് അന്ന് പപ്പാ പറഞ്ഞുതന്നത്. പിന്നീട് ആദ്യകുർബാന സ്വീകരണത്തിന് ഒരുങ്ങിയപ്പോൾ ആദ്യമായി എഴുന്നള്ളി വരുന്ന ഈശോയോട് എല്ലാം പറയണമെന്ന് പഠിപ്പിച്ചതനുസരിച്ച് പറഞ്ഞത് ഇതായിരുന്നു: "എനിക്കിഷ്ടായി കേട്ടോ... അതുപോലത്തെ മൂച്ചും ചൊണയുമൊക്കെ എനിക്കും തരണം. ഞാനും കാണിച്ചു തരാം". മുഖം കുനിച്ച് അതു പറഞ്ഞുകൊണ്ടിരുന്നപ്പോൾ കൈയിലിരുന്ന മെഴുകുതിരിയിൽ നിന്ന് മുടിയിലേക്കും വസ്ത്രത്തിലേക്കും തീ പടർന്നുപിടിച്ചു. എല്ലാവരും അന്ന് പേടിക്കുകയും വഴക്കുപറയുകയുമൊക്കെ ചെയ്തെങ്കിലും ഈശോയോട് സംസാരിച്ചപ്പോൾ ആളിപ്പടർന്ന ആ തീ ഇന്നും എന്നിൽ ശേഷിക്കുന്നുണ്ട്. അന്ന് പ്രാർത്ഥിച്ച ആ പ്രാർത്ഥന ഈശോ കേട്ടതിന്റെ തെളിവാണ് ഇന്നത്തെ ദയാബായിയുടെ ജീവിതം.

സ്വാതന്ത്ര്യസമരത്തിന്റെയൊക്കെ കാലം അവസാനിക്കുകയും വീരകൃത്യങ്ങൾക്ക് സാമൂഹ്യസാഹചര്യങ്ങൾ ഇല്ലാതാവുകയും ചെയ്തപ്പോഴാണ് വലിയ കാര്യങ്ങൾ ചെയ്യാൻ സന്ന്യാസജീവിതം സഹായകമാകുമെന്ന ചിന്തയോടെ ഞാൻ മഠത്തിൽ ചേരുന്നത്. എന്നാൽ ചേർന്ന നാളുകൾക്കുള്ളിൽ ഇതല്ല എന്റെ ദൈവവിളിയെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. മഠത്തിന്റെ സുരക്ഷിതത്വവും സൗകര്യങ്ങളുമല്ല എനിക്കുവേണ്ടതെന്ന ശക്തമായ ഉൾവിളിയാണ് ക്രമേണ ഹോളി ക്രോസ് സന്ന്യാസസമൂഹത്തോടു വിടപറയാൻ എന്നെ പ്രേരിപ്പിച്ചത്. ആ നാളുകളിൽ പ്രേഷിതകേരളം എന്ന മാസികയിൽ വന്ന ഒരു പാട്ട് വല്ലാതെ എന്നെ സ്വാധീനിക്കുകയും ചെയ്തു. അതിങ്ങനെയാണ്:

> കാറ്റും മഴയും വെയിലും മഞ്ഞും
> കൂട്ടാക്കാതെയിതാരോ
> കൂട്ടാക്കാതെയിതാരാരോ...

ഈ വാക്കുകൾ എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. ഞാൻ തിരഞ്ഞെടുത്തതല്ല എന്റെ ദൈവവിളിയെന്ന് മനസ്സിലായ നാൾ മുതൽ ഓരോ മാസവും ഞാൻ മിസ്ട്രസ്സിന്റെ അടുക്കൽ ചെന്ന് ഇക്കാര്യം സംസാരിച്ചിരുന്നു. പിന്നീട് പഠിക്കാൻ പോയി. എനിക്കിപ്പോഴും എന്റെ പഴയ സന്ന്യാസ സമൂഹത്തോട് വലിയ ഇഷ്ടമാണ്. ആ സന്ന്യാസസമൂഹത്തിന്റെ സവിശേഷമായ സിദ്ധി (charism) Need of the time is the will of God എന്നതാണ്. ഞാൻ ജീവിക്കുന്ന ജീവിതം ഈ സിദ്ധിയോട് വളരെ ചേർന്ന ഒരു ജീവിതവുമാണ്. മദ്ധ്യപ്രദേശിലെ ആദിവാസികളോടൊപ്പം വർഷങ്ങളോളം ജീവിച്ചത് അവിടെ ആ കാലഘട്ടത്തിന്റെ ആവശ്യമായിരുന്നു. ഈ നാളുകളിൽ കാസർഗോഡ് പ്രദേശത്ത് എൻഡോസൾഫാൻ ദുരിതബാധിതരോടു കൂടെയാണ് ഞാൻ പ്രവർത്തിക്കുന്നത്. മഠത്തിലായിരുന്ന കാലത്ത് 365 ദിവസങ്ങൾ നൊവിഷ്യേറ്റ് കാലയളവ് നിയമപരമായിത്തന്നെ പൂർത്തിയാക്കിയ ആളാണ് ഞാൻ. ഒപ്പം ആ സന്ന്യാസ സമൂഹത്തിന്റെ സിദ്ധിക്കനുസൃതം ജീവിക്കുന്ന വ്യക്തിയും. ഇക്കാരണങ്ങൾകൊണ്ടു തന്നെ ഞാൻ ജീവിക്കുന്നത് സന്ന്യാസജീവിതം തന്നെയാണ്. സന്ന്യാസത്തിൽ നിന്നു ലഭിച്ച അഗ്നിയാണ് എന്നിലെ സാമൂഹ്യ പ്രവർത്തകയെ ഇന്നും ആളിക്കത്തിക്കുന്നത്. സമൂഹത്തിൽ പുറംതള്ളപ്പെട്ടവർക്കുവേണ്ടി ഉരുകിത്തീരാനുള്ള മഹത്തായ ക്രിസ്തു ദർശനത്തിന്റെ ആഴം എനിക്കു പകർന്നു നല്കിയത് എന്റെ സന്ന്യാസിനീസമൂഹമാണ്.

**സന്ന്യാസം 'ടോർച്ചറിങ്ങ്' അല്ല 'നർച്ചറിംഗ്' ആണ്**

സന്ന്യാസജീവിതം പീഡനമാണെന്നും മഠങ്ങൾ മുഴുവൻ കണ്ണീരാണെന്നുമൊക്കെ പറയുന്നത് എന്നെ അത്ഭുതപ്പെടുത്തുന്നുണ്ട്. സന്ന്യാസജീവിതത്തിലേക്ക് പ്രവേശിക്കാൻ ആരെയാണ് നിർബന്ധിക്കാറുള്ളത്? വ്രതങ്ങളെടുക്കുന്നത് പോലും പ്രായപൂർത്തിയായ ശേഷം മാത്രമാണ്. പക്വതയെത്തിയ ശേഷം നടത്തുന്ന ഒരു തിരഞ്ഞെടുപ്പാണത്. അതെങ്ങനെയാണ് പീഡനമാകുന്നത്? മാത്രവുമല്ല, സമൂഹമായി എവിടെ ജീവിച്ചാലും ചില ചിട്ടകളൊക്കെ നാം പാലിക്കേണ്ടതായിട്ടുണ്ട്. ചിട്ടകളില്ലാത്തിടത്ത് നിലനിൽക്കുന്ന അരാജകത്വം ആർക്കാണ് ആസ്വദിക്കാൻ കഴിയുക? ചിട്ടകളും ചട്ടക്കൂടുകളും സംസ്കാരമുള്ള ഒരു സമൂഹത്തിന് അത്യന്താപേക്ഷിതമാണ്. അവയോട് യോജിക്കാൻ കഴിയാത്തവർ പുറത്തുപോകാനുള്ള ആർജ്ജവത്വം കാണിക്കുകയാണ് ചെയ്യേണ്ടത്, അല്ലാതെ അതിനെ വെല്ലുവിളിച്ച് അവിടെ ജീവിക്കുന്നവരുടെ ജീവിതം കൂടി അസ്വസ്ഥമാക്കുകയല്ല വേണ്ടത്. കന്യാസ്ത്രീ മഠങ്ങൾ കണ്ണീരിന്റെ ഇടങ്ങളല്ല എന്ന് ഉറപ്പിച്ച് പറയാൻ കഴിയും. അത് പരസ്പരബന്ധം കൊണ്ട് നമ്മെ വളർത്തുന്ന ഒന്നാണ്. സന്ന്യാസം torturing അല്ല nurturing ആണ്.

കത്തോലിക്കാ സഭയിലെ സന്ന്യാസിനീമഠങ്ങളിൽ അവകാശലംഘനങ്ങൾ നടക്കുന്നുവെന്ന ആരോപണം വസ്തുതാവിരുദ്ധമാണ്. സന്ന്യാസിനികളെയും മഠങ്ങളെയും അകാരണമായി ഇന്ന് പലരും അധിക്ഷേപിക്കുന്നതിൽ ദു:ഖമുണ്ട്. ഏതൊരു സംവിധാനത്തിനും നിയതമായ ചട്ടക്കൂട് ഉള്ളതുപോലെ സന്ന്യാസിനീ മഠങ്ങൾക്കുമുണ്ട്. അത് പൗരാവകാശ ലംഘനമാണെന്നും സ്ത്രീകളുടെ അവകാശങ്ങൾ വെല്ലുവിളിക്കപ്പെടുന്നതാണെന്നുമെല്ലാം വ്യാഖ്യാനിക്കുന്നതും പ്രചരിപ്പിക്കുന്നതും സ്ഥാപിത താത്പര്യക്കാരാണ്. അധ്യാപികയായ ഒരു സന്ന്യാസിനി മഠം ഉപേക്ഷിച്ചു തന്റെ കൂടെച്ചേരാൻ ആഗ്രഹം പ്രകടിപ്പിച്ചിരുന്നു. ലക്ഷ്യം ആത്മാർത്ഥമല്ലെന്നറിഞ്ഞപ്പോൾ താൻ വേണ്ടെന്നു പറയുകയായിരുന്നു. അവർക്കായി പൊതുവേദിയിൽ പ്രസംഗിക്കാൻ ആവശ്യപ്പെട്ടപ്പോഴും അതിനു താനില്ലെന്നറിയിക്കുകയായിരുന്നു.

***('ക്രൈസ്തവസന്ന്യാസം പൗരാവകാശവിരുദ്ധമോ? എന്ന വിഷയത്തെ ആസ്പദമാക്കി പി.ഒ.സി.യിൽ നടന്ന സിമ്പോസിയത്തിൽ നടത്തിയ പ്രസംഗത്തിന്റെ സാംക്ഷിപ്തം)***



# ആർക്കാണിവിടെ ന്യൂറോസിസ്? വിശ്വസ്നേഹത്തിന്റെ ആത്മക്ഷതങ്ങൾ!

***മുറിവുകളില്ലാത്ത വി. മറിയം ത്രേസ്യയ്ക്ക് കുടുംബങ്ങളുടെ അമ്മയാവാൻ സാധിക്കുകയില്ല***

**ഫാ. അഗസ്റ്റിൻ പാംപ്ലാനി സി.എസ്.റ്റി.**

“വെളിച്ചം ദുഃഖമാണുണ്ണീ, തമസ്സല്ലോ സുഖപ്രദം” - മിസ്റ്റിക്കൽ കവി എന്നു വിശേഷിപ്പിക്കാവുന്ന അക്കിത്തത്തിന്റെ വരികളാണിവ. ക്യാമ്പസുകളിലെ നിരാശാകാമുകന്മാരുടെയും പൂവാലന്മാരുടെയും ആപ്തവാക്യം ആയിട്ടാണ് നിർഭാഗ്യവശാൽ ഈ വരികൾ ഉദ്ധരിക്കപ്പെടുന്നത്. എന്നാൽ വിശ്വത്തിന്റെ ദുഃഖത്തെ ഉപാസന ചെയ്ത ബുദ്ധചിന്തയുടെ ആത്മീയസത്തയെ അക്ഷരങ്ങളിൽ കൊത്തിവെച്ചിരിക്കുന്നതാണ് അക്കിത്തത്തിന്റെ ഈ കാവ്യശകലം. സാന്ദ്രദുഃഖങ്ങളെ ആശ്ലേഷിക്കുന്നതിൽ ഒരു ആത്മീയ നിർവൃതിയുണ്ട് എന്നതാണ് ഇവിടത്തെ താത്ത്വിക ഉൾക്കാഴ്ച. “മുത്തുകൾ പന്നികൾക്ക് എറിഞ്ഞു കൊടുക്കരുത്. അവ അത് ചവിട്ടിമെതിക്കും’ എന്നതാണ് പ്രമാണം എങ്കിലും നിർഭാഗ്യവശാൽ ദർശനങ്ങളുടെ മുത്തുകൾ പലതും അവസാനം എത്തിപ്പെടുന്നത് പന്നിക്കൂടുകളിലാണ്. ഇത്തരം ഒരു ദുരന്തമാണ് അക്കിത്തത്തിന്റെ വരികൾക്കും സംഭവിച്ച പൂവാലവൽക്കരണം.

ഇത്തരുണത്തിൽ ഇന്ന് കേരളത്തിൽ ചില രണ്ടാംകിട ചിന്തകന്മാർ വിപുലീകരിച്ചിരിക്കുന്ന ഒരു ആത്മീയ ദർശനമാണ് വി. മറിയം ത്രേസ്യയുടെ ചില ആത്മീയകൃത്യങ്ങളപ്പറ്റിയുള്ള വിവാദങ്ങൾ. അവർ സ്വയം മുറിവേല്പ്പിക്കുന്ന വ്യക്തി ആയിരുന്നെന്നും ഇത് ഒരു തരം മനോരോഗമാണ് എന്നും ആക്ഷേപം. ആത്മീയ ശാസ്ത്രത്തിലെ പല ഭക്തി പ്രകടനങ്ങളും മനഃശാസ്ത്ര ദൃഷ്ടിയിൽ ന്യൂറോസിസ് ആണത്രേ. ഒരു സംഗതി മാനസികവിഭ്രാന്തി ആണ് എന്ന് ശാസ്ത്രം ആധികാരികമായി തെളിയിച്ചാൽ അതിനെ നിഷ്കരുണം തള്ളിക്കളയുന്നതിൽ ഒരു വിശ്വാസിക്കും സന്ദേഹം ഉണ്ടാവേണ്ടതില്ല. എന്നാൽ ഒരു മതനിരാസ സംസ്കൃതിയിൽ രൂപംകൊണ്ട ചില മനഃശാസ്ത്ര ചിന്തകളുടെ രണ്ടുനൂറ്റാണ്ടു പഴകിയ ഉപരിപ്ലവങ്ങളായ സങ്കേതങ്ങൾ കൊണ്ട് ഇത്തരം അക്കാദമിക അഭിപ്രായങ്ങൾ വിളമ്പുന്നത് മനഃശാസ്ത്രവിരുദ്ധം എന്നല്ല മാനവവിരുദ്ധം എന്നുതന്നെ പറയണം. സമകാലിക ഭാവമനഃശ്ശാസ്ത്രങ്ങളുടെ (positive psychology) അയല്പക്കങ്ങളിൽ പോലും ഇവർ എത്തുന്നില്ല.

ലോകത്തിൽ ദുഃഖം ഉണ്ടെന്ന് ആരും നിഷേധിക്കുന്നില്ല. അതിന്റെ പേരിൽ ഒരു വ്യക്തി സ്വയം മുറിപ്പെടുത്തുന്നതിൽ എന്ത് സാംഗത്യം? മണൽത്തരിയിൽ വിശ്വം മുഴുവനെയും ജലകണികയിൽ സ്വർഗ്ഗം മുഴുവനും കാണുന്ന (വില്യം ബ്ലേയ്ക്) സാർവ്വലൗകികമായ ഏകതാനതയുടെ ആത്മീയ പശ്ചാത്തലത്തിൽ നിന്നേ ഈ ചോദ്യത്തെ അപഗ്രഥിക്കാനാവൂ. ക്യാൻസർ ബാധിച്ച മോണയിൽ നിന്ന് നേഴ്സ് പുഴുവിനെ പുറത്തെടുത്തപ്പോൾ “എന്തിനാ ആ പാവത്തിന് അതിന്റെ ഇന്നത്തെ അപ്പം നിഷേധിച്ചത്?” എന്നുചോദിച്ച രമണ മഹർഷിയും, ഇഴഞ്ഞു കയറി വന്ന ഒച്ചിന് വേണ്ടി സ്വർഗ്ഗത്തിന്റെ വാതിലുകൾ തുറന്നുകൊടുത്ത ഫ്രാൻസിസ് അസ്സീസിയും (കസാന്ദ്സാക്കിസ്) ഒക്കെ ഇവിടെ അസ്വാഭാവികമായ ആത്മീയ ലോകങ്ങളിലെ തിളക്കമുള്ള ബിംബങ്ങളായി മാറുകയാണ്. ഏതോ വേടന് ഏതോ കാട്ടുപക്ഷിയെ ഉന്നംവെച്ച അസ്ത്രം സ്വന്തം ഹൃദയത്തിൽ ഏറ്റുവാങ്ങിയ ആദികവി തന്നെയാണ് എല്ലാ വേദപുസ്തകങ്ങളുടേയും തലതൊട്ടപ്പൻ.

മനസ്സും ശരീരവും തമ്മിലുള്ള മൗലിക പാരസ്പര്യത്തിന്റെ സുന്ദരങ്ങളായ രൂപകങ്ങളെ ഇന്ന് ആധുനിക ന്യൂറോസയൻസ് ഒട്ടേറെ പറഞ്ഞുതരുന്നുണ്ട്. ശരീരം മനുഷ്യന്റെ ഒരു ശതമാനം മാത്രമേ ആകുന്നുള്ളൂ എന്നുപറയുന്ന ജൈനചിന്തയുടെ ദാർശനികമാനങ്ങളെ ന്യൂറോസയൻസ് വ്യംഗ്യന്തരേണ സൂചിപ്പിക്കുന്നുവോ എന്നു സംശയിക്കണം. മസ്തിഷ്കവും കമ്പ്യൂട്ടറും തമ്മിലുള്ള സമന്വയത്തിന്റെ (Brain machine interface) വിപ്ലവാത്മകമായ ചുവടുവെപ്പുകൾ നടത്തിയിട്ടുള്ള ശാസ്ത്രജ്ഞനാണ് ഡ്യൂക്ക് സർവകലാശാലയിലെ മിഗുവേൽ നിക്കോളേലിസ്. കമ്പ്യൂട്ടർ ഗെയിം കളിക്കാൻ പരിശീലിപ്പിച്ച കുരങ്ങന്റെ മസ്തിഷ്ക വ്യാപാരങ്ങളെ ഇലക്ട്രോണുകളുടെ സഹായത്തോടെ കുരങ്ങന്റെ തലച്ചോറുമായി ബന്ധിപ്പിച്ചപ്പോൾ കുരങ്ങൻ കൈ അനക്കാതെ ചിന്തകൊണ്ട് മാത്രം കമ്പ്യൂട്ടർ ഗെയിം കളിക്കാൻ തുടങ്ങി. അദ്ദേഹം പറയുകയാണ്. “തലച്ചോറാണ് ശരീരത്തെ സൃഷ്ടിക്കുന്നത്. സ്വത്വം (തലച്ചോർ) ശരീരത്തിൽ നിന്നും സ്വതന്ത്രമായി” ഇത് വളരെ ആശ്ചര്യോക്തി കലർന്ന ഒരു അവകാശവാദമാണ്. എന്നിരുന്നാലും മനഃശാസ്ത്രജ്ഞർ ദീർഘകാലമായി ചർച്ചചെയ്യുന്ന മാനസികമായി ഉത്ഭവിക്കുന്ന (psychogenic) ശാരീരിക പ്രതിഭാസങ്ങൾക്ക് മസ്തിഷ്കപരമായ അടിത്തറകൾ കൂടിയുണ്ട് എന്ന് ഭാഗികമായെങ്കിലും സാധൂകരിക്കുന്നതാണ് നിക്കോളേലീസിന്റെ പ്രസ്താവന.

ചെറുപ്പത്തിൽ ശത്രുക്കളാൽ അരക്കുചുറ്റും കയറ് വരിഞ്ഞുമുറുക്കി മർദ്ദിക്കപ്പെട്ട ഒരു വ്യക്തി ദശകങ്ങൾക്കുശേഷം ഹിപ്നോട്ടിസത്തിനു വിധേയമായപ്പോൾ അയാളുടെ അരക്കുചുറ്റും രക്തം വമിക്കുന്ന കയർപാടുകൾ പ്രത്യക്ഷപ്പെടുകയുണ്ടായി. ഹിപ്നോട്ടിസത്തിനിയിൽ ഒരു സ്ത്രീയോട് നിന്റെ കയ്യിൽ ഞാൻ ഒരു ചുട്ടുപഴുത്ത നാണയത്തുട്ട് വച്ചിട്ടുണ്ട് എന്നു പറയുന്നു. എന്നാൽ യഥാർത്ഥത്തിൽ നാണയത്തുട്ട് വച്ചിരുന്നില്ല. അല്പസമയത്തിനകം നാണയത്തുട്ടിന്റെ വലിപ്പത്തിൽ അവരുടെ ഉള്ളം കൈയിൽ പൊള്ളലേറ്റതുപോലെ കാണപ്പെട്ടു. ഇറ്റലിയിൽ ചെറുപ്പകാലം മുതൽ മറ്റുള്ളവരുടെ ശാരീരികവേദനകൾ ഏറ്റെടുക്കുവാൻ നിരന്തരം പ്രാർത്ഥിച്ചിരുന്ന ഒരു യുവതിയെ മനഃശാസ്ത്രജ്ഞർ ഹിപ്നോട്ടിസത്തിന് വിധേയമാക്കി. “നിന്റെ ശിരസ്സിനുചുറ്റും ഞാനൊരു മുൾക്കിരീടം കാണുന്നു.” എന്ന് മനഃശാസ്ത്രജ്ഞൻ പറഞ്ഞപ്പോൾ അവരുടെ നെറ്റിയിലും ശിരസ്സിലും ആണിയടിച്ചതുപോലെ ചോര പൊടിഞ്ഞു തുടങ്ങിയത്രേ! വിശ്വാസത്തിൽ

അത്ഭുതകരം എന്നു വിശേഷിപ്പിക്കുന്ന പഞ്ചക്ഷതം പോലുള്ള കാര്യങ്ങളെ ശാസ്ത്രം തെളിയിക്കുന്നതായി ഇവിടെ കരുതിയാൽ അത് തെറ്റാണ്. പ്രത്യുത, പഞ്ചക്ഷതം പോലുള്ള പ്രതിഭാസങ്ങളെ ഭൗതികമായിക്കൂടി മനസ്സിലാക്കാനുള്ള മനോശരീര ഐക്യത്തിന്റെ ഒരു ചട്ടക്കൂട് മനഃശാസ്ത്രപരമായി തുറന്നുകിട്ടുന്നു എന്നു കരുതാവുന്നതാണ്.

ന്യൂറോസയൻസിൽ ഇന്ന് ഗൗരവമായ പഠനങ്ങൾക്കു വിഷയീഭവിക്കുന്ന മേഖലയാണ് 'മിറർ ന്യൂറോണു'കളെക്കുറിച്ചുള്ള പഠനം. മറ്റുള്ളവരുടെ വേദനയെ സംവദിക്കാൻ തക്കവിധം തലച്ചോറിൽ സംജാതമായിരിക്കുന്ന ന്യൂറോണുകളാണിവ. പരക്ഷേമകാംക്ഷയിൽ വളരുന്നവരിൽ ഇവ വളരെ സജീവമായിരിക്കും. സ്വാർത്ഥമതികളിൽ ഇവ ഏറെയും പ്രവർത്തനരഹിതമാണ്. മിസ്റ്റിക്കൽ ആത്മീയതയുടെ വിവിധ തലങ്ങളിലേക്ക് ഉയർന്നുവരില്ല. മിറർ ന്യൂറോണുകളുടെ അതിയായ പ്രവർത്തനം വഴിയായി പ്രകൃതിബദ്ധമായ ഒരു ആത്മീയാനുഭൂതി ഉണ്ടാകുമെന്ന് ആൻഡ്രൂ ന്യൂബർഗ്, കരോൾ ഓൾബ്രൈറ്റ് തുടങ്ങിയ ന്യൂറോശാസ്ത്രജ്ഞർ നടത്തിയ ഗവേഷണങ്ങൾ സൂചിപ്പിക്കുന്നുണ്ട്. വിശുദ്ധന്മാരുടെയൊക്കെ പ്രാപഞ്ചിക മിസ്റ്റിസിസത്തിനു കാരണം ഇതാണ്. ഇങ്ങനെയാണ് ഫ്രാൻസിസ് അസ്സീസ്സിക്ക് നായ സഹോദരനാവുന്നതും പക്ഷി സഹോദരിയാവുന്നതും.

അപരന്റെയോ ഇതരജീവജാലങ്ങളുടേയോ വേദനയെ അതിതീവ്രമായി സംവദിക്കാൻ തക്കവിധം ജൈവ-മാനസിക ഘടന രൂപപ്പെട്ടവർ ഉറുമ്പു കടിയേല്ക്കുന്ന ഞാഞ്ഞൂലിനെപ്രതിപോലും കരയാനിട യാകും!"ഒരു കണ്ണീർക്കണം ഞാൻ മറ്റുള്ളവർക്കായ് പൊഴിക്കവേ, ഉദിക്കയാണെന്നാത്മാവിലായിരം സൗരമണ്ഡലം" എന്ന് കവി പാടിയതു പോലെ, ഈ ദുഃഖം ആത്മീയമായി വളരെ സുഖദായകമായ ഒരു നോവാണ്. ഈ നോവിന്റെ നിർബന്ധങ്ങളോട് മിസ്റ്റിക്കുകൾ പ്രതികരിക്കുന്നത് വിവിധ രീതികളിലാ യിരിക്കും. ചിലരിൽ അത് സൈക്കോജനിക് ക്ഷതങ്ങ ളായോ ഒക്കെ ആവിഷ്കരിക്കപ്പെട്ടേക്കാം.

വിശ്വത്തിന്റെ ദുഃഖത്തിന്റെ നിലവിളികൾ ശരീരത്തിലൂടെ നല്കുന്ന മറുപടിയാണ് സ്വയം എൽപിക്കുന്ന മുറിവുകൾ. മുറിവേറ്റവനോട് താദാത്മീ കരിക്കാനുള്ള മനസ്സിന്റെ ദാഹത്തെ ശരീരം കൊണ്ട് ശമിപ്പിക്കുന്നതാവാം ആത്മക്ഷതങ്ങൾ.

മറിയം ത്രേസ്യയെപ്പോലുള്ള ക്രിസ്തീയ വിശുദ്ധർക്ക് ആന്തരികമായ വേറൊരു ആത്മീയലോകം കൂടിയുണ്ട്. താൻ അത്യധികം സ്നേഹിക്കുന്ന ക്രിസ്തു മുറിവേറ്റവനാണ്. മുറിവേറ്റവനോടുള്ള ആത്മീയ സ്നേഹത്താൽ മദിക്കപ്പെടുമ്പോൾ അവനോട് ശാരീരികമായി താദാത്മീകരിക്കുവാനുള്ള ദാഹം ഉണ്ടാകും. "അവന്റെ പീഡകളിൽ കുറവുള്ളത് എന്റെ ശരീരത്തിൽ ഞാൻ പൂർത്തിയാക്കുന്നു." രക്ഷകനെ സ്നേഹിക്കുന്നവർക്ക് രക്ഷകനോടൊപ്പം രക്ഷകരാവാനുള്ള ഉൾവിളിയുണ്ട്. മുഖം മനസ്സിന്റെ കണ്ണാടിയെന്നോണം ഉള്ളിലെ മുറിവേറ്റ നാഥനെ പ്രതിഫലിപ്പിക്കുന്ന കണ്ണാടിയായി ക്രിസ്തുവിന്റെ മണവാട്ടിയുടെ ദേഹം മാറുന്നു.

കുഞ്ഞിന്റെ രോഗത്തിൽ വേദനിക്കുന്ന അമ്മയ്ക്ക് ഈ രോഗം തനിക്കു വരികയും കുഞ്ഞ് രക്ഷപ്പെടുകയും ചെയ്തിരുന്നെങ്കിൽ എന്നു തോന്നുന്നതുപോലെ. ഉറുമ്പിന്റെ വേദനപോലും സ്വന്തം കുഞ്ഞിന്റെ വേദനപോലെ അനുഭവപ്പെടുന്ന മിറർ ന്യൂറോണുകളുടെ കുത്തൊഴുക്ക് തലയിൽ അനുഭവപ്പെടുന്നവർക്ക് സ്വയം മുറിവേൽപ്പിക്കുന്നത് ഒരു മാനസിക നിർബന്ധവും നിർവൃതിയുമായി അനുഭവപ്പെടാൻ പാടില്ലായ്കയില്ല. സ്നേഹിക്കുന്ന ഭർത്താവ് ജയിലിലെ തറയിൽ കിടക്കുമ്പോൾ ഭാര്യ വീട്ടിലെ പട്ടുമെത്ത ഉപേക്ഷിച്ച് തറയിൽ കിടക്കുന്നത് സ്നേഹത്തിന്റെ ജ്ഞാനമീമാംസയിൽ വിശദീകരണം ആവശ്യമില്ലാത്ത കാര്യമാണ്. ആത്മീയതയിൽ ഇതൾ വിടരുന്ന സാർവ്വജനീന സ്നേഹത്തിന്റെ ഉന്നത സാധ്യതകളുടെ ആഘോഷവും ആവിഷ്കാരവുമാണ് മറിയം ത്രേസ്യയുടെ മുറിവുകൾ.

കുഞ്ഞിന്റെ മൃതശരീരം കണ്ട് നിലവിളിക്കുന്ന അമ്മ നെഞ്ചത്തടിക്കുന്നത്. സ്വയം പീഡയുടെ മാനസികരോഗമാവില്ലല്ലോ. മാതൃസ്നേഹത്തിന്റെ യുക്തിരഹിതമായ ഗോപ്യങ്ങൾകൊണ്ട് സമ്പന്നമാണ് ഉദാത്ത ബന്ധങ്ങളുടെ ഘടന. അറിയാത്ത കുഞ്ഞിനും കേൾക്കാത്ത നിലവിളിക്കും കാണാത്ത മുറിവിനും വേണ്ടി നെഞ്ചത്തടിക്കാനും ചോരവാർക്കാനും സാധിക്കുന്ന മാതൃജന്മങ്ങൾ ഉണ്ട് ഈ ലോകത്ത്. അവരെയാണ് വിശുദ്ധർ എന്ന് വിളിക്കുന്നത്. അതാണ് മറിയംത്രേസ്യ.

മുറിവുകൾ തുറന്നിടുന്ന അത്യുത്കൃഷ്ടമായ ആത്മീയ ബന്ധങ്ങളുടെ ആകാശങ്ങളെ കാണാൻ സാധിക്കാത്തവർ പതിവുപോലെ അജ്ഞതയുടെ പടക്കങ്ങൾ പൊട്ടിക്കാൻ തുടങ്ങും. ശുഷ്കിച്ച സംവേദനങ്ങളുടെ കുള്ളന് ലോകത്തിലിരുന്ന് അവർ നോർമലിനെ അബ്നോർമലാക്കും. ചന്ദ്രനെ ചൂണ്ടിക്കാട്ടുമ്പോൾ ചന്ദ്രനെക്കാണാതെ വിരലിലേക്കുനോക്കുന്നതുപോലെ. ഊർജ്ജമില്ലാത്ത ആശയങ്ങൾ അടിഞ്ഞുകൂടിയ ചത്ത നക്ഷത്രങ്ങൾ! അസ്ഥികൂടത്തെ മനുഷ്യനായി കാണുന്ന വികലനരവംശശാസ്ത്രത്തിലേ ഇത്തരം പ്രതിഭാസങ്ങളെ ന്യൂറോസിസ് എന്നു വിശേഷിപ്പിക്കാനാവൂ.

'ചോരയ്ക്കു ചോര' എന്നതു സായുധ വിപ്ലവത്തിന്റെയല്ല, ആത്മീയ വിപ്ലവത്തിന്റെ മുദ്രാവാക്യമാണ്. പ്രതികാരത്തിന്റെ ചോരയെ അവർ സൗഖ്യത്തിന്റെ രക്തദാനമാക്കുന്നു. അപരന്റെ ചോരയ്ക്ക് വിലയായി സ്വന്തം ചോരയെ മോചനദ്രവ്യമാക്കുന്നു. വിശ്വത്തിന്റെ ശോകത്തെപ്രതി കണ്ണീർ പൊഴിക്കുന്നത് ദിനചര്യയാക്കിയവരുടെ ഹൃദയത്തിലൂടെ ഒരു പ്രാവശ്യമെങ്കിലും വാൾ കടന്നുപോയിരിക്കണമെന്നത് വെറും കാവ്യസങ്കല്പമല്ല. പ്രകൃതിനിയമം തന്നെയായിരിക്കണം. 'അവന്റെ മുറിവുകളാൽ നമ്മൾ സുഖപ്പെട്ടു' എന്ന് പറയുന്നത് ഭൂതകാലത്തിന്റെ അനുസ്മരണമല്ല പുണ്യാത്മാക്കളിലൂടെ അനുദിനം മാംസം ധരിക്കുന്ന ജീവന്റെ തത്ത്വം തന്നെയാണ്.

മതവും ഈശ്വരവിശ്വാസവുമൊക്കെ മാനസിക രോഗവും മായിക വിഭ്രാന്തികളുമാണ് എന്ന് ആവർത്തിച്ചിരുന്ന ലോജിക്കൽ പ്രൊസിറ്റിവിസവും ഫ്രോയിഡൻ ചിന്തയുമൊക്കെ അരങ്ങുവാണിരുന്ന ഒരു കാലഘട്ടത്തിലാണ് മത-തത്ത്വശാസ്ത്രത്തിലെ ഉദാത്ത രചനകളിലൊന്നായ മതാനുഭൂതിയുടെ വൈവിധ്യങ്ങൾ എന്ന 1902ലെ കൃതിയുമായി മനഃശാസ്ത്രജ്ഞനും ദാർശനികനുമായി വില്യം ജെയിംസ് കടന്നുവരുന്നത്. അദ്ദേഹത്തിന്റെ വീക്ഷണത്തിൽ ആത്മീയ പ്രകടനങ്ങളെ വിഭ്രാന്തികളായി വിശേഷിപ്പിക്കുന്നതിനു കാരണം തന്നെ യുക്തിപരമായ ഒരു തരം ന്യൂറോസിസാണ്. മനുഷ്യന്റെ ഭാവാത്മക ചിന്തകളും നിഷേധാത്മക ചിന്തകളും ഒരുപോലെ മസ്തിഷ്കത്തിന്റെ വ്യാപാരത്തിലൂടെ ഉടലെടുക്കുന്നവയാണ്. തങ്ങൾക്ക് യോജിക്കാൻ സാധിക്കില്ല എന്ന് മുൻകൂട്ടി ഉറപ്പിച്ചുവച്ചിരിക്കുന്ന ഒരു ആശയത്തിന്റെ കടന്നുവരവിനെയാണ് ന്യൂറോട്ടിക് എന്ന് ഇക്കൂട്ടർ വിശേഷിപ്പിക്കുന്നത്. ഈ മുൻ വിധിയെയാണ് അദ്ദേഹം കൊഗ്നിറ്റീവ് ന്യൂറോസിസ് എന്ന് 'മതവും ന്യൂറോളജി'യും എന്ന അധ്യായത്തിൽ വിശേഷിപ്പിക്കുന്നത്. ഉന്നതമായ ഒരു ബുദ്ധിവിശേഷത്താൽ ഉത്തേജിപ്പിക്കപ്പെട്ട 'സൈക്കോപ്പതിക്' സ്വഭാവമോ പെരുമാറ്റമോ അതിൽത്തന്നെ ഗുണസമ്പന്നമാണെന്ന് അദ്ദേഹം വാദിക്കുന്നു. ഒരു ആത്മീയ പെരുമാറ്റ ശൈലിയുടെ മൂല്യത്തെ തിരിച്ചറിയുവാൻ ശാസ്ത്രാധിഷ്ഠിതവും സാമൂഹികവുമായ മൂന്നു മാനദണ്ഡങ്ങളാണ് അദ്ദേഹം നിർദ്ദേശിക്കുന്നത്. 1. പ്രസ്തുത പെരുമാറ്റം ധാർമ്മികമായി സഹായകരമാണോ? 2. വൈജ്ഞാനിക സരണികളുമായി അവ ഒത്തുപോകുന്നുവോ? 3. പ്രത്യക്ഷത്തിൽ തന്നെ വെളിച്ചം, സത്യം, നന്മ, സന്തോഷം, സ്നേഹം തുടങ്ങിയ അനുഭൂതികളെ പ്രസരിപ്പിക്കാൻ തക്കവിധം അവ ഭാസുരമാണോ? ഈ മാനദണ്ഡങ്ങൾ വച്ച് മറിയം ത്രേസ്യയെ അളക്കുക. തന്റെ ന്യൂറോസിസിന്റെ ആധിക്യത്തിൽ അവർ ആൾക്കൂട്ടത്തിലേക്കോടിക്കയറി ആത്മഹത്യാബോംബായി പൊട്ടിത്തെറിക്കുകയായിരുന്നല്ലോ! കുടുംബങ്ങൾ തോറും കയറിയിറങ്ങി അവർ സർവ്വനാശം പ്രസംഗിക്കുകയായിരുന്നല്ലോ. വിഘടനവാദം പ്രത്യയശാസ്ത്രമാക്കി പെൺപുലികളുടെ സഭ സ്ഥാപിച്ച് ചാവേറുകളെ റിക്രൂട്ട് ചെയ്യുകയായിരുന്നുവല്ലോ? പലർക്കും ഇതൊക്കെയാണ് മറിയം ത്രേസ്യ, ഇതാണ് വില്യം ജയിംസ് പറയുന്ന കൊഗ്നിറ്റീവ് ന്യൂറോസിസ്. കുടുംബങ്ങളുടെ വിശുദ്ധിയെ മനസ്സിലാക്കാൻ കുടുംബമഹിമയുണ്ടായിരിക്കണമെന്നത് അത്ര വലിയ ഒരു ഡിമാൻഡല്ലല്ലോ?

ദൈവം ഇല്ലെങ്കിൽ എത്രയും വേഗം ഒരു ദൈവത്തെ കണ്ടുപിടിക്കണമെന്ന് പ്രായോഗികാർത്ഥത്തിൽ വോൾട്ടയർ നിർദ്ദേശിച്ചതുപോലെ, അമ്മ ത്രേസ്യ സ്വയം മുറിവേൽപ്പിച്ചിട്ടില്ലായെങ്കിൽ അവരെ മുറിവേൽപ്പിക്കുവാൻ ആരെയെങ്കിലും പറഞ്ഞുവിടേണ്ടത് വളരെ അത്യാവശ്യമാണ്. ഈ ധർമ്മമായിരിക്കാം വിമർശകർ നിർവ്വഹിക്കുന്നത്! മുറിവുകളില്ലാത്ത മറിയത്തിന് കുടുംബങ്ങളുടെ അമ്മായാവാൻ സാധിക്കുകയില്ല.



# ഭീകരതയോടുള്ള മൃദുസമീപനം നിയമവാഴ്ച തകർക്കും

**കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ**

സ്വന്തം പാർട്ടിയിലെ ചില ചെറുപ്പക്കാരുടെ അതിവിപ്ലവാഭിമുഖ്യങ്ങളോട് സംസ്ഥാന ഭരണകൂടം കാർക്കശ്യത്തോടെ "അരുത്" എന്നു പറഞ്ഞത് ചിലരെയെല്ലാം അസ്വസ്ഥരാക്കിയിരിക്കുന്നു. നക്സൽ കൊലപാതകങ്ങളെ ഗൃഹാതുരത്വത്തോടെ അനുസ്മരിക്കുകയും ഗതകാല സുഖസ്മരണകളിലേക്ക് ഒരു തിരിച്ചുപോക്കു സ്വപ്നംകാണുകയും ചെയ്യുന്ന ചില വിപ്ലവപൂർവസൂരികളാണ്, കാട്ടിലും നാട്ടിലുമുള്ള എല്ലാത്തരം തീവ്രവാദ-ഭീകരപ്രസ്ഥാനങ്ങളോടുമുള്ള തങ്ങളുടെ മൃദുസമീപനം ആവർത്തിച്ചു വ്യക്തമാക്കിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തു നിലനില്ക്കുന്ന രാഷ്ട്രീയ സാഹചര്യമാണ് ഭീകരപ്രസ്ഥാനങ്ങൾക്കു വളം വച്ചുകൊടുക്കുന്നതെന്ന മുൻ ഡിജിപി റ്റി.പി. സെൻകുമാറിന്റെ നിരീക്ഷണം ഇതിനോടുചേർത്തു വായിക്കേണ്ടതാണ്. കേരള-കർണാടക-തമിഴ്നാട് അതിർത്തി പ്രദേശങ്ങളിൽ മാവോയിസ്റ്റുകൾ ശക്തിപ്രാപിക്കുന്നതായുള്ള കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ സമീപകാല നിരീക്ഷണവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.. പോലീസ് റിപ്പോർട്ടനുസരിച്ച് ആഭ്യന്തരവകുപ്പു നിലപാടെടുക്കുന്നു എന്ന വിമർശനമുന്നയിച്ച് കേരളത്തിൽ ഭരണമുന്നണിയിലെതന്നെ ചില പാർട്ടികൾ രംഗത്തു വന്നിരിക്കുന്നു. രാഷ്ട്രീയ നേതൃത്വം പൂഴ്ത്തിവച്ച ചില പോലീസ് റിപ്പോർട്ടുകളെക്കുറിച്ച് മുൻ ഡിജിപി ജേക്കബ് പുന്നൂസ് ഈയിടെ തുറന്നു പറഞ്ഞിരുന്നു. 1990കളിൽ സംസ്ഥാനത്തു നിരവധി കൊലപാതകങ്ങളും നൂറുകണക്കിന് ആക്രമണപരമ്പരകളും നടത്തിയ ഒരു ഭീകരസംഘടനയെപ്പറ്റി പോലീസ് സമർപ്പിച്ച അന്വേഷണ റിപ്പോർട്ടാണ് അന്നത്തെ ഭരണനേതൃത്വം പൂഴ്ത്തിയത്. ജംഇയ്യത്തുൽ ഇസ്ഹാനിയ ("പുണ്യാത്മാക്കളുടെ കൂട്ടം") എന്ന കൊലപാതക സംഘടനയ്ക്ക് കേരളത്തിൽ സ്വതന്ത്രവിഹാരം നടത്താൻ കഴിഞ്ഞത് അങ്ങനെയാണ്. രാഷ്ട്രീയ സംരക്ഷണം കൂടാതെ ഇത്തരം കൊലപാതക സംഘങ്ങൾക്കും സമാനമായ മറ്റു ഗൂഢസംഘങ്ങൾക്കും നാട്ടിൽ സ്വൈരവിഹാരം നടത്താൻ കഴിയുമോ? പോലീസ് റിപ്പോർട്ടനുസരിച്ച് ആഭ്യന്തരവകുപ്പ് നടപടി സ്വീകരിക്കരുതെന്നു പറയുന്ന രാഷ്ട്രീയ നേതാക്കൾ ഇതിനു മറുപടി പറയണം.

വോട്ടുബാങ്കിൽ കണ്ണുനട്ടും സാമ്പത്തിക കൊടുക്കൽ വാങ്ങലുകളിൽ ലാഭംകണ്ടും വർഗീയ സമ്മർദങ്ങൾക്കു വഴങ്ങിയും ഭരണാധികാരികൾ സ്വീകരിച്ചിട്ടുള്ള നിഗൂഢ നിലപാടുകളാണ് ഭീകരതയ്ക്കു വളക്കൂറുള്ള മണ്ണായി കേരളത്തെ മാറ്റിയത്. ഭീകരതയോടും ഭീകരരോടും പോലീസ് മൃദുസമീപനം പുലർത്തിക്കൊള്ളണം എന്നു നിർബന്ധം പിടിക്കുന്ന നേതാക്കൾ ഒന്നോർക്കണം, കേരളത്തിൽ ഭീകര കൊലപാതകങ്ങൾ നടത്തിയ നക്സലൈറ്റുകളോട് അന്നത്തെ രാഷ്ട്രീയ നേതൃത്വം ഇതേ മനോഭാവം പുലർത്തിയിരുന്നെങ്കിൽ, കേരളം കൊലപാതകികളുടെ പറുദീസയാകുമായിരുന്നു. ജനജീവിതവും നിയമവാഴ്ചയും ഇവിടെ അസാധ്യമാകുമായിരുന്നു. ഭരണാധികാരികൾ വ്യക്തിപരവും താല്ക്കാലികവുമായ ലാഭനഷ്ടങ്ങൾക്കപ്പുറം ജനങ്ങളുടെ ജീവനും സ്വത്തിനും നിയമവാഴ്ചയ്ക്കും പ്രാധാന്യം നല്കുന്നില്ലെങ്കിൽ, നാട്ടിൽ അരാജകത്വം വളരും. എല്ലാത്തരം വിധ്വംസക പ്രവർത്തനങ്ങൾക്കും സാധ്യമായ ഒരിടമായി കേരളം മാറിക്കൊണ്ടിരിക്കുന്നതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഇവിടത്തെ രാഷ്ട്രീയ നേതൃത്വത്തിന് ഒഴിഞ്ഞുമാറാനാവില്ല.

മദ്യവും മയക്കുമരുന്നും സ്വർണക്കടത്തും മതഭീകരതയും രാഷ്ട്രീയ നേതൃത്വവുമായി കൈകോർത്തു വളരുമ്പോൾ, ആർക്കാണ് നാട്ടിൽ സമാധാനത്തോടെ ജീവിക്കാൻ കഴിയുക? കാശ്മീരിലോ ശ്രീലങ്കയിലോ ലോകത്തെവിടെയുമോ നടക്കുന്ന വിധ്വംസക പ്രവർത്തനങ്ങൾക്ക് കേരളത്തിൽ വേരുകളുണ്ടാവുന്നത് ഇവിടത്തെ രാഷ്ട്രീയ കാലാവസ്ഥയുമായി കൂട്ടിവായിക്കണമെന്ന സെൻകുമാറിന്റെ നിരീക്ഷണം തള്ളിക്കളയാനാവുമോ? ആഗോളതലത്തിൽ വേരുകളുള്ളതും ശക്തമായ ഒരു സമാന്തര സാമ്പത്തിക-രാഷ്ട്രീയ ശക്തിയായി വളർന്നുകൊണ്ടിരിക്കുന്നതുമായ ഭീകരതയുടെ ഒരു പുതുതരംഗം ലോകമാകെ വ്യാപിച്ചുകൊണ്ടിരിക്കുകയാണ്. ലോകമേധാവിത്വം കൈപ്പിടിയിലൊതുക്കാൻ കഴിയുന്ന ഒരു മതാധിഷ്ഠിത ഭരണക്രമം സ്വപ്നം കാണുന്ന ഇവർ വിവിധ രൂപഭാവങ്ങളോടെ ഈ നാട്ടിലും തങ്ങളുടെ സ്വാധീനം വർധിപ്പിച്ചുകൊണ്ടിരിക്കുന്നു എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. ശരിയല്ലാത്തയിനം ചില ചങ്ങാത്തങ്ങൾ രാഷ്ട്രീയ നേതൃത്വങ്ങളിലുണ്ട് എന്ന് ചിലരെങ്കിലും തുറന്നു പറഞ്ഞു തുടങ്ങിയിരിക്കുന്നു. അതൊരാളുടെ കാഴ്ചവൈകല്യമായി ചിത്രീകരിച്ച് വഴിതിരിച്ചുവിടുന്നതിനു പകരം, ഭീകരതയുടെ വിഷം സമൂഹത്തിന്റെ സിരാപടലങ്ങളാകെ തളർത്തുന്നതിനുമുമ്പ് അതിനെതിരേ രാഷ്ട്രീയ നിലപാടു സ്വീകരിക്കാനും രാജ്യത്തു നിലവിലുള്ള നിയമസംവിധാനങ്ങളുപയോഗിച്ച് കാര്യക്ഷമമായ നടപടികളിലൂടെ അതിനെ അമർച്ചചെയ്യാനും ഭരണകൂടത്തിനു കഴിയണം. ഈ രംഗത്ത് അലംഭാവം പുലർത്തുന്നവരെയും തൻകാര്യം നേടാൻ ശ്രമിക്കുന്നവരെയും സമൂഹം തിരിച്ചറിയണം. പുതുതലമുറ ഭീകരതയുടെ വഴിയേ തിരിയാതിരിക്കാൻ ഫലപ്രദമായ നടപടികളുണ്ടായേ തീരൂ.



# കലാലയ രാഷ്ട്രീയവും ക്രമഭംഗവും

**ഡോ. കെ.എം. ഫ്രാൻസിസ്**

കലാലയ രാഷ്ട്രീയം നിരോധിച്ചതുകൊണ്ട് കഞ്ചാവിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗം കൂടിയിരിക്കുന്നുവെന്നതാണ് കേരളത്തിലെ ശാസ്ത്രജ്ഞന്മാരുടെ ഏറ്റവും വലിയ കണ്ടുപിടിത്തം. സ്വരാജ് റൗണ്ടിലുണ്ടാകുന്ന ട്രാഫിക് നിയമലംഘനങ്ങളുടെ എണ്ണവും ജില്ലാ ആശുപത്രിയിലെ പ്രസവിക്കുന്നതിന്റെ എണ്ണവും തമ്മിലുള്ള ബന്ധംപോലെയാണത്. ഇത്തരം നുണകൾ വിശ്വസിക്കുന്ന ജനങ്ങളുണ്ടാകുകയെന്നത് സ്വേച്ഛാധിപതികളുടെ ആഗ്രഹമാണ്.

സ്കൂളുകളിൽ രാഷ്ട്രീയം പരമകാഷ്ഠയിലായിരുന്ന കാലഘട്ടത്തിൽ പത്തുദിവസം പഠനമുണ്ടെങ്കിൽ എട്ടു ദിവസം സമരമാണ്. കൂടുതൽ സമരം ചെയ്താൽ മാത്രമാണ് തിരഞ്ഞെടുപ്പിൽ ജയിച്ച് അധികാരത്തിലെത്താൻ സാധിക്കുക. സ്വകാര്യ ട്യൂഷൻ നല്കാൻ കഴിവുള്ള മാതാപിതാക്കളുടെ മക്കൾ മാത്രമാണ് പരീക്ഷയിൽ ഉന്നത വിജയം നേടുക. അന്നത്തെ പഠിപ്പുമുടക്കിന് നേതൃത്വം വഹിച്ചവരാണോ ഇന്ന് കഞ്ചാവുകച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്നതെന്നത് പഠനവിഷയമാക്കണം.

**ആരാണ് ഈ പ്രിൻസിപ്പൽ?**

ഒരു രാഷ്ട്രീയത്തിന്റെ സാമ്പത്തികവും സാമൂഹികവുമായ വളർച്ചയുടെ അടിസ്ഥാനം അറിവിന്റെ ഉൽപാദനമാണ്. പാർട്ടി നേതാക്കൾക്ക് എന്തുകൊണ്ടാണ് അമേരിക്കയിലേക്ക് ശസ്ത്രക്രിയക്ക് പോകേണ്ടിവരുന്നത്? ഇവിടെ വിദഗ്ധരില്ല എന്നതാണ് അതിന്റെ കാരണം. ഇപ്പോഴും കുഴികൾ വരാത്ത വിധം റോഡ് ടാർ ചെയ്യാൻ കേരളത്തിലെ വിദഗ്ധർക്ക് അറിയില്ല.

അതിവിദഗ്ധരെയും അറിവിനെയും ഉൽപാദിപ്പിക്കാനുള്ള സാധ്യതകൾ കലാലയങ്ങളിണ്ടാക്കുക എന്നതാണ് വിദ്യാഭ്യാസത്തെ സംബന്ധിച്ച നിയമനിർമാണങ്ങളുടെ കാതലാകേണ്ടത്. കലാലയങ്ങളിൽ രാഷ്ട്രീയ സംഘടനകൾക്ക് സ്വാതന്ത്ര്യം നല്കിയാൽ ഇത്തരമൊരു സാധ്യത രൂപം കൊള്ളുമോ? ഇക്കാര്യം മനസ്സിലാകണമെങ്കിൽ ഒരു മനുഷ്യനിലെ

ജ്ഞാനവളർച്ചാ സാധ്യതകളുടെ വിവിധ ഘടകങ്ങളെ അപഗ്രഥിച്ച് അവയ്ക്ക് പരിഹാരം കാണുകയാണ് ചെയ്യേണ്ടത്. ഇന്ന് കേരളത്തിലെ വിദ്യാഭ്യാസ രംഗത്തെ പ്രശ്നം വിദ്യാർഥികൾ മയക്കുമരുന്ന് ഉപയോഗിക്കുന്നുവെന്നതല്ല, വിദ്യാർഥികൾക്ക് ജ്ഞാനത്തിൽ വളരുവാനോ ജ്ഞാനം ഉൽപാദിപ്പിക്കുവാനോ കഴിയുന്നില്ല എന്നതാണ്.

ഒരു ശിശുവിന്റെ വളർച്ചയുടെ ആദ്യ ഘട്ടത്തിൽ അവന്റെ മലമൂത്ര വിസർജനം, ഉറക്കം, ഭക്ഷണം തുടങ്ങിയവയെല്ലാം സമയക്രമം കൂടാതെയാണ്. സമയക്രമം പാലിച്ചില്ലെങ്കിൽ ശിശു സാമൂഹിക ജീവിയായി രൂപാന്തരപ്പെടുകയില്ല. വളരുന്ന ശിശുവിലേക്ക് സമയക്രമം സന്നിവേശിപ്പിച്ചതിനു ശേഷമാണ് പഠനക്രമം സന്നിവേശിപ്പിക്കുന്നത്. പഠനക്രമം പാലിക്കണമെങ്കിൽ അതിന് ഭരണക്രമം ആവശ്യമാണ്. 'ക്രമം' എന്ന വാക്കിനെ സ്നേഹിക്കുകയും പാലിക്കുകയും ചെയ്യുക എന്നതാണ് സ്വാതന്ത്ര്യം. ക്രമമെന്ന മലയാളപദത്തിന്റെ ആംഗലേയ അർഥം ഓർഡർ എന്നാണ്. ഓർഡർ എന്നാൽ കൽപിക്കുന്നു എന്ന് മലയാളത്തിലേക്കു വിവർത്തനം ചെയ്യരുത്. ഓർഡർ (ക്രമം) എന്നാൽ യുക്തിപരമായ വ്യക്തികളുടെ പ്രവർത്തനം സൃഷ്ടിക്കുന്ന സമാധാന അന്തരീക്ഷം എന്നതാണ്.

ഈ ക്രമത്തിൽ യുക്തിയെ ചോദ്യം ചെയ്യാനുള്ള സ്വാതന്ത്ര്യം മനുഷ്യനുണ്ട്. ഈ ക്രമത്തെ മാറ്റി പുതിയ ക്രമം കൊണ്ടുവരാം. എന്നാൽ ഈ ക്രമത്തെ നേരിട്ട് തകർക്കുന്നതാണ്. അക്രമം. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സമയക്രമം, പാഠ്യക്രമം, ഭരണക്രമം എന്നിവ പൊതു സമൂഹത്തിന്റെ നിർദ്ദേശമനുസരിച്ച് പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുന്നത് ആ സ്ഥാപനത്തിന്റെ പ്രിൻസിപ്പലാണ്. പ്രിൻസിപ്പലിന്റെ തെറ്റിനെ തിരുത്താൻ പ്രിൻസിപ്പിലിന്റെ മുകളിലുള്ള അനേകം സ്ഥാപനങ്ങളുണ്ട് (Institutions). അതിനു പകരം ഭരണപരമായി പ്രിൻസിപ്പലിന് താഴെയുള്ളവരെ പ്രിൻസിപ്പലിന് മൂക്കുകയറിടാൻ നിയമപരിരക്ഷ നല്കുന്നത് വിദ്യാഭ്യാസ രംഗത്തെ തകർക്കും.

ആരണ്ടാ, ആരണ്ടാ. ആരണ്ടാ ഈ പ്രിൻസിപ്പൽ എന്ന മുദ്രാവാക്യം വിളിക്കാനുള്ള സ്വാതന്ത്ര്യമാണ് ഇന്ന് കലാലയ രാഷ്ട്രീയം. അധികാരിയോടുള്ള ശത്രുതാപരമായ നിലപാട് വെച്ച് പുലർത്താനുള്ള സ്വാതന്ത്ര്യമാണ് രാഷ്ട്രീയ സംഘടനകൾക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിയമസാധുത നല്കുന്നതിലൂടെ സംഭവിക്കുക. മറ്റൊരു വിധത്തിൽ ഭരിക്കുന്ന പാർട്ടിയുടെ നേതാക്കൾക്ക് സംഘടനാ നേതാക്കളിലൂടെ പ്രിൻസിപ്പലിനെ സ്വന്തം വരുതിക്ക് നിർത്താനുള്ള ഉപകരണമാക്കാൻ ഈ നിയമത്തിന് കഴിയും. പക്ഷെ റോഡിൽ കുഴികളുണ്ടാകും, ട്രാഫിക് ക്രമം ലംഘിക്കും, കൈക്കൂലി വാങ്ങും, ഒരു സ്ഥാപനത്തിലും കീഴ്ഉദ്യോഗസ്ഥർ മേലുദ്യോഗസ്ഥന്റെ നിയമപരമായ ആജ്ഞകൾ അനുസരിക്കില്ല. ക്രമം വിദ്യാലയത്തിൽ പാലിക്കപ്പെട്ടില്ലെങ്കിൽ, ക്രമം രാഷ്ട്രത്തിൽ സൃഷ്ടിക്കുക അസാധ്യമാണ്. ഒരു മെക്സിക്കൻ അപാരത സൃഷ്ടിക്കപ്പെടും.



# ചിലരുടെ പാപ്പാ വിരുദ്ധത

**സി. സോണിയ തെരേസ് ഡി.എസ്സ്.ജെ.**

പരമ്പരാഗതമായ ആർഭാടങ്ങൾ ഉപേക്ഷിച്ച് വളരെ ലളിതമായി സെന്റ് പീറ്റേഴ്സ് സ്ക്വയറിൽ തടിച്ചുകൂടിയ വിശ്വാസികളുടെ മുമ്പിലേക്ക് കടന്നുവന്നത് ഫ്രാൻസിസ് പാപ്പാ ഇറ്റാലിയനിൽ ചെറിയ ഒരു തമാശ പറഞ്ഞു കൊണ്ടാണ്. "റോമിന് ഒരു മെത്രാനെ കണ്ടെത്തുവാൻ എന്റെ സഹോദരന്മാരായ കർദ്ദിനാളന്മാർ ലോകത്തിന്റെ അങ്ങേയറ്റം വരെ പോകേണ്ടിവന്നു". ലോകത്തിന് ഒരു മാർപാപ്പയെ കണ്ടെത്തുവാൻ എന്നല്ല, മറിച്ച് റോമിന് ഒരു മെത്രാനെ കണ്ടെത്തുവാൻ എന്നാണ് അദ്ദേഹം പറഞ്ഞത്. യാതൊരു അധികാരമോഹവും ഇല്ലാത്ത അദ്ദേഹത്തിന്റെ വാക്കുകൾ എല്ലാവരെയും അത്ഭുതപ്പെടുത്തി. പുതിയ മാർപാപ്പ ജനങ്ങൾക്കു നല്കാറുള്ള ആശീർവാദത്തിന് മുമ്പായി തനിക്കുവേണ്ടി ഓരോ വിശ്വാസിയും ദൈവ ത്തോട് പ്രാർത്ഥിച്ച് എന്നെ അനുഗ്രഹിക്കണം എന്നു പറഞ്ഞ് ജനസാഗരത്തിന്റെ മുമ്പിൽ തലകുമ്പിട്ടു നില്ക്കുന്ന പാപ്പയെ കണ്ട പ്പോൾ അവിടെയു

ണ്ടായിരുന്ന വരും ലോകത്തിലെ ഓരോ കോണിലും ഇരുന്ന് ഈ പ്രോഗ്രാം ലൈവായി കണ്ടിരുന്ന വരും ഒരു നിമിഷം സ്തംഭിച്ചു പോയി. തൊട്ടടുത്ത നിമിഷം ഫ്രാൻസിസ് പാപ്പായ്ക്ക് വേണ്ടി ലോകത്തിന്റെ ഓരോ കോണിലുമുള്ള ലക്ഷക്കണക്കിന് വിശ്വാസികളുടെ പ്രാർത്ഥനകൾ ദൈവസന്നിധിയിലേക്ക് ഉയർന്നു.

**ജീവിതം തന്നെ മാതൃകയാക്കിയ പാപ്പ**

എന്തോ ആദ്യദിനം തുടങ്ങി ഒത്തിരി വ്യത്യസ്തതകൾ തോന്നിക്കുന്ന എന്നാൽ വളരെ ലാളിത്യം നിറഞ്ഞ ഫ്രാൻസിസ് പാപ്പയുടെ വാക്കുകളും പ്രവൃത്തികളും ലോകത്തിന്റെ ഓരോ കോണും ആകാംക്ഷയോടെ ഉറ്റുനോക്കിക്കൊണ്ടിരുന്നു. സാധാരണക്കാരിൽ സാധാരണക്കാരനായി അധികാരത്തിന്റെ യാതൊരു ഗർവ്വും ഇല്ലാതെ ആബാലവൃദ്ധം ജനങ്ങളെ അനുഗ്രഹിച്ചും തലോടിയും കടന്നുപോയപ്പോൾ അദ്ദേഹത്തെ ഒന്ന് കാണുവാനായി ആയിരങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് സെന്റ് പീറ്റേഴ്സ് സ്ക്വയറിലേക്ക് ഒഴുകിയെത്താൻ തുടങ്ങി. താൻ പറയുന്നതെല്ലാം സ്വന്തം ജീവിതത്തിൽ പ്രാവർത്തികമാക്കി കാണിച്ചപ്പോൾ നിരീശ്വരവാദത്തിന്റെയും യുക്തിവാദത്തിന്റെയും അധാർമികതയുടെയും സാത്താൻ ആരാധനയുടെയും പിടിയിലമർന്ന യൂറോപ്യൻ രാജ്യങ്ങളിലെ ക്രൈസ്തവർ പതിയെ ഉയർത്തെഴുന്നേല്ക്കുവാൻ തുടങ്ങി. ഫ്രാൻസിസ് പാപ്പായുടെ സ്വന്തം ജീവിതം തന്നെ അവർക്ക് മുന്നിൽ ഒരു മാതൃകയായി തീർന്നപ്പോൾ വിഡ്ഢിത്തങ്ങൾക്ക് പിന്നാലെ എന്തിനു പോകണം എന്ന ചോദ്യമുയർന്നു..

ചിലർ ഒന്ന് തൊടാൻ പോലും മടിക്കുന്ന രോഗികളെ ഫ്രാൻസിസ് പാപ്പാ വാരിപ്പുണർന്നു. സുപരിചിതനെപ്പോലെ ചില വീടുകളിലേക്ക് ചെല്ലുകയും അവരോടു കുശലം ചോദിക്കു കയും ചെയ്തപ്പോൾ പലർക്കും 'ക്രിസ്തു വീണ്ടും ഈ ഭൂമി സന്ദർശിക്കുന്നതു പോലെ തോന്നി'. തങ്ങളുടെ ദുഃഖം പങ്കുവയ്ക്കാനായി ആരെങ്കിലും മാർപാപ്പയ്ക്ക് ഒരു കത്ത് അയച്ചാൽ അതിനു മറുപടിയായി ഒരു ഫോൺകോൾ അവരെ തേടിയെത്തും: "ഹലോ, ഞാൻ ഫ്രാൻസിസ് പാപ്പായാണ്..."

**ചെന്നായ്ക്കളുടെ പുതിയ അജണ്ട**

അനേകായിരം വിശ്വാസികളും അവിശ്വാസികളും ഫ്രാൻസിസ് പാപ്പായെ തങ്ങളുടെ ഹൃദയത്തിലേറ്റിയപ്പോൾ അവിടെയും ഇവിടെയും ചില പൊട്ടലും ചീറ്റലും കേൾക്കാൻ തുടങ്ങി. ഫ്രാൻസിസ് പാപ്പ പറയുന്നതും ചെയ്യുന്നതും എല്ലാം ജനങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റാൻ വേണ്ടിയാണെന്ന് ചിലർ അടക്കം പറഞ്ഞു. ഫ്രാൻസിസ് പാപ്പാ അർജന്റീനയുടെ തലസ്ഥാന നഗരിയായ ബോണോസയേഴ്സിൽ മെത്രാനായും കർദിനാളായും ജീവിച്ചപ്പോഴും ഇങ്ങനെയായിരുന്നു എന്നത് അവർ അറിഞ്ഞില്ല. അല്ലെങ്കിൽ, അറിഞ്ഞിട്ടും അറിഞ്ഞില്ലെന്നു നടിച്ചു. ഈ വിമർശകരുടെ സങ്കല്പത്തിലെ പാപ്പ അധികാരത്തിന്റെ ഗർവ്വ് കാട്ടി വത്തിക്കാന്റെ ഉള്ളിൽ കഴിഞ്ഞുകൂടുന്ന ഒരാളായിരുന്നു.

ദാരിദ്ര്യത്തെ വധുവായി സ്വീകരിച്ച അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ ആശയങ്ങൾ ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ ഫ്രാൻസിസ് പാപ്പാ തന്റെ ജീവിതത്തിലേക്ക് പകർത്തിയപ്പോൾ ചിലർക്കെങ്കിലും അതു സുഖിച്ചില്ല. ദൈവരാജ്യത്തിനുവേണ്ടി വേല ചെയ്യുന്നവർ തങ്ങളുടെ അജഗണങ്ങളുടെ മധ്യത്തിലേക്ക് കടന്നു ചെല്ലണമെന്നും, ആട്ടിടയന്മാർക്ക് ആടുകളുടെ മണം ഉണ്ടായിരിക്കണമെന്നുമുള്ള ഫ്രാൻസിസ് പാപ്പായുടെ വാക്കുകൾ, തങ്ങളുടെ ജീവിതത്തിലെ ചില വീഴ്ചകൾ കാരണം അധികാരത്തിൽ നിന്നോ സ്ഥാനമാനങ്ങളിൽ നിന്നോ മാറ്റിനിർത്തപ്പെട്ടിരുന്ന ചില ഇടയന്മാർക്ക് തീർത്തും ദഹിച്ചില്ല. തെറ്റ് ചെയ്തവർ നിയമത്തിന്റെ മുമ്പിൽ വരണമെന്ന ഫ്രാൻസിസ് പാപ്പായുടെ നിർബന്ധവും അദ്ദേഹത്തെ മറ്റു ചിലരുടെ കഠിന ശത്രുവാക്കി. ഒപ്പം, പ്രവചനങ്ങളുടെയും അത്ഭുതങ്ങളുടെയും പേരുപറഞ്ഞ് അനേകം വിശ്വാസികളെ മോഷ്ടിച്ചു കൊണ്ടിരുന്ന 'ആട്ടിൻ തോലണിഞ്ഞ ചെന്നായ്ക്കളെയും' ഫ്രാൻസിസ് പാപ്പായുടെ വരവ് തെല്ലു പ്രകോപിപ്പിച്ചു. ഏതുവിധേനയും ഫ്രാൻസിസ് പാപ്പായെ ലോകത്തിനുമുമ്പിൽ മോശമായി ചിത്രീകരിക്കണം എന്നതായി ഈ ചെന്നായ്ക്കളുടെ പുതിയ അജണ്ട.

മാർപാപ്പയെയോ മെത്രാനെയോ തള്ളിപ്പറയുന്നവർ വിശ്വസനീയം എന്ന് ഏവർക്കും തോന്നുന്ന ഏതെല്ലാം പ്രവചനങ്ങളും അത്ഭുതങ്ങളും നടത്തിയാലും അതെല്ലാം ഇരുട്ടിന്റെ ആത്മാവിന്റെ പ്രവൃത്തികൾ മാത്രമായിരിക്കും. പത്രോസിനെ തള്ളിപ്പറയുന്നവൻ ക്രിസ്തുവിനെ തള്ളിപ്പറയുന്നു. എന്തിലും ഏതിലും പാപ്പായെ കുറ്റപ്പെടുത്താൻ തക്കംനോക്കിയിരിക്കുന്നവർ - അവർ എത്ര ഉന്നതരായാലും ഐക്യത്തിന്റെ പ്രതീകത്തെ ഉടയ്ക്കാനാണ് ശ്രമിക്കുന്നത്. സഭയിലും സമൂഹത്തിലും കോളിളക്കമുണ്ടാക്കുന്ന തരം പാപങ്ങളിൽ മുഴുകുന്നവർക്കെതിരേ ഫ്രാൻസിസ്പാപ്പാ സ്വീകരിച്ച നടപടി - സീറോ ടോളറൻസ് - സുബുദ്ധികളായ ഏവരും അംഗീകരിക്കുകതന്നെ ചെയ്യും. വിശുദ്ധ പൗലോസ് ശ്ലീഹ പറഞ്ഞ വാക്കുകൾ ഞാൻ ഇവിടെ കുറിക്കുന്നു: "കർത്താവിന്റെ ദിവസം വന്നുകഴിഞ്ഞുവെന്നു സൂചിപ്പിക്കുന്ന പ്രവചനത്താലോ പ്രസംഗത്താലോ ഞങ്ങളുടേതെന്ന് അവകാശപ്പെടുന്ന ലേഖനത്താലോ നിങ്ങൾ പെട്ടെന്നു ചഞ്ചലചിത്തരും അസ്വസ്ഥരുമാകരുത്. ആരും നിങ്ങളെ ഒരുവിധത്തിലും വഞ്ചിക്കാതിരിക്കട്ടെ. (2 തെസ: 2: 2-3)



# ചില നന്മമരങ്ങൾ പുഷ്പിക്കുമ്പോൾ ദുർഗന്ധം വമിക്കുന്നതെന്തുകൊണ്ട്?

**വിനോദ് നെല്ലയ്ക്കൽ**

കഴിഞ്ഞ ഏതാനും ചില വർഷങ്ങളായി കേരളത്തിൽ പരക്കെ കാണപ്പെടുന്ന പ്രതിഭാസങ്ങളാണ് നന്മമരങ്ങൾ' സമൂഹ മാധ്യമങ്ങളുടെയും ഓൺലൈൻ പോർട്ടലുകളുടെയും പിൻബലത്തിലാണ് അവരിൽ പലരുടെയും പ്രർത്തനങ്ങൾ മുന്നേറുന്നത്. ഫേസ്ബുക്കിൽ ലക്ഷക്കണക്കിന് മുതൽ പതിനായിരങ്ങൾ വരെ ഫോളോവേഴ്സുള്ള കണക്കറ്റ 'നന്മമരങ്ങൾ' നമുക്കിടയിലുണ്ട്. അത്തരക്കാരുടെ പ്രധാന സേവനം, ആവശ്യക്കാരെ കണ്ടെത്തി ചികിത്സാ സഹായങ്ങൾ വിതരണം ചെയ്യുകയാണ്. ഇത്തരത്തിൽ കോടിക്കണക്കിന് രൂപ സമാഹരിച്ച് നിരവധി രോഗികൾക്ക് സഹായവും മറ്റ് സാമ്പത്തിക സഹായങ്ങളും നല്കിയ ഒട്ടേറെ സംഭവങ്ങളുണ്ട്. അവരുടെ പ്രവൃത്തിയുടെ മഹത്വത്തെ ഒരുതരത്തിലും കുറച്ചുകാണുവാൻ ആഗ്രഹിക്കുന്നില്ല എന്ന് ഓർമ്മിപ്പിച്ചുകൊള്ളട്ടെ. ആത്മാർത്ഥമായും മനഃസാക്ഷിക്കനുസൃതമായും ജനസേവനം നടത്തുന്നവർ ഈ പോസ്റ്റ് വായിച്ച് വേദനിക്കേണ്ടതില്ല എന്നർത്ഥം.

തെരുവിൽ അലഞ്ഞു തിരിഞ്ഞു നടന്നിരുന്ന ഇന്ത്യയെമ്പാടുമുള്ള പതിനാറായിരത്തിൽ പരം നിരാലംബരെ സുരക്ഷിത ഭവനങ്ങളിൽ എത്തിച്ചു സംരക്ഷിക്കാൻ കഴിഞ്ഞ ഒരു താപസവ്യക്തിത്വത്തെ നേരിട്ട് കണ്ടിട്ടുണ്ട്. അദ്ദേഹം സംരക്ഷിച്ചവരിൽ ഏറെയും മാനസികരോഗികളും, വികാലംഗരും, മാറാരോഗികളുമായിരുന്നു. ഒട്ടേറെപ്പേർ അദ്ദേഹത്തെ സഹായിക്കാൻ അരയും തലയും മുറുക്കി കൂടെ നിന്നു. ഫാ. ജോർജ് കുറ്റിക്കൽ എന്ന സന്ന്യാസവര്യനായിരുന്നു തെരുവിലലയുന്നവരുടെ രക്ഷകനായി ഭാരതമെമ്പാടും മരണം വരെയും സഞ്ചരിച്ചിരുന്ന ആ മഹദ്വ്യക്തിത്വം. അദ്ദേഹത്തിനോ അദ്ദേഹത്തിനൊപ്പമുള്ളവർക്കോ ഫേസ്ബുക്ക് പേജുകളും ഫാൻസ് ക്ലബുകളും ഉണ്ടായിരുന്നില്ല.

കുറച്ചുവർഷങ്ങൾക്ക് മുമ്പ് കോട്ടയത്ത് കണ്ടുമുട്ടിയ ഒരു ദേവസി ചേട്ടൻ ഉണ്ട്. കോട്ടയം മെഡിക്കൽ കോളേജിൽ പരിചയസമ്പന്നരായ നഴ്സുമാർക്ക് പോലും ശുശ്രൂഷിക്കാൻ കഴിയാത്തവിധം വഷളായ ആരോഗ്യസ്ഥിതിയുള്ളവർ വന്നുപെട്ടാൽ പതിവായി അവർ ഇദ്ദേഹത്തെ സഹായത്തിന് വിളിക്കും. സാധാരണക്കാരായ മനുഷ്യർ കണ്ണുതുറന്ന് നോക്കാൻ പോലും തയ്യാറാകാത്തവിധം വികൃതമായ വ്രണങ്ങളിൽനിന്നും നൂറുകണക്കിന് പുഴുക്കളെ അദ്ദേഹം പെറുക്കിയെടുക്കാറുണ്ടായിരുന്നു. മറ്റുള്ളവർ തൊടാൻ മടിക്കുന്നവരെ സ്നേഹത്തോടെ കുളിപ്പിക്കുകയും ഷേവ്ചെയ്തും മുടിവെട്ടിയും കൊടുക്കുകയും ചെയ്യാറുണ്ട്. ആശുപത്രിയിൽനിന്നിറങ്ങി എങ്ങോട്ടു പോകണമെന്നറിയാതെ നിരവധിപ്പേരെ സ്വന്തം വീട്ടിലേയ്ക്ക് കൂട്ടികൊണ്ടുപോകാറുണ്ട്. എന്റെയറിവിൽ അദ്ദേഹത്തിനും ഫേസ്ബുക്ക് പേജില്ല.

കൊല്ലത്ത് കുറച്ചുവർഷങ്ങൾക്ക് മുമ്പ് കണ്ടുമുട്ടിയ തങ്കച്ചൻ എന്ന വ്യക്തി, സ്വന്തം ഭവനത്തോട് ചേർന്ന് സംരക്ഷിച്ചിരുന്നത് പത്തൊമ്പത് മാനസികരോഗികളെയായിരിന്നു. തെരുവിൽ അലഞ്ഞുതിരിയുന്ന നിലയിൽ കണ്ടെത്തിയവരെ പലപ്പോഴായി വീട്ടിലേയ്ക്കു വിളിച്ചുകൊണ്ടുവന്നതാണ്. ഫേസ്ബുക്കും, വാട്ട്സാപ്പും അദ്ദേഹവും കണ്ടിട്ടുപോലും ഉണ്ടായിരുന്നില്ല. ഇങ്ങനെ എത്രയോപേർ നമുക്കിടയിൽ ജീവിക്കുന്നു? എത്രയോ സേവനങ്ങൾ നിശബ്ദമായി പതിനായിരങ്ങൾക്ക് ജീവനും സംരക്ഷണവും നല്കുന്നു? തെല്ലും അതിശയോക്തിയില്ലാതെ പറയട്ടെ, ഇത്തരത്തിൽ നിസ്വാർത്ഥമായ സേവന പ്രവർത്തനങ്ങൾ ചെയ്യുന്ന നൂറുകണക്കിന് വ്യക്തികളുടെയും, സ്ഥാപനങ്ങളെയും അടുത്തറിയാൻ അവസരം ലഭിച്ചിട്ടുണ്ട്. വിരലിലെണ്ണാവുന്ന ചിലർക്ക് ചികിത്സാ സഹായം പിരിവെടുത്ത് നല്കുകയല്ല. പതിനായിരക്കണക്കിന് ജീവനുകളെ ഏറ്റെടുത്ത് സംരക്ഷിക്കുകയാണ് ഇവരൊക്കെ ചെയ്യുന്നത്. ഫേസ്ബുക്ക് പേജുകളുടെയും പിൻബലത്തിൽ അവഹേളിക്കാനും ഇല്ലാതാക്കാനും നോക്കിയാൽ ഇല്ലാതാകുന്നതാണോ ഇത്തരം അനേകരുടെ നിശബ്ദ സേവനമെന്ന് ചിന്തിക്കേണ്ടത് കേരളത്തിലെ പൊതുസമൂഹമാണ്.

ഇടതുകരം ചെയ്യുന്നത് വലതുകരം അറിയാതെ സൂക്ഷിച്ചു ശീലിച്ച ഒരു വലിയ വിഭാഗത്തെയും, എന്തെങ്കിലും ചെയ്യുന്നതിന് മുമ്പേ സോഷ്യൽമീഡിയയിൽ പരസ്യപ്പെടുത്തി കയ്യടിയും കൂലിയും മുൻകൂർ വാങ്ങി ശീലിച്ച മറ്റൊരു വിഭാഗത്തെയും യുക്തിരഹിതമായി താരതമ്യം ചെയ്യുന്നത് ഇവിടെ പതിവാക്കിയ സാഹചര്യത്തിലാണ് ഈയൊരാമുഖം. നിസ്വാർത്ഥമായ സമൂഹസേവനത്തെയും കാരുണ്യപ്രവൃത്തികളെയും വ്യാജവാർത്തകൾ സൃഷ്ടിച്ച് ചെറുതാക്കികാണിക്കുവാനും അതുവഴി ഒരു വലിയ സമൂഹത്തെ തന്നെ അവഹേളിക്കുവാനും ചിലർ ഉദ്യമിക്കുന്നതിന് പിന്നിലെ ലക്ഷ്യങ്ങൾ നാം തിരിച്ചറിയേണ്ടതുണ്ട്. ചിലർക്ക് സഹായങ്ങൾ ചെയ്യാൻ തങ്ങൾ നേതൃത്വം നല്കുന്നു എന്ന് പരസ്യപ്പെടുത്തുന്നതിനോടൊപ്പമാണ്, മറ്റുള്ള അനേകരുടെ മഹത്തായ പ്രവർത്തനങ്ങളെ സമൂഹമധ്യത്തിൽ തരംതാഴ്ത്തി ചിത്രീകരിക്കാൻ ശ്രമിക്കുന്നതും എന്ന് കൂട്ടിവായിക്കേണ്ടതുണ്ട്. ഏറ്റവും ഒടുവിൽ നാം കണ്ട ഉദാഹരണമാണ് ചേർത്തല, പാണാവള്ളി അസീസി സ്പെഷ്യൽ സ്കൂളിന് നേരെ നടന്ന സൈബർ ആക്രമണം. അവിടെ വർഗീയ വിഷം വമിപ്പിച്ചുകൊണ്ട് അനേകരെ തെറ്റിദ്ധരിപ്പിക്കാൻ മുൻകൈ എടുത്തത് ഒരു സ്വയം പ്രഖ്യാപിത 'നന്മമരമായ' സാജൻ കേച്ചേരിയാണ്. അനവധി വർഷങ്ങളായി ഭിന്നശേഷിക്കാരായ ഒട്ടേറെകുട്ടികൾക്കും അവരുടെ കുടുംബത്തിനും കൈത്താങ്ങായി മാറിയ അടുത്തറിഞ്ഞ സകലരും സ്നേഹത്തോടെ മാത്രം കാണുന്ന ആ സ്ഥാപനത്തെ തന്റെ ഫേസ്ബുക്ക് പേജിലൂടെ ഇല്ലാക്കഥകൾ മെനഞ്ഞ് അധിക്ഷേപിക്കാനാണ് സാജൻ ശ്രമിച്ചത്. തെളിവുകളുടെ പിൻബലത്തിൽ വ്യക്തമായ മറുപടി ചിലരിൽനിന്ന് ലഭിച്ചെങ്കിലും അതിന് യുക്തമായ

വിശദീകരണം നല്കുന്നതിനുപകരം സ്വയം അപഹാസ്യനാകുന്നവിധം കൂടുതൽ മോശമായ ഭാഷയിൽ പ്രതികരിക്കുകയാണ് അയാൾ ചെയ്തത്.

തനിക്ക് തെറ്റുപറ്റിയെങ്കിൽ തിരുത്താൻ മനസാകാതെ, വീണ്ടും വെല്ലുവിളിക്കാനും കൂടുതൽ കള്ളത്തരങ്ങൾ പ്രചരിപ്പിക്കാനും ഉദ്യമിക്കുന്ന ഇത്തരക്കാരുടെ ലക്ഷ്യങ്ങൾ മതേതര കേരളം ആഗ്രഹിക്കാത്ത ചിലതാണെന്ന് തീർച്ച. സാമൂഹിക പ്രവർത്തനങ്ങളുടെ മറവിൽ കാപട്യങ്ങൾ അനുദിനം പെരുകുന്ന ഈ കാലത്ത് ഇത്തരക്കാരുടെ ലക്ഷ്യങ്ങൾ തിരിച്ചറിയേണ്ടത് ഈ പൊതുസമുഹത്തിന്റെ ഉത്തരവാദിത്തംകൂടിയാണ് എന്ന് നാം തിരിച്ചറിയണം. ചികിത്സാവശ്യത്തിനായി ലക്ഷങ്ങളും കോടികളും 'പുല്ലുപോലെ' സംഘടിപ്പിക്കുന്ന ഇത്തരം ചിലർക്കെതിരെ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾ ആരോപിക്കപ്പെടുകയും പല ആരോപണങ്ങളിലും വാസ്തവമുണ്ടെന്ന് വ്യക്തമാവുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ മുന്നോട്ടുവരുന്ന പലർക്കും വ്യാപകവും ശക്തവുമായ പിന്തുണകൾ രഹസ്യവും പരസ്യവുമായി, ചില സംഘടനകളിൽ നിന്നും വ്യക്തികളിൽനിന്നും ലഭിക്കുന്നതും സംശയങ്ങൾക്കിട നല്കുന്നു. ചില രഹസ്യനെറ്റ്‌വർക്കുകൾ ഇത്തരക്കാർക്കിടയിൽ പ്രവർത്തിക്കുന്നുണ്ട് എന്ന സൂചനകളുണ്ട്. മാധ്യമങ്ങളും, ബിസിനസ് മാഗ്നറ്റുകളും, രാഷ്ട്രീയ പ്രമുഖരും മറ്റുമായുള്ള ഇത്തരം ചില ന്യൂജെൻ സാമൂഹിക പ്രവർത്തകരുടെ ബന്ധങ്ങളും അപകട സൂചനകൾ നല്കുന്നുണ്ട്.

ഇത്തരത്തിലുള്ള വാസ്തവങ്ങൾ മനസ്സിലാക്കിക്കൊണ്ട് യാഥാർത്ഥ്യം തിരിച്ചറിഞ്ഞു പ്രതികരിക്കാൻ കേരളജനത തയ്യാറാകേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യമാണ്. പാണാവള്ളിയിലെ അസീസി സ്പേഷ്യൽ സ്കൂൾ മാത്രമല്ല, കേരളത്തിലെ നൂറുകണക്കിന് കത്തോലിക്കാ സ്ഥാപനങ്ങളിൽ നൂറുശതമാനവും സുതാര്യമായി പ്രവർത്തിക്കുന്നവയാണ്. നേരിട്ട് സന്ദർശിച്ച് വാസ്തവങ്ങൾ മനസിലാക്കാൻ കഴിയും. അപവാദ പ്രചാരണങ്ങളിൽ വഞ്ചിതരായി തെറ്റിദ്ധരിപ്പിക്കപ്പെടാതിരിക്കാൻ ശ്രദ്ധിക്കുകയും വേണ്ട ജാഗ്രത പുലർത്തുകയും വേണം.

## സ്പെഷൽ സ്കൂളിനെതിരേ വീഡിയോ പ്രചാരണം വ്യാജമെന്നു തെളിഞ്ഞു

**കൊച്ചി:** ഭിന്നശേഷിയുള്ള കുട്ടികളെ പരിപാലിക്കുന്ന സ്പെഷൽ സ്കൂളിനെതിരേ ഫേസ്ബുക്കിലൂടെ യുവാവ് നടത്തിയ വീഡിയോ പ്രചരണം വ്യാജമെന്നു തെളിഞ്ഞു.

ചേർത്തല പാണാവള്ളിയിലെ അസീസി റീഹാബിലിറ്റേഷൻ സെന്റർ ആൻഡ് സ്പെഷൽ സ്കൂളിനെതിരേ തൃശൂർ കേച്ചേരി സ്വദേശി നടത്തിയ പ്രചരണത്തിലെ ഗൂഢലക്ഷ്യങ്ങളും പൊള്ളത്തരങ്ങളും സോഷ്യൽ മീഡിയായിലൂടെ ക്ഷമാപണവും പോസ്റ്റ് പിൻവലിക്കാനുള്ള സന്നദ്ധതയുമായി രംഗത്തെത്തിയിരിക്കുകയാണു യുവാവ്.

പത്തു വർഷമായി സ്കൂളിലെ വിദ്യാർഥിനിയും ഓട്ടിസം രോഗിയുമായ പതിനാറു വയസുകാരിയെ ചിത്രീകരിച്ചുകൊണ്ടാണ് ഇയാൾ വീഡിയോ തയാറാക്കിയത്. കുട്ടിക്കു സ്കൂളിൽ മർദനം ഏൽക്കാറുണ്ടായിരുന്നെന്നും അതിന്റെ ഭാഗമായി അവളുടെ ശരീരത്തിൽ ആകമാനം പരിക്കുകളാണെന്നും വീഡിയോയിൽ പറയുന്നു. കഴിഞ്ഞദിവസമുണ്ടായ ക്രൂരമർദനം മൂലം കുട്ടിയുടെ ഒരു പല്ല് നഷ്ടപ്പെട്ടെന്നും വീഡിയോയിൽ യുവാവ് ആരോപിച്ചിരുന്നു. സാമൂഹ്യപ്രവർത്തകയും എഴുത്തുകാരിയമായ നിഷ ജോസ്, മാധ്യമപ്രവർത്തകൻ വിനോദ് നെല്ലിക്കൽ എന്നിവർ ചേർന്നാണ് നന്മമരങ്ങളുടെ കള്ളത്തരങ്ങളറിയാൻ എന്ന തലക്കെട്ടോടെ വീഡിയോ പ്രചാരണത്തിലെ പൊള്ളത്തരങ്ങൾ ഫേസ്ബുക്കിലൂടെ തന്നെ വെളിച്ചത്തുകൊണ്ടുവന്നത്. വീഡിയോയിൽ പരാമർശിക്കുന്ന പെൺകുട്ടിക്കു ഗുരുതരമായ വൈകല്യങ്ങളുള്ളതാണെന്നു നിഷ ജോസ് മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഉൾപ്പെടെ തെളിവുകൾ നിരത്തി സമർഥിക്കുന്നു.

സ്വയം ഉപദ്രവിക്കുകയും പരിക്കുകളേൽപ്പിക്കുകയും ചെയ്യുക, ഭിത്തിയിലും തറയിലുമൊക്കെ തല ഇടിക്കുക, കൈയ്യും വിരലുകളുമൊക്കെ കടിച്ചുമുറിക്കുക തലമുടി വലിച്ച് പറിക്കുക, സ്വയം മുഖത്തും തലയിലും ഇടിക്കുക, തൊലി സ്വയം മാന്തുകയും നുള്ളിപ്പറിക്കുകയും ചെയ്യുക, ശക്തമായി തലയിട്ടിളക്കുകയും കണ്ണുകൾ ചലിപ്പിക്കുകയും ചെയ്യുക എന്നീ പ്രശ്നങ്ങൾ പെൺകുട്ടിക്കുള്ള രോഗത്തിന്റെ ഭാഗമാണ്.

പെൺകുട്ടി ഏറെക്കാലമായി സ്കൂളിൽ പോകുന്നില്ല എന്ന കള്ളം അടിവരയിട്ടു പറഞ്ഞു കുട്ടിക്കായി ധനസഹായം അഭ്യർഥിച്ചു. നേരത്തെ ഇത് യുവാവ് മറ്റൊരു വീഡിയോ ഫേസ്ബുക്കിൽ പോസ്റ്റ് ചെയ്തിരുന്നു. എതിർപ്പുകളെത്തുടർന്ന് അതു നീക്കംചെയ്തു. കഴിഞ്ഞ പത്തുവർഷങ്ങൾക്കിടെ അപൂർവം ചില ദിവസങ്ങളിൽ മാത്രമാണു കുട്ടി സ്കൂളിൽ ഹാജരാകാതിരുന്നിട്ടുള്ളത്. വീട്ടിൽനിന്നു ദിവസവും വന്നുപോവുകയായിരുന്ന അവൾ സ്കൂൾബസ് കിട്ടാതെ പോയാൽ ഓട്ടോറിക്ഷ വിളിച്ചായാലും മാതാപിതാക്കൾ സ്കൂളിൽ എത്തിച്ചിരുന്നു.

യുവാവിന്റെ വീഡിയോ പുറത്തിറങ്ങിയതിനെത്തുടർന്നു സ്ഥാപനത്തിലെത്തിയ പൂച്ചാക്കൽ പോലീസും സ്ഥാപനത്തെക്കുറിച്ചു മികച്ച റിപ്പോർട്ടാണു കൈമാറിയിട്ടുള്ളത്. സ്കൂളിനൊപ്പം പെൺകുട്ടിയുടെ ആരോഗ്യാവസ്ഥയെ ഉയർത്തിക്കാട്ടി ധനസമ്പാദനം നടത്താനുള്ള ശ്രമങ്ങളും വീഡിയോയ്ക്കു പിന്നിലുണ്ടെന്നും നിഷ ജോസ് കുറിപ്പിൽ വ്യക്തമാക്കുന്നു. സന്ന്യാസിനികളുടെ നേതൃത്വത്തിൽ മാതൃകാപരമായി നടത്തുന്ന സ്പെഷൽ സ്കൂളുകൾക്കും സഭാസ്ഥാപനങ്ങൾക്കുമെതിരേ വ്യാജപ്രചാരണങ്ങൾ നടത്തുന്നവർക്കെതിരേ കർശന നടപടിയുണ്ടാകണമെന്നു കെസിബിസി ബൈബിൾ കമ്മീഷൻ മുൻസെക്രട്ടറി റവ. ഡോ. ജോഷി മയ്യാറ്റിൽ ആവശ്യപ്പെട്ടു.

അസീസി സ്കൂളിനെതിരേ ഉയർന്ന തെറ്റായ പ്രചാരണത്തിൽ സത്യാവസ്ഥ പുറത്തുകൊണ്ടുവരാൻ ശ്രമിച്ച വൈദികരോടും വിശ്വാസികളുടും നന്ദി അറിയിക്കുന്നതായി സ്കൂൾ പ്രിൻസിപ്പൽ സിസ്റ്റർ ഡോളി "ദീപികയോടു പറഞ്ഞു. സംഭവത്തിൽ തുടർനടപടികൾ സഭാധികാരികളുമായി ആലോചിച്ചു തീരുമാനിക്കുമെന്നും സിസ്റ്റർ അറിയിച്ചു. **(സിജോ പൈനാടത്ത്, ദീപിക, 29/11/2019)**

**യാക്കോബായസഭാസമരം ചർച്ച് ആക്ടുമായി ബന്ധിപ്പിക്കാനുള്ള ശ്രമം അപഹാസ്യം: കെസിബിസി**

കൊച്ചി: സുപ്രീംകോടതി വിധിയെത്തുടർന്ന് യാക്കോബായ സഭയിൽ ഉരുത്തിരിഞ്ഞിട്ടുള്ള പ്രശ്നങ്ങൾക്കു പരിഹാരമുണ്ടാകണം എന്നവശ്യപ്പെട്ടുകൊണ്ട് നവംബർ 27 ന് സെക്രട്ടറിയേറ്റിലേക്ക് നടത്തുന്ന പ്രതിഷേധ മാർച്ചും സമ്മേളനവും ചർച്ച് ആക്ട് നടപ്പാക്കാൻ ആവശ്യപ്പെട്ടു കൊണ്ടാണെന്ന മട്ടിൽ ചില സഭാവിരുദ്ധകേന്ദ്രങ്ങൾ നടത്തുന്ന പ്രചാരണങ്ങൾ തെറ്റിദ്ധാരണാജനകവും പ്രതിഷേധാർഹവുമാണ്. യാക്കോബായ-ഓർത്തഡോക്സ് സഭകൾ തമ്മിൽ നിലനില്ക്കുന്ന വിശ്വാസപരവും അജപാലനപരവുമായ തർക്കങ്ങൾ പരിഹരിക്കാനുള്ള മാർഗ്ഗം ചർച്ച് ആക്ട് നടപ്പാക്കി എല്ലാ ക്രിസ്തീയ വിഭാഗങ്ങൾക്കും പ്രതിസന്ധി സൃഷ്ടിക്കുകയെന്നതല്ല. സഭയുടെ ഹയരാർക്കിയും കെട്ടുറപ്പും തകർക്കുക എന്ന ലക്ഷ്യത്തോടെ രൂപം കൊടുത്തിട്ടുള്ള ചർച്ച് ബിൽ നിയമമാക്കണമെന്നത് ചില സഭാവിരുദ്ധ കേന്ദ്രങ്ങളുടെ നിലപാടാണ്. ഇതിൽ വീഴാതിരിക്കാൻ എല്ലാ ക്രിസ്തീയ സഭാവിഭാഗങ്ങളും ജാഗ്രതപുലർത്തണം.

സഭയുടെ വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിന് നിലവിൽ ഒരു നിയമവുമില്ല എന്ന പ്രചരണം തെറ്റാണ്. സഭയുടെ വസ്തുക്കളും സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്നതിൽ ഈ രാജ്യത്ത് നിലവിലുള്ള സിവിൽ നിയമങ്ങളും സഭാനിയമങ്ങളും ബാധകമാണ്. പ്രസ്തുത നിയമങ്ങൾക്കനുസരിച്ചാണ് അവ കൈകാര്യം ചെയ്യപ്പെടുന്നത്. ഏതെങ്കിലും നിയമലംഘനമുണ്ടായാൽ ബന്ധപ്പെട്ട സഭാധികാരികളെയോ, സിവിൽ കോടതികളെയോ സമീപിച്ച് പരിഹാരം തേടുന്നതിനുള്ള സംവിധാനം ഇപ്പോൾതന്നെ നിലവിലുണ്ട്. അക്കാരണത്താൽ, സഭയുടെ സ്വത്തുക്കളും സ്ഥാപനങ്ങളും സുതാര്യമായും നീതിപൂർവകമായും കൈകാര്യം ചെയ്യുന്നതിനും, ദുരുപയോഗമോ, ദുർഭരണമോ ഉണ്ടായാൽ പരിഹാരമുണ്ടാക്കുന്നതിനും ഒരു പുതിയനിയമം വേണം എന്ന വാദം അടിസ്ഥാനരഹിതനമാണ്.

ഹിന്ദു, മുസ്ലീം, സിക്ക് തുടങ്ങിയ സമുദായങ്ങളുടെ സ്വത്തുക്കൾ പ്രത്യേക നിയമപ്രകാരം നിയന്ത്രിക്കപ്പെടുമ്പോൾ ക്രിസ്ത്യൻ പള്ളികളുടെ സ്വത്തുക്കൾ കൈകാര്യം ചെയ്യാൻ നിയമില്ലാത്തത് വിവേചനപരമാണെന്ന ആക്ഷേപം ശരിയല്ല. വഖഫ് ബോർഡ്, ദേവസ്വം ബോർഡ് തുടങ്ങിയ സംവിധാനങ്ങൾ സ്ഥാപിക്കപ്പെട്ട ചരിത്രപരമായ കാരണങ്ങളും സാഹചര്യങ്ങളുമല്ല ക്രൈസ്തവസഭകളുടെ സ്വത്തുക്കളും സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്ന കാര്യത്തിൽ നിലവിലുള്ളത്. ഭരണഘടന ഉറപ്പുനല്കിയിട്ടുള്ള മതപരമായ അവകാശങ്ങളും സഭയുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും സുതാര്യവും നീതിപൂർവ്വകവുമായ ഭരണം ഉറപ്പാക്കുന്നതിനാവശ്യമായ സഭാനിയമങ്ങളും സിവിൽനിയമങ്ങളും ഇപ്പോൾ തന്നെ നിലവിലുണ്ട്. അക്കാരണത്താൽ ക്രൈസ്തവ സഭകളുടെ സ്വത്തുക്കളുടെയും സ്ഥാപനങ്ങളുടെയും നടത്തിപ്പിനും നിയന്ത്രണത്തിനും വഖഫ്, ദേവസ്വം ബോർഡുകൾ പോലുള്ള സംവിധാനങ്ങളും തത്തുല്യമായ പുതിയ നിയമങ്ങളും അപ്രസക്തവുമാകുന്നു. അതിനാൽ ചർച്ച് ആക്ട് നടപ്പാക്കണമെന്ന സഭാവിരുദ്ധ കേന്ദ്രങ്ങളുടെ നിലപാടും യാക്കോബായ സഭയിൽ ഇപ്പോഴുള്ള പ്രതിസന്ധികൾ പരിഹരിക്കണമെന്ന ആവശ്യവും ഒന്നാണെന്ന പ്രചാരണം തെറ്റിദ്ധാരണാജനകമാണ് **(25/11/2019)**

**ഇടുക്കി ജില്ലാ നിവാസികൾക്കു പൗരാവകാശം നിഷേധിക്കുന്ന നടപടികൾ നിറുത്തി വയ്ക്കുകയും വിവേചനപരമായ ഉത്തരവുകൾ റദ്ദുചെയ്യുകയും വേണം: കെസിബിസി ഐക്യജാഗ്രതാ സമിതി**

ഇടുക്കി ജില്ലയിൽ ഏർപ്പെടുത്തിയിട്ടുള്ള ഭൂവിനിയോഗ നിയന്ത്രണങ്ങളും കെട്ടിട നിർമ്മാണ നിയന്ത്രണങ്ങളും പിൻവലിച്ച് ഉത്തരവു പുറപ്പെടുവിക്കുവാൻ സർക്കാർ തയ്യാറാകണം. കേരളത്തിൽ ജീവിക്കുന്ന ജനങ്ങൾക്കിടയിൽ പ്രാദേശികമായി വിവേചനം പുലർത്തുന്ന നടപടികൾ സർക്കാർ അവസാനിപ്പിക്കണം. ഇടുക്കി ജില്ലയിലുൾപ്പെടെ ചെറുകിട കർഷകരും കർഷകത്തൊഴിലാളികളും കാർഷിക മേഖലയുടെ തകർച്ചയിൽ വഴിമുട്ടി നില്ക്കുമ്പോഴാണ് സംസ്ഥാന സർക്കാർ കർഷകവിരുദ്ധ നയങ്ങളും നടപടികളുമായി വന്നിട്ടുള്ളത്. കാർഷികമേഖലയുടെ തകർച്ചയിൽ അടിയന്തിരമായ ആശ്വാസനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. വർധിച്ചുവരുന്ന വന്യമൃഗങ്ങളുടെ ആക്രമണം ഉൾപ്പെടെയുള്ള വിഷയങ്ങളിൽ, മനുഷ്യത്വപരമായ സമീപനവും മനുഷ്യജീവനും സ്വത്തും സംരക്ഷിക്കുന്ന നടപടികളും സ്വീകരിക്കാൻ സർക്കാർ തയ്യാറാകണമെന്ന് പിഒസിയിൽ ചേർന്ന കെസിബിസി ഐക്യജാഗ്രതാസമിതിയുടെ പ്രത്യേക സമ്മേളനം ആവശ്യപ്പെട്ടു.**(9/11/2019)**

**കലാലയരാഷ്ട്രീയം അരുത്,ന്യൂനപക്ഷ വിദ്യാഭ്യാസ അവകാശങ്ങൾ നിഷേധിക്കുന്നു. അധ്യാപകർ സമരപാതയിലേക്ക്**

**കെസിബിസി. വിദ്യാഭ്യാസകമ്മീഷൻ**

**നിയമന അംഗീകാരമില്ലാത്ത അധ്യാപകർ**

സംസ്ഥാനത്തെ എയ്ഡഡ് വിദ്യാലയങ്ങളിലെ 2016 മുതലുള്ള നിയമനങ്ങൾക്ക് അംഗീകാരമില്ലാതെ, നൂറുകണക്കിന് അധ്യാപകർ നാല് അധ്യയനവർഷങ്ങളായി പ്രതിഫലമില്ലാതെ ജോലി ചെയ്യേണ്ടി വരുന്ന അതീവ നിർഭാഗ്യകരമായ അവസ്ഥയാണ് ഇന്നുള്ളത്. മനുഷ്യാവകാശങ്ങൾ പോലും നിഷേധിക്കപ്പെടുന്ന ഈ അധ്യാപകരുടെ ധാർമ്മിക സമരങ്ങളെ സർക്കാർ കണ്ടില്ലെന്നു നടിക്കുകയണ്. 2016-ലെ കെഇആർ ഭേദഗതിയിലൂടെ അധികതസ്തികകളിലെ നിയമനങ്ങളിൽ 1:1 (പ്രൊട്ടക്ടഡ് അധ്യാപകരും, മാനേജുമെന്റ് നിയമിക്കുന്ന അധ്യാപകരും) എന്ന അനുപാതം പാലിക്കണമെന്ന സർക്കാർ നിലപാടാണ്

പ്രശ്നങ്ങളുടെ അടിസ്ഥാനം. 1979-നു ശേഷം സ്ഥാപിതമായ വിദ്യാലയങ്ങളിൽ ഒരു തസ്തിക വീതം സർക്കാരിന് വിട്ടു കൊടുക്കണമെന്ന ഭേദഗതിയുമുണ്ടായി. ന്യൂനപക്ഷ വിദ്യാഭ്യാസസ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളം ഭരണഘടന അവർക്ക് ഉറപ്പു നൽകുന്ന 30(1) അനുച്ഛേദത്തിന്റെ ലംഘനമാണിത്. വേതനം ലഭിക്കാതെ വർഷങ്ങളായി ജോലി ചെയ്യേണ്ടി വരുന്ന ഈ സാഹചര്യം പരിഹരിക്കാൻ സർക്കാർ അടിയന്തരനടപടി സ്വീകരിക്കണം. 2014-15 വർഷങ്ങളിൽ അനുവദിച്ച കുറെയേറെ ഹയർസെക്കണ്ടറി സ്കൂളുകളിൽ ഇനിയും തസ്തിക നിർണ്ണയം നടത്തി അധ്യാപക നിയമനം നടത്തിയിട്ടില്ല. ഹയർ സെക്കണ്ടറി ഏകീകരണത്തിലും സർക്കാർ സമവായത്തിന്റെ മാർഗമല്ല സ്വീകരിക്കുന്നത്.

**ചലഞ്ച്ഫണ്ട് ലഭ്യമായില്ല**

സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസമേഖലയിലെ ആകർഷകമായ പദ്ധതിയാണ് ചലഞ്ച്ഫണ്ട്. ഗവണ്മെന്റ് സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം, എയ്ഡഡ് വിദ്യാലയങ്ങളിലും ഈ പദ്ധതി നടപ്പിലാക്കാം എന്നതായിരുന്നു ഗവണ്മെന്റിന്റെ വാഗ്ദാനം. പുതിയ കെട്ടിടങ്ങൾ നിർമ്മിക്കാൻ മാനേജുമെന്റുകൾ ചെലവാക്കാൻ തയ്യാറാകുന്ന അത്രയും തുക സർക്കാരും തരുമെന്നതായിരുന്നു വാഗ്ദാനം. എന്നാൽ പണി പൂർത്തിയാക്കി ആവശ്യമായ രേഖകൾ സമർപ്പിച്ചിട്ടും ഫണ്ട് വിതരണം ചെയ്യുന്നില്ല. പല വിദ്യാലയങ്ങളും ഫണ്ട് ലഭ്യമാകാതെ നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. ചലഞ്ച് ഫണ്ട് വഴി വിദ്യാഭ്യാസമന്ത്രി 2019 ജൂൺ 15 ന് ഉദ്ഘാടനം ചെയ്ത് നിർമ്മിച്ച ആദ്യത്തെ വിദ്യാലയത്തിനു പോലും പണം ലഭിച്ചില്ല.

**ഞായറാഴ്ചകൾ പ്രവൃത്തി ദിനങ്ങളാക്കുന്നു.**

ഈ അടുത്ത കാലത്ത് ഞായറാഴ്ചകൾ അപ്രഖ്യാപിത പ്രവൃത്തി ദിനങ്ങളാക്കുന്ന ഒരു സമീപനം കേന്ദ്ര, സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്നു. ദേശീയ മെറിറ്റ് കം മീൻ പരീക്ഷകൾ, നീറ്റ് പരീക്ഷകൾ, സംസ്ഥാന സർക്കാരിന്റെ പിഎസ്.സി. പരീക്ഷകൾ, സാക്ഷരത തുല്യ പരീക്ഷകൾ, ഉപജില്ല, ജില്ല, സംസ്ഥാന ശാസ്ത്ര പ്രവർത്തി പരിചയ, കായിക, കലാ മേളകൾ, ഐടി. അറ്റ് സ്കൂളിന്റെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമുള്ള പരിശീലന പരിപാടികൾ, പ്രധാനാധ്യാപകർക്കായി സീമാറ്റ് നടത്തുന്ന പരിശീലനങ്ങൾ, കെ-ടെറ്റ് പരീക്ഷകൾ എന്നിവ ഞായറാഴ്ചകളിൽ സംഘടിപ്പിക്കാൻ തുടങ്ങിയിരിക്കുന്നു. വരുന്ന ക്രിസ്തുമസ്സ് അവധി ദിനങ്ങളിൽ ശനി, ഞായർ, തിങ്കൾ ദിവസങ്ങളിൽ(ഡിസംബർ 21, 22, 23) സംസ്ഥാനത്തെ 6,7,8 ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് ത്രിദിന ഗണിത സഹവാസ ക്യാമ്പുകൾ പ്രഖ്യാപിച്ചിരിക്കുകയാണ്. ക്രൈസ്തവ വിശ്വാസികളെ സംബന്ധിച്ചിടത്തോളം മതപഠന ക്ലാസുകൾക്കും മറ്റ് ആരാധനാ ശുശ്രൂഷകൾക്കും തടസ്സം സൃഷ്ടിക്കുന്ന ഇത്തരം നടപടികളിൽ നിന്ന് സർക്കാർ പിന്മാറണം. ന്യൂനപക്ഷങ്ങളുടെ അവകാശ സംരക്ഷണ കാര്യങ്ങളിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഒരേ തൂവൽ പക്ഷികളാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

**കലാലയ രാഷ്ട്രീയം അരുത്**

കലാലയങ്ങളിൽ നിന്ന് പടിയിറങ്ങിയ വിദ്യാർത്ഥി രാഷ്ട്രീയം തിരിച്ചു വരുന്നതിന് നിയമപരിരക്ഷ നൽകുന്ന പുതിയ നിയമം കൊണ്ടുവരാനുള്ള സർക്കാർ നീക്കം ഉൽക്കണ്ഠാജനകമാണ്. കലാലയ രാഷ്ട്രീയം നിരോധിച്ചുകൊണ്ടുള്ള നിരവധിയായ കോടതി ഉത്തരവുകളെ മറികടക്കുവാൻ വേണ്ടി നടത്തുന്ന ഈ നിയമനിർമ്മാണം നീതിന്യായവ്യവസ്ഥയോടുള്ള വെല്ലുവിളിയാണ്. തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ഓരോ ദിവസവും പുറത്തു വരുന്ന വാർത്തകളും, പാലക്കാട് വിക്ടോറിയാ കോളേജിലും എറണാകുളം മഹാരാജാസ് കോളേജിലും പ്രിൻസിപ്പാൾമാരെ അപമാനിച്ചതും നമുക്ക് കണ്ടില്ലെന്ന് നടിക്കാമോ? 'അഭിമന്യു' ഉൾപ്പെടെയുള്ള എത്രയോ കുട്ടികളെയാണ് നമ്മുടെ മാതാപിതാക്കന്മാർക്ക് നഷ്ടപ്പെട്ടത്. ഇതെല്ലാം കണ്ടില്ലെന്ന് നടിച്ച് വിദ്യാർത്ഥി രാഷ്ട്രീയത്തെ വെള്ള പൂശാനുള്ള ശ്രമങ്ങളിൽ നിന്ന് സർക്കാർ പിന്മാറണം.

**സംസ്ഥാന കൺവെൻഷനും റാലിയും**

മേല്പറഞ്ഞ കാര്യങ്ങളിൽ സർക്കാർ ചർച്ചകളുടെയും സമവായത്തിന്റെയും മാർഗങ്ങൾ സ്വീകരിക്കാത്ത പശ്ചാത്തലത്തിൽ 2020 ജനുവരി 17, 18 തിയതികളിൽ തൊടുപുഴയിൽ വെച്ച് സംസ്ഥാനതലത്തിലുള്ള അധ്യാപക സംഗമം വിളിച്ചു കൂട്ടുകയാണ്. സംസ്ഥാനത്തെ 33 രൂപതകളിൽ നിന്നുള്ള ആയിരക്കണക്കിന് അധ്യാപകർ പങ്കെടുക്കുന്ന റാലിയും, പൊതുസമ്മേളനവും സംഘടിപ്പിച്ചിട്ടുണ്ട്. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് നേതൃത്വം നൽകുന്ന ഈ സംഗമത്തിൽ മതമേലധ്യക്ഷന്മാരും, രാഷ്ട്രീയ, സാംസ്കാരിക, വിദ്യാഭ്യാസരംഗത്തെ പ്രമുഖരും പങ്കെടുക്കും.

**സെക്രട്ടറിയേറ്റ് മാർച്ച് 2020 ഫെബ്രുവരി 5ന്**

സർക്കാർ നിലപാടിൽ മാറ്റങ്ങൾ ഉണ്ടായില്ലെങ്കിൽ 2020 ഫെബ്രുവരി 5ന് കാസർഗോഡ് മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലെ അധ്യാപകരും, വിദ്യാഭ്യാസപ്രവർത്തകരും സെക്രട്ടറിയേറ്റിലേക്ക് മാർച്ച് നടത്താൻ തീരുമാനിച്ചിരിക്കുകയാണ്. ഇക്കാര്യങ്ങളിൽ കേരളത്തിലെ പൊതു സമൂഹത്തിന്റെയും മാധ്യമപ്രവർത്തകുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. **(4/12/2019)**

# കെസിബിസി സെമിനാർ

## “മതഭീകരതയ്ക്കു വളംവയ്ക്കുന്ന രാഷ്ട്രീയ, സാമൂഹ്യ സാമ്പത്തിക ഘടകങ്ങൾ കേരളപശ്ചാത്തലത്തിൽ”

**(2019 നവംബർ, 21 വ്യാഴാഴ്ച പാലാരിവട്ടം, പി.ഒ.സി)**

### നിലവിലുള്ള രാഷ്ട്രീയ സാഹചര്യങ്ങൾ ഭീകരതയ്ക്ക് വളംവയ്ക്കുന്നു:

**മുൻ ഡിജിപി ടി.പി. സെൻകുമാർ ഐപിഎസ്**



**കൊച്ചി:** സംസ്ഥാനത്ത് നിലവിലുള്ള രാഷ്ട്രീയ സാഹചര്യങ്ങളാണ് ഭീകരതയ്ക്ക് അനുകൂലമായ പ്രധാനഘടകമെന്നും ജനസംഖ്യാപെരുപ്പം ലാക്കാക്കിയുള്ള ലവ്ജിഹാദ് പോലുള്ള പ്രവർത്തനങ്ങൾ ചിലർ തങ്ങളുടെ സാമ്പത്തിക രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി ഫലപ്രദമായി ഉപയോഗിക്കുന്നുണ്ടെന്നും അതിന് വ്യക്തമായ അനവധി തെളിവുകൾ ലഭ്യമാണെന്നും മുൻ ഡിജിപി. ടി.പി. സെൻകുമാർ പറഞ്ഞു. “മതഭീകരതയ്ക്ക് വളംവയ്ക്കുന്ന രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക ഘടകങ്ങൾ കേരള പശ്ചാത്തലത്തിൽ” എന്ന വിഷയത്തിൽ നവംബർ ഇരുപത്തൊന്നാം തിയതി പാലാരിവട്ടം പിഒസിയിൽ കെസിബിസി സെക്രട്ടറിയേറ്റും അല്മായ -ഐക്യ ജാഗ്രതാ കമ്മീഷനുകളും സംയുക്തമായി സംഘടിപ്പിച്ച സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം. കഴിഞ്ഞ ഏതാനും വർഷങ്ങളായി കേരളത്തിൽ വളർന്നുകൊണ്ടിരിക്കുന്ന മതമൗലികവാദവും തീവ്രവാദചിന്തകളും അതുമൂലമുണ്ടാകുന്ന അക്രമങ്ങളും അവസാനിപ്പിക്കാൻ പോലീസ് മേധാവികൾക്ക് തന്റേടമുണ്ടെങ്കിൽ നിഷ്പ്രയാസം കഴിയും. രാഷ്ട്രീയവും സാമ്പത്തികവുമായ ബന്ധങ്ങളെയും സാധ്യതകളെയും ചിലർ സ്ഥാപിത താത്പര്യങ്ങൾക്കായി ദുരുപയോഗിക്കുന്നുണ്ട്. ഇതു വഴിയായി കേരളസമൂഹം പൊതുവിൽ അരക്ഷിതാവസ്ഥയിൽ അകപ്പെട്ടിരിക്കുകയാണ്. സാമ്പത്തികവും രാഷ്ട്രീയവുമായ മേൽക്കോയ്മ നേടിയെടുക്കാൻ അത്തരക്കാർക്ക് കഴിഞ്ഞിരിക്കുന്നത് ഇന്ന് കേരളം നേരിടുന്ന പ്രധാന പ്രതിസന്ധികളിൽ ഒന്നാണ്. ഇവയ്ക്ക് പരിഹാരം കണ്ടെത്താനുള്ള ആദ്യപടി പ്രശ്നങ്ങൾ നിലനില്ക്കുന്നുവെന്ന തിരിച്ചറിവും ജാഗ്രതയും പൊതുസമൂഹത്തിനുണ്ടാകുക എന്നതാണ്. ഭരണാധികാരികളും വിവിധ മതങ്ങളിലെ ഉത്തരവാദിത്വപ്പെട്ടവരും ഒരുമിച്ചിരുന്ന് ഇക്കാര്യങ്ങൾ ചർച്ചചെയ്യുകയും അവിടെ ഉരുത്തിരിയുന്ന പരിഹാരമാർഗ്ഗങ്ങൾ സമൂഹത്തിന്റെ താഴേത്തട്ടിലേക്കെത്തിക്കുകയുമാണ് ഇതിന് പരിഹാരമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

കെസിബിസിയുടെ വിവിധ കമ്മീഷനുകളുടെയും സംഘടനകളുടെയും അംഗങ്ങൾക്കായി സംഘടിപ്പിച്ച സെമിനാർ കെസിബിസി അല്മായ-ജാഗ്രതാ കമ്മീഷനുകളുടെ ചെയർമാൻ ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ് ഉദ്ഘാടനം ചെയ്തു. ഇന്ന് കേരളവും ആഗോളസമൂഹവും നേരിടുന്ന മതഭീകരതപോലുള്ള പ്രതിസന്ധികൾക്കും മനുഷ്യത്വരഹിതമായ ആക്രമണപരമ്പരകൾക്കും കടന്നുകയറ്റങ്ങൾക്കും മാനവികതയിൽ ഊന്നിയുള്ള പരിഹാരം വിവിധ സമുദായങ്ങളുടെയും സർക്കാരിന്റെയും നേതൃത്വത്തിൽ കണ്ടെത്തേണ്ടതുണ്ടെന്ന് ബിഷപ്പ് ജോഷ്വ മാർ ഇഗ്നാത്തിയോസ് ഓർമ്മിപ്പിച്ചു.

പ്രൊഫ. ഡോ. തോമസുകുട്ടി പനച്ചിക്കൽ, ഡോ. കുര്യാസ് കുമ്പളക്കുഴി, കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട്, കെസിബിസി ഐക്യജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. സാജു കൂത്തോടിപുത്തൻ പുരയിൽ സിഎസ്റ്റി, കെസിബിസി അല്മായ കമ്മീഷൻ സെക്രട്ടറി പി. കെ. ജോസഫ് എന്നിവർ പ്രസംഗിച്ചു. ജോയി ഗോതുരുത്ത് സെമിനാർ മോഡറേറ്റ് ചെയ്തു.

# വിശുദ്ധ നാമകരണ നടപടികളിലെ അത്ഭുത സൗഖ്യങ്ങൾ - യുക്തിയും സത്യവും

**2019- ഒക്ടോബർ 29 പാലാരിവട്ടം പി.ഒ.സിയിൽ വച്ച് സംഘടിപ്പിച്ച സിമ്പോസിയം**

## അത്ഭുതസൗഖ്യങ്ങൾ യുക്തിക്കോ ശാസ്ത്രത്തിനോ എതിരല്ല: ഡോ. എ. ആനന്ദ്കുമാർ




**കൊച്ചി:** രോഗചികിത്സയും രോഗസൗഖ്യവും തമ്മിൽ അന്തരമുണ്ടെന്നും ഒരു വ്യക്തിയുടെ രോഗസൗഖ്യത്തിൽ അദ്ദേഹത്തിന്റെ ആത്മീയതയ്ക്കും മനഃശാസ്ത്രപരമായ ഘടകങ്ങൾക്കും സ്വാധീനമുണ്ടെന്നും അതിനാൽ അത്ഭുതസൗഖ്യങ്ങൾ യുക്തിക്കോ ശാസ്ത്രത്തിനോ എതിരല്ലെന്നും അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് വൈസ് പ്രിൻസിപ്പലും ന്യൂറോളജി വിഭാഗം തലവനുമായ ഡോ. ആനന്ദ്കുമാർ അഭിപ്രായപ്പെട്ടു. വിശുദ്ധ നാമകരണ നടപടികളിലെ അത്ഭുതസൗഖ്യങ്ങൾ - യുക്തിയും സത്യവും എന്ന വിഷയത്തെക്കുറിച്ച് പി.ഒ. സിയിൽ നടന്ന സിമ്പോസിയത്തിൽ പങ്കെടുത്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

അറിവിനെ സംബന്ധിക്കുന്ന പുതിയ സങ്കേതങ്ങൾ ഉപയോഗിച്ച് ആഖ്യാനം ചെയ്യുമ്പോൾ അത്ഭുതങ്ങൾ അസാധുവാകുകയല്ല, നേരെ മറിച്ച് അതിന് കൂടുതൽ യുക്തിപരമായ സ്വീകാര്യത കൈവരിക്കുകയാണ് ചെയ്യുന്നതെന്ന് റവ. ഡോ. അഗസ്റ്റിൻ പാംപ്ലാനി സിഎസ്റ്റി. അഭിപ്രായപ്പെട്ടു.

മനോജന്യ രോഗസൗഖ്യം എന്ന ചട്ടക്കൂടിനുള്ളിൽ ഒതുക്കാൻ സാധിക്കുന്നവയല്ല അത്ഭുതരോഗശാന്തികൾ എന്ന് വിശേഷിപ്പിക്കുന്ന രോഗസൗഖ്യങ്ങൾ എന്ന് സൈക്കോളജിസ്റ്റ് നിഷ ജോസ് നിരീക്ഷിച്ചു. വിശുദ്ധരുടെ നാമകരണത്തിൽ അത്ഭുതരോഗശാന്തി വിശകലനം ചെയ്ത് സ്ഥിരീകരിക്കുന്ന നടപടിക്രമങ്ങൾ റവ. ഡോ. റോയി കടുപ്പിൽ വിശദീകരിച്ചു. ശാസ്ത്രീയ വിശകലനങ്ങൾക്കതീതവും ഉടനടി സംഭവിക്കുന്നതുമായ സൗഖ്യങ്ങളെ മാത്രമേ അത്ഭുതമായി സഭ പരിഗണിക്കൂ എന്നും നാമകരണനടപടിയിൽ ദൈവത്തിന്റെ കൈയൊപ്പാണ് അത്ഭുതങ്ങൾ എന്നും അദ്ദേഹം പറഞ്ഞു.

കയോസ് സിദ്ധാന്തം, ക്വാണ്ടം സിദ്ധാന്തം തുടങ്ങിയ ശാസ്ത്ര മുന്നേറ്റങ്ങൾ നമ്മുടെ പരിമിതികളെക്കൂടി നമുക്കു പറഞ്ഞു തരുന്നവയാണെന്നും, നമ്മുടെ ചിന്തയുടെ സ്വാഭാവിക ചട്ടക്കൂട്ടിൽ ഒതുങ്ങാത്തതുകൊണ്ട് പ്രാർത്ഥനയിലൂടെ സംഭവിക്കുന്ന രോഗശാന്തി അശാസ്ത്രീയമാണെന്ന് പറയാൻ സാധിക്കില്ല എന്നും ആശംസകൾ അർപ്പിച്ചുകൊണ്ട് അയച്ച സന്ദേശത്തിൽ ഡോ. സി. രാധാകൃഷ്ണൻ പറഞ്ഞു.

സിമ്പോസിയത്തിൽ കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് ചർച്ചകൾ നിയന്ത്രിച്ചു. ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. സാജു കുത്തോടി പുത്തൻപുരയിൽ സിഎസ്റ്റി സ്വാഗതം ആശംസിച്ചും സിസ്റ്റർ എൽസി സേവ്യർ സിഎച്ച്എഫ് കൃതജ്ഞത പ്രകാശിപ്പിച്ചു.

=======================================

### ദൈവത്തെ അറിയില്ലെങ്കിൽ ദൈവമില്ലെന്ന് പറയുന്നത് എളുപ്പം: സി. രാധാകൃഷ്ണൻ

ദൈവത്തെ അറിയില്ലെങ്കിൽ ദൈവമില്ലെന്ന് പറയുന്നത് എളുപ്പമാണെന്ന് സാഹിത്യകാരൻ സി. രാധാകൃഷ്ണൻ. ഈ അജ്ഞതയാണ് ഏറ്റവും വലിയ അത്ഭുതം. ശാസ്ത്രകാരന്മാരുടെ ഓരോ കണ്ടുപിടുത്തങ്ങളും അത്ഭുതമായിരുന്നു. പൂവുണ്ടാകുന്നതും കായ് ഉണ്ടാകുന്നതും മനസ്സിൽ ആർദ്രതയുണ്ടാകുന്നതും അത്ഭുതമാണ്. എല്ലാത്തിനും കാര്യകാരണങ്ങളുണ്ട്. എല്ലാകാര്യങ്ങളും നമുക്ക് അറിയാമെന്ന് ശഠിക്കരുത്. വിശുദ്ധ നാമകരണ നടപടികളിലെ അത്ഭുതസൗഖ്യങ്ങൾ - യുക്തിയും സത്യവും എന്ന വിഷയത്തിൽ പാലാരിവട്ടം പി.ഒ.സിയിൽ നടന്ന സിമ്പോസിയത്തിൽ വീഡിയോദൃശ്യത്തിലൂടെ സംസാരിക്കുകയായിരുന്നു അദ്ദേഹം.

=======================================

# ക്രൈസ്തവസന്ന്യാസം പൗരാവകാശവിരുദ്ധമോ?

**2019 ഒക്ടോബർ 10-ാം തീയതി വ്യാഴാഴ്ച പാലാരിവട്ടം പി.ഒ.സിയിൽ വച്ചു നടത്തിയ സിമ്പോസിയം**

**മഠമാണ് എന്നിൽ ക്രിസ്തുവിന്റെ ജ്വാല പകർന്നത്: ദയാബായ്**




**കൊച്ചി:** സന്ന്യാസ രൂപീകരണകാലത്ത് തനിക്കു ലഭിച്ച യേശുദർശനം ഇന്നും തന്റെ ജീവിതത്തിൽ ജ്വലിച്ചുകൊണ്ടിരിക്കുകയാണെന്ന് പ്രശസ്ത സാമൂഹ്യപ്രവർത്തകയായ ദയാബായ്. എറണാകുളം പി.ഒ.സി.യിൽ നടന്ന 'ക്രിസ്തീയ സന്ന്യാസം പൗരാവകാശവിരുദ്ധമോ?' എന്ന വിഷയത്തിൽ പ്രബന്ധാവതരണം നടത്തി സംസാരിക്കുകയായിരുന്നു അവർ. "കാലഘട്ടത്തിന്റെ പരിമിതികളിലും ആവശ്യങ്ങളിലും ദൈവേഷ്ടം വായിക്കാനാകും എന്ന കാഴ്ചപ്പാട് എനിക്ക് ലഭിച്ചത് ഞാൻ അംഗമായിരുന്ന സന്ന്യാസസമൂഹത്തിൽ നിന്നുമാണ്. ദൈവാലയം ശുദ്ധീകരിക്കുന്ന യേശുവായിരുന്നു സന്ന്യാസജീവിതത്തിൽ എന്റെ കാഴ്ചപ്പാടുകളെ രൂപപ്പെടുത്തിയത്. മൂർച്ചയും തീർച്ചയുമുള്ള ആ ചെറുപ്പക്കാരൻ എത്ര അനായാസമാണ് സമൂഹത്തിന്റെ താഴെത്തട്ടിലേക്ക് ഇറങ്ങിച്ചെന്നതും ഏറ്റവും നിസ്സാരരും ദരിദ്രരുമായവരോട് അനുരൂപപ്പെട്ടതും! ലൂക്കായുടെ സുവിശേഷത്തിലെ യേശുവും ഇന്ത്യൻ ഭരണഘടനയുടെ ആമുഖ വചനങ്ങളുമാണ് ഇന്നും എന്നെ നയിച്ചുകൊണ്ടിരിക്കുന്നത്. എന്റെ സന്ന്യാസഭവനത്തിൽ നിന്ന് ലഭിച്ച സ്നേഹപൂർവകമായ പരിപാലനവും നല്ല പെരുമാറ്റവും എന്നെ ക്രിസ്തു വിശ്വാസത്തിൽ ഉറപ്പിച്ചു നിറുത്തുന്നതായിരുന്നു. എന്നെ സംബന്ധിച്ചിടത്തോളം സന്ന്യാസം 'Nurturing' ആയിരുന്നു, 'Torturing' അല്ലായിരുന്നു. "കുഞ്ഞേ, നീ സമയത്തിനുമുമ്പേ ആണ് നടക്കുന്നത്, എന്നാൽ ഒരിക്കൽ നീ അനേകർക്കു വഴികാട്ടിയാകും"എന്നാണ് സന്ന്യാസഭവനം വിട്ട് പാവപ്പെട്ട മനുഷ്യരുടെ ഇടയിലേക്ക് ഇറങ്ങാനുള്ള എന്റെ ആഗ്രഹം അറിയിച്ചപ്പോൾ എന്റെ നോവിസ് മിസ്ട്രസ് എന്നോടു പറഞ്ഞത്. ഒരു വർഷത്തെ നോവിഷ്യേറ്റ് പൂർത്തിയാക്കി പുറത്തേക്കു പോകാൻ തീരുമാനിച്ച ഞാൻ എന്റേതായ രീതിയിൽ സന്ന്യാസം ജീവിക്കുകയാണ്", അവർ പറഞ്ഞു.

ഇപ്പോൾ ചിലർ, രണ്ടുവർഷത്തിനുശേഷം ജോലിയിൽ നിന്നു വിരമിച്ച് സുരക്ഷിതമായി സാമൂഹ്യസേവനം ചെയ്യാനുള്ള സംവിധാനങ്ങളും സന്നാഹങ്ങളും ജോലിയുടെ സുരക്ഷിതത്വവും സാമ്പത്തിക ഭദ്രതയുമുള്ളപ്പോഴേ സമ്പാദിച്ചുവയ്ക്കുന്നത് സന്ന്യാസജീവിതത്തോടോ പാവങ്ങളുടെ കൂട്ടുകാരനായ യേശുവിനോടോ ഉള്ള അഭിനിവേശംകൊണ്ടാകണമെന്നില്ല. "കാറ്റും മഞ്ഞും മഴയും വെയിലും കൂട്ടാക്കാത്ത ഒരു ജീവിതം" - അതായിരുന്നു സന്ന്യാസ ഭവനം വിട്ടിറങ്ങിയപ്പോൾ ഭാവിയെപ്പറ്റിയുള്ള തന്റെ കാഴ്ചപ്പാടെന്നും അവർ കൂട്ടിച്ചേർത്തു.

സന്ന്യാസജീവിതത്തിൽ വ്യക്തികളുടെ നന്മയും സമർപ്പണവും ഏറെ ആദരണീയമായിരിക്കുമ്പോൾ തന്നെ, ഒരു സ്ഥാപനമെന്ന നിലയിൽ സന്ന്യാസ ഭവനങ്ങളും സമൂഹങ്ങളും നിരന്തരമായ നവീകരണത്തിനു വിധേയമാകുന്നില്ലെങ്കിൽ, അനേകം വ്യക്തികളുടെ നന്മ കെട്ടുപോകുകയും അവരുടെ സമർപ്പണത്തിന്റെ നന്മ സമൂഹത്തിനു ലഭിക്കാതെ പോവുകയും ചെയ്യുമെന്ന് **ഡോ. മ്യൂസ് മേരി ജോർജ്** പറഞ്ഞു. സംവിധാനങ്ങൾക്കും സ്ഥാപനങ്ങൾക്കുമുള്ളിൽ വീർപ്പുമുട്ടുന്നവരും സഹിക്കുന്നവരുമുണ്ട്. അവരുടെ പ്രശ്നങ്ങളെയും പ്രയാസങ്ങളെയും കേൾക്കുന്നതിനും പരിഹരിക്കുന്നതിനും ഫലപ്രദമായ സംവിധാനങ്ങളുണ്ടാകണമെന്നും അവർ പറഞ്ഞു.

നമ്മൾ ഇന്നു കാണുന്ന മദർ തെരേസ, അവർ ആയിരുന്ന സന്ന്യാസസമൂഹത്തിന്റെ ചട്ടക്കൂട് വിട്ട് സമൂഹത്തിന്റെയും, ദേശത്തിന്റെയും അവശ്യം കണ്ടറിഞ്ഞ് അവർ തന്നെതന്നെ വേറൊരു സന്ന്യാസ അവസ്ഥയിലേക്ക് നിയോഗിച്ചു. അപ്പോൾ ഇത്തരം നിയോഗങ്ങളും ഓരോ സന്ന്യാസ ജീവിതത്തിലുമുണ്ട്, സന്ന്യാസത്തിലുണ്ട് എന്ന് അവർ പറഞ്ഞു.

സിസ്റ്റർ തെരേസ് ആലഞ്ചേരി എസ്എബിഎസ്, ഫാ. സാജു കുത്തോടിപുത്തൻപുരയിൽ, ഫാ. വർഗീസ് വള്ളിക്കാട്ട് എന്നിവർ പ്രസംഗിച്ചു. ഡോ. അഗസ്റ്റിൻ പാംപ്ലാനി മോഡറേറ്ററായിരുന്നു.

# റിസോഴ്സ് ടീമുകളുടെ പരിശീലന ശില്പശാല നടത്തി



**കൊച്ചി:** കേരളത്തിലെ എല്ലാ കത്തോലിക്കാ കോർപ്പറേറ്റ് മാനേജുമെന്റുകളിലെ റിസോഴ്സ് ടീമുകളുടെ പരിശീലനം പാലാരിവട്ടം പി.ഒ.സിയിൽ വച്ച് നവംബർ 19-ാംതീയതി നടത്തി. കുട്ടികൾ അറിഞ്ഞിരിക്കേണ്ടതും കരുതിയിരിക്കേണ്ടതുമായ വിവിധ വിഷയങ്ങളെക്കുറിച്ചു പി.ഒ.സി. ഡയറക്ടർ ഫാ. വർഗീസ് വള്ളിക്കാട്ട്, സൈബർ ക്രൈംസിന്റെ മുൻ സംസ്ഥാന നോഡൽ ഓഫീസറും റിട്ടേർഡ് പോലീസ് സൂപ്രണ്ടുമായ ശ്രീ ജേക്കബ് ജോബ്, ഫൗണ്ടേഷൻ ഫോർ മെന്റൽ വെൽനെസ്സ് ഡയറക്ടർ ശ്രീമതി നിഷാ ജോസ് എറണാകുളം മെഡിക്കൽ കോളേജ് അഡീഷണൽ പ്രൊഫസർ ഡോ. കവിതാ രവി, താമരശ്ശേരി രൂപതാ ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ഫാ. ജോസഫ് പെണ്ണാപറമ്പിൽ എന്നിവർ ക്ലാസ്സുകൾക്ക് നേതൃത്വം നല്കി.

കെസിബിസി ഐക്യജാഗ്രതാ കമ്മീഷന്റേയും വിദ്യാഭ്യാസകമ്മീഷന്റേയും ആഭിമുഖ്യത്തിൽ നടത്തിയ ഈ ശില്പശാലയിൽ പങ്കെടുത്ത റിസോഴ്സ് ടീം കെസിബിസിയുടെ കീഴിലുള്ള എല്ലാ സ്കൂളുകളിലും ബോധവത്കരണ സെമിനാറുകൾ നടത്തുമെന്നു വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി ഫാ. ജോസ് കരിവേലിക്കൽ, ജാഗ്രതാ കമ്മീഷൻ സെക്രട്ടറി ഫാ. സാജു കുത്തോടിപുത്തൻപുരയിൽ സി.എസ്.റ്റി എന്നിവർ അറിയിച്ചു.

ഇന്നത്തെ കാലഘട്ടത്തിൽ പെൺകുട്ടികൾ അഭിമുഖീകരിക്കുന്ന വിവിധ വെല്ലുവിളികളെയും, ചതിക്കുഴികളേയും കുറിച്ചു ബോധവത്ക്കരിക്കുവാനും അവരുടെ സ്കൂൾ പഠനം സുഗമമായി മുന്നോട്ടുകൊണ്ടുപോകാനും ഉപകരിക്കത്തക്കരീതിയിൽ അവരെ പ്രാപ്തരാക്കുന്നതിനും വേണ്ടിയാണ് ശില്പശാല ഒരുക്കിയത്.

---

# ദൈവരാജ്യാനുഭവത്തിനുവേണ്ടത് അനുതാപവും വിശ്വാസവും:
## ആർച്ചുബിഷപ് സൂസൈപാക്യം

കൊച്ചി: ഇഹത്തിലും പരത്തിലും സ്വച്ഛവും സുന്ദരവുമായ ജീവിതമാണ് ദൈവം തന്റെ മക്കളായ മനുഷ്യർക്കുവേണ്ടി ആഗ്രഹിക്കുന്നതെന്നും അതിനുവേണ്ടിത്തന്നെയാണ് ദൈവപുത്രനായ യേശുക്രിസ്തുവിനെ പിതാവ് ഭൂമിയിലേക്കയച്ചതെന്നും കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ്പ് ഡോ. സൂസ പാക്യം. കേരള കത്തോലിക്കാ മെത്രാൻസമിതിയുടെയും കേരള കാത്തലിക് കൗൺസിലിന്റെയും സംയുക്തസമ്മേളനം ഉദ്ഘാടനംചെയ്തുകൊണ്ട് പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ദൈവരാജ്യത്തിന്റെ മൂർത്തീരൂപം തന്നെയായ യേശുക്രിസ്തു ആദ്യമായി ആഹ്വാനം ചെയ്തത് "ദൈവരാജ്യം സമീപിച്ചിരിക്കുന്നു; അനുതപിച്ച് സുവിശേഷത്തിൽ വിശ്വസിക്കുവിൻ" എന്നാണ്. സ്വന്തം കുറവുകൾ തിരിച്ചറിഞ്ഞ് ദൈവസ്നേഹത്തിന്റെ ക്രിസ്തുവിശേഷത്തിൽ വിശ്വസിക്കുന്നവരാണ് ദൈവരാജ്യാനുഭവത്തിൽ ആയിരിക്കുന്നത്. ക്രിസ്തു തിരഞ്ഞെടുത്ത മുഖ്യശിഷ്യൻ പത്രോസ് പല വിധത്തിൽ പരാജയപ്പെട്ടവനാണ്. ഒടുവിൽ, "അങ്ങ് എല്ലാം അറിയുന്നുവല്ലോ" എന്ന ഉദീരണത്തോടെ തന്റെ അനുതാപം വ്യക്തമാക്കിയ പത്രോസ് സഭയുടെ മുഖ്യഅജപാലകനായി ഉയർത്തപ്പെട്ടു. ഇന്ന് ഓരോ വിശ്വാസിക്കുമുള്ള ഐശ്വര്യ മാതൃകയും ഇതുതന്നെയാണ്. കെസിബിസിയുടെയും കേരള കത്തോലിക്കാ



കൗൺസലിന്റെയും സംയുക്ത വാർഷിക പൊതുയോഗത്തിൽ കെസിബിസി സെക്രട്ടറി ജനറൽ ആർച്ചു ബിഷപ്പ് മാർ മാത്യു മൂലക്കാട്ട് അധ്യക്ഷത വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ 'മിഷനറി മാനസാന്തരം,' 'മിഷനറി രൂപീകരണം' എന്നീ വിഷയങ്ങളെ ആസ്പദമാക്കി റവ. ഡോ. ജോഷി മയ്യാറ്റിൽ, റവ. ഡോ. മേരി പ്രസാദ് ഡി.എം. എന്നിവർ പ്രബന്ധം അവതരിപ്പിച്ചു. കെസിസി പ്രസിഡന്റ് അഡ്വ. ജോജി ചിറയിൽ, കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ട് തുടങ്ങിയവർ സംസാരിച്ചു. കെസിബിസി സമ്മേളനം ഡിസംബർ 6-ാം തീയതി വരെ തുടരും.

# ‘ദുക് ഇൻ ആൾത്തും’ മിഷൻ സമ്മിറ്റ്

**2019 ഒക്ടോബർ 24, 25 പി.ഒ.സി**

## മിഷനറിമാർ ക്രിസ്തുവിന്റെ കാരുണ്യം സ്വന്തമാക്കണം: ബിഷപ് മാർ തോമസ് തറയിൽ



**കൊച്ചി:** മിഷനറിമാർ ക്രിസ്തുവിന്റെ കാരുണ്യം സ്വന്തമാക്കണമെന്ന് ബിഷപ് മാർ തോമസ് തറയിൽ പറഞ്ഞു. രണ്ടു ദിവസമായി പാലാരിവട്ടം പി.ഒ.സി.യിൽ നടന്നുവന്ന ‘ദുക് ഇൻ ആൾത്തും’ മിഷൻ സമ്മിറ്റിൽ സമാപനസന്ദേശം നല്കുകയായിരുന്നു അദ്ദേഹം. മനുഷ്യവംശത്തിന്റെ പാപവും സഹനവും ഏറ്റുവാങ്ങിയ ക്രിസ്തുവിന്റെ പ്രതിനിധികളാണ് മിഷനറിമാർ. എവിടെയെല്ലാം പാപവും സഹനവുമുണ്ടോ അവിടെയെല്ലാം മിഷനറിമാരെക്കൊണ്ട് ആവശ്യമുണ്ട്. യേശുവിന്റെ കാരുണ്യം സ്വന്തമാക്കിയവർക്കേ, മനുഷ്യരെ അവരുടെ ദുരിതങ്ങളിൽ നിന്നും മോചിപ്പിക്കാനാവൂ. മിഷനറിമാർ നീതിക്കുവേണ്ടി വിശക്കുന്നവരും കാരുണ്യത്തിന്റെ ഹൃദയമുള്ളവരുമാകണമെന്നും അദ്ദേഹം പറഞ്ഞു.



വിവിധരൂപതകളിലും സന്ന്യാസസമൂഹങ്ങളിലും അല്മായ പ്രസ്ഥാനങ്ങളിലും നിന്ന് 270 പേർ പങ്കെടുത്ത ദ്വിദിന മിഷൻ സമ്മിറ്റ് പ്രേഷിതത്വത്തെക്കുറിച്ചുള്ള അറിവിന്റെയും ബോധ്യങ്ങളുടെയും ആസ്വാദനത്തിന്റെയും സംഗമവേദിയായി. രണ്ടാം ദിനത്തിൽ റവ. ഡോ. ആന്റണി തറേക്കടവിൽ, റവ. ഫാ. റോയി കണ്ണൻചിറ സിഎംഐ, റവ. സി. മേരി പ്രസാദ് ഡി.എം., ഷെവ. ഡോ. എഡ്വേർഡ് എടേഴത്ത്, പ്രൊഫ. സി.സി. ആലീസുകുട്ടി എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഫാ. ഷാജി സ്റ്റീഫൻ ഒഡിഇഎം, ഫാ. ജോഷി മയ്യാറ്റിൽ, ഫാ. ജോസ് കരിവേലിക്കൽ, ഫാ. സാജു സിഎസ്റ്റി എന്നിവർ മിഷൻ സമ്മിറ്റിന് നേതൃത്വം നല്കി.

ഫ്രാൻസിസ് പാപ്പാ പ്രഖ്യാപിച്ച അസാധാരണ മിഷൻമാസാചരണത്തോടനുബന്ധിച്ച് പി.ഒ.സി.യിൽ വച്ചു നടത്തുന്ന രണ്ടു ദിവസത്തെ മിഷൻ സമ്മിറ്റ് സാന്ത്വന കമ്മ്യൂണിറ്റി സ്ഥാപകൻ റവ. ഫാ. ധീരജ് സാബു ഐഎംഎസ് ഉദ്ഘാടനം ചെയ്തു. ആഴത്തിലേക്ക് നീക്കി വലയിറക്കാനുള്ള വിളിയാണ് മിഷൻ എന്ന് ഉദ്ഘാടകൻ ഓർമ്മിപ്പിച്ചു. ദുക് ഇൻ ആൾത്തും എന്ന പേരിൽ നടത്തപ്പെടുന്ന ദ്വിദിന പഠനശിബിരത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ പി.ഒ.സി. ഡയറക്ടർ റവ. ഫാ. വർഗീസ് വള്ളിക്കാട്ട് അധ്യക്ഷനായിരുന്നു. ഫ്രാൻസിസ് പാപ്പായുടെ ‘ജ്ഞാനസ്നാനപ്പെട്ട് അയയ്ക്കപ്പെട്ടവർ’ എന്ന പ്രബോധനത്തിന്റെ കാലിക പ്രസക്തിയെപ്പറ്റി കൊച്ചി രൂപതാധ്യക്ഷൻ ബിഷപ് ജോസഫ് കരിയിൽ പ്രബോധിപ്പിച്ചു. മനുഷ്യനിലെ ദൈവികമായ നന്മ തെളിയിക്കലാണ് മിഷൻ എന്ന് ബിഷപ് ജോസഫ് കരിയിൽ സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു. റവ. ഫാ. ജോഷി മയ്യാറ്റിൽ, റവ. സി. സെറീനാ എസ്ഐസി, റവ. ഫാ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ എന്നിവർ പ്രസംഗിച്ചു.



## സന്ന്യസ്തർ സമൂഹത്തെ പ്രകാശിപ്പിക്കുന്ന ധാർമികശക്തി: ജസ്റ്റീസ് എബ്രാഹം മാത്യൂ



**കൊച്ചി:** സമൂഹത്തിൽ നന്മയുടെ പ്രകാശം പരത്തുന്ന ധാർമികശക്തിയാണു സന്ന്യാസവും സന്ന്യസ്തരുമെന്നു **ജസ്റ്റീസ് ഏബ്രാഹം മാത്യു.** സന്ന്യാസത്തിനു നേരെ ഉയരുന്ന അതിരുവിട്ട വെല്ലു വിളികളെയും അവഹേളന ങ്ങളെയും അതിജീവിക്കാ നുള്ള കരുത്ത് സഭയ്ക്കു ണ്ടെന്നും അദ്ദേഹം അഭി പ്രായപ്പെട്ടു. കെസിബിസി യുടെയും കേരളകത്തോ ലിക്കാ സമർപ്പിത സമൂഹങ്ങ ളുടെ എറണാകുളം മേഖലയു ടെയും ആഭിമുഖ്യത്തിൽ എറണാകുളം ടൗൺ ഹാളിൽ (മറിയം ത്രേസ്യ നഗർ) സംഘടിപ്പിച്ച സന്ന്യസ്ത-സമർപ്പിത സംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.




എതിർപ്പുകളിലും വെല്ലുവിളി കളിലും തളരുന്നവളല്ല സഭ. ചരിത്രത്തിലെ പല ഘട്ടങ്ങളിലും ഈ വെല്ലുവിളികൾ ഉണ്ടായിട്ടുണ്ട്. കേരളസമൂഹത്തിന്റെ ധാർമിക, മൂല്യാധിഷ്ഠിത വളർച്ചയിൽ സന്ന്യസ്തർ നല്കിയ സംഭാവന കൾ ആർക്കും വിസ്മരിക്കാവുന്ന തല്ല. തങ്ങളുടെ ഭൗതികമായ സന്തോഷങ്ങൾ ഉപേക്ഷിച്ചു മറ്റു ള്ളവർക്കായി ജീവിക്കുന്നവരാണു സന്ന്യസ്തർ. എവിടെയെല്ലാം സന്ന്യസ്തരുണ്ടോ അവിടെയെല്ലാം നിസ്വാർഥമായ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും അനുഭവങ്ങൾ സ്വന്തമാക്കാൻ സമൂഹത്തിനു സാധിക്കുന്നു. ലോകം മുഴുവൻ അംഗീകരിച്ചതാണു ക്രൈസ്തവ സന്ന്യസ്തരുടെ സേവനം. മദർ തെരേസയെപ്പോലുള്ള സന്ന്യാസിനികൾ ലോകത്തിനു മുമ്പിൽ സ്നേഹത്തിന്റെയും സേവന ത്തിന്റെയും അനശ്വരമായ പ്രകാശമാണ് ഇന്നലെയും ഇന്നും പകർന്നു നല്കുന്നത്. ഏതുകാലത്തും സമൂഹം വഴിതെറ്റി പ്പോകുമ്പോൾ നേരിന്റെയും നന്മയുടെയും കാഹളം മുഴക്കേണ്ടവരാണു സന്ന്യസ്തർ. അവർ അന്ധ കാരത്തിൽ പ്രകാശമാണ്. നിരാശകളിൽ പ്രത്യാശയാണ്.

സഭയുടെ സംരക്ഷത്തിന്റെ തണൽ വിട്ടു തെറ്റായ കൂട്ടുകെട്ടുകളിലേക്കു പോകുന്നവരുടെയും അവരെ ഉയർത്തിപ്പിടിക്കുന്നവരുടെയും അതിരുവിട്ട വിമർശനങ്ങൾ അവഗണിക്കണം. ഇക്കാര്യത്തിൽ സ്ഥാപിത താത്പര്യ ങ്ങളോടെ പ്രവർത്തിക്കുന്ന ഒരുവിഭാഗം മാധ്യമങ്ങളെ തിരിച്ചറിയാൻ സമൂഹത്തിനു സാധിക്കും. കൂട്ടായ്മയുടെ കരുത്തിൽ ആത്മവിശ്വാസത്തോടെ മുന്നേറാൻ നമുക്കു സാധിക്കും. പ്രകോപന ങ്ങളുണ്ടാകുമ്പോൾ, ഉള്ളിലെ വെളിച്ചം കൂടുതൽ ഉജ്വലമായി പ്രകാശിപ്പിക്കുകയാണു നാം ചെയ്യേണ്ട തെന്നും ജസ്റ്റീസ് എബ്രഹാം മാത്യു അഭിപ്രായപ്പെട്ടു.

ക്രൈസ്തവ സന്ന്യാസത്തിലെയും സഭയിലെയും സഹനകാലങ്ങൾ കടന്നുപോകുമെന്നും എല്ലാവരും ഒരുപോലെ ശോഭിക്കുന്ന നല്ല നാളെ രൂപപ്പെടുമെന്നും കൊച്ചി **ബിഷപ് ജോസഫ് കരിയൽ** പറഞ്ഞു. എറാണാകുളം ടൗൺ ഹാളിൽ നടന്ന സന്ന്യസ്ത സമർപ്പിത സംഗമത്തിൽ അധ്യക്ഷത വഹിച്ചു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. ഏതാനും ഇടങ്ങളിലും ചില വ്യക്തികളിലും മാത്രമാണ് അപചയം എന്നുപറഞ്ഞു നിസാരവത്കരണം നടത്താതെ, പൂർണമായും ശരിയാകാനാണു നാം പരിശ്രമിക്കേണ്ടത്. എന്തെല്ലാം വെല്ലുവിളികൾ ഉണ്ടാകുമ്പോഴും നന്മ ചെയ്യുന്നതിൽനിന്നു നാം ഒരിക്കലും പിന്മാറരുത്. ഏതാനും പേരുടെ അപഭ്രംശങ്ങളുടെ പേരിൽ സന്ന്യസ്ത സമൂഹത്തെ അവഹേളിക്കുന്നവരുണ്ട്. ചില മാധ്യമങ്ങളും അക്കൂട്ടത്തിലുണ്ട്. ആരെല്ലാം അവഹേളിച്ചാലും ശക്തമായി മുന്നോട്ടുപോകാൻ സന്ന്യസ്ത സമൂഹത്തിനൊപ്പം സഭയാകെ ഉണ്ടാകുമെന്നും ബിഷപ് കരിയിൽ പറഞ്ഞു. സഭയിൽനിന്നു പുറത്തുപോകുന്നവർ പറയുന്നതല്ല, ക്രിസ്തീയമായ ആനന്ദത്തോടെ അകത്തുകഴിയുന്നവർ പറയുന്നതാണു സന്ന്യാസമെന്നു മുഖ്യപ്രഭാഷണം നടത്തിയ രാഷ്ട്രദീപിക മാനേജിംഗ് ഡയറക്ടർ **ഫാ. മാത്യു ചന്ദ്രൻകുന്നേൽ** പറഞ്ഞു. സന്ന്യാസത്തെ സംരക്ഷിക്കാൻ ക്വട്ടേഷൻ സംഘങ്ങളുടെ ആവശ്യമില്ല; സംരക്ഷണം സഭയ്ക്കു സാധിക്കും. സഭയിൽനിന്നു പുറത്തുപോകുന്നവരെ മറയാക്കി സഭയെ അവഹേളിക്കുന്നവരെ തിരിച്ചറിയാൻ മാധ്യമങ്ങൾക്കും സമൂഹത്തിനും സാധിക്കണം.

സമർപ്പിതർ സഭയിലും സമൂഹത്തിലും എന്ന വിഷയത്തെ അടിസ്ഥാനമാക്കി നടന്ന സംഗമത്തിൽ കൊച്ചി ബിഷപ് ഡോ. ജോസഫ് കരിയിൽ അധ്യക്ഷത വഹിച്ചു. രാഷ്ട്രദീപിക മാനേജിംഗ് ഡയറക്ടർ ഫാ. മാത്യു ചന്ദ്രൻകുന്നേൽ മുഖ്യപ്രഭാഷണം നടത്തി. ഫാ. സെബാസ്റ്റ്യൻ തുണ്ടത്തിക്കുന്നേൽ, റവ. ഡോ. വർഗീസ് വള്ളിക്കാട്ട്, സിസ്റ്റർ ഡോ. ജയ സിടിസി, ഡോ. കൊച്ചുറാണി ജോസഫ്, സിസ്റ്റർ ഡോ. വിനീത സിഎംസി, ഷാജി ജോർജ്, സിസ്റ്റർ ഡോ. നോബിൾ തേരേസ് ഡിഎം, സിറിയക് ചാഴിക്കാടൻ, റോസ് മരിയ, മരിയ ജെസ്നീല മാർട്ടിൻ എന്നിവർ പ്രസംഗിച്ചു. എറണാകുളം അങ്കമാലി, വരാപ്പുഴ, കൊച്ചി, കോട്ടപ്പുറം, മൂവാറ്റുപുഴ രൂപതകളിലെ സന്ന്യാസ സമൂഹങ്ങളിൽ നിന്നു മൂവായിരത്തോളം സന്ന്യസ്തരും വൈദിക, അല്മായ പ്രതിനിധികളും പങ്കെടുത്തു.

**(എറണാകുളം മേഖല സന്ന്യസ്ത സമർപ്പിത സംഗമം സമർപ്പിതർ സഭയിലും സമൂഹത്തിലും 2019 ഒക്ടോബർ 11-വെള്ളി മറിയം ത്രേസ്യ ടൗൺഹാൾ)**

# കെസിബിസി പ്രസ്താവനകൾ, വാർത്തകൾ

**'വിധവകളുടെ കൂട്ടായ്മ': കെസിബിസിതലത്തിൽ**



**കൊച്ചി:** ഇന്നു നമ്മുടെ സമൂഹത്തിൽ വിധവകളുടെ പ്രശ്നങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്. അത് സാമ്പത്തികവും സാമൂഹികവും ശാരീരികവും മാനസികവും ആത്മീയവുമായ മേഖലകളിൽ ആണ്. എന്നാൽ ഇതൊന്നും സമൂഹത്തിൽ കാര്യമായ ചർച്ച ആകുന്നില്ല എന്നതാണ് സത്യമെന്ന് ബിഷപ് ജോസഫ് കാരിക്കശേരി പറഞ്ഞു. കെസിബിസി തലത്തിൽ ആരംഭിക്കുന്ന 'വിധവകളുടെ കൂട്ടായ്മ' (വിഡോ ഫോറം)പാലാരിവട്ടം പി.ഒ.സി.യിൽ ഉദ്ഘാടനം ചെയ്തുകൊണ്ട് സംസാരിക്കുയായിരുന്നു അദ്ദേഹം. വിധവകൾക്കുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ മാറ്റം വരുത്തുവാൻ ഉപയുക്തമായ വിധത്തിൽ ചർച്ചകളും ബോധവത്കരണ സെമിനാറുകളും ഏറെ പ്രയോജനകരമായിരിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഇങ്ങനെ വിധവകളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൈപിടിച്ചുയർത്താനും സ്വയം പര്യാപ്തരാക്കി മാറ്റുവാനുമുള്ള ഉത്തരവാദിത്വം നമുക്കോരുത്തർക്കുമുണ്ട്. വിഭാര്യരെ അപേക്ഷിച്ച് ഇന്ന് വിധവകളുടെ എണ്ണം കൂടുതലാണ്. പുരുഷൻമാരുടെ ആയുർദൈർഘ്യം സ്ത്രീകളെ അപേക്ഷിച്ച് കുറവായതുകൊണ്ടും അവരുടെ ജോലി, ദുശീലങ്ങൾ, അസുഖം, അപകട സാഹചര്യം തുടങ്ങിയ പ്രത്യേകതകൾ കൊണ്ടുമാണ് ഇന്ന് നമ്മുടെ ഇടയിൽ വിധവകളുടെ എണ്ണം കൂടുതലാകാൻ കാരണമെന്ന് മുഖ്യപ്രഭാഷണത്തിൽ കെസിബിസി ഫാമിലി കമ്മീഷൻ സെക്രട്ടറി റവ. ഫാ. പോൾ മാടശേരി പറഞ്ഞു.

**മെറ്റിൽഡ ജോൺസൺ** ലോഗോസ് പ്രതിഭ




**കൊച്ചി:** കെസിബിസി ബൈബിൾ സൊസൈറ്റിയുടെ സംസ്ഥാനതല ലോഗോസ് ബൈബിൾ ക്വിസ് ഗ്രാൻഡ് ഫിനാലെയിൽ ഒന്നാമതെത്തി ഇരിങ്ങാലക്കുട രൂപതയിലെ മെറ്റിൽഡ ജോൺസൺ 2019ലെ ലോഗോസ് പ്രതിഭയായി. ഏറ്റവും ജൂനിയർ ഗ്രൂപ്പിൽനിന്നുള്ള പതിനൊന്നു വയസ്സുകാരിയായ മെറ്റിൽഡ അഞ്ചര ലക്ഷം പേരിൽ നിന്നാണ് ഒന്നാം സ്ഥാനത്തെത്തിയത്. 2000-ൽ ആരംഭിച്ച ലോഗോസ് ക്വിസിന്റെ ചരിത്രത്തിലെ ഏറ്റവും പ്രായംകുറഞ്ഞ പ്രതിഭയാണ് മെറ്റിൽഡ. ബധിരർക്കായുള്ള ബൈബിൾക്വിസിൽ ഒന്നാം സ്ഥാനത്തിന് തലശ്ശേരിയിൽ നിന്നുള്ള നിമ്മി ഏലിയാസ് അർഹയായി. ആഗോളതലത്തിൽ ഏറ്റവും കൂടുതൽപേർ പങ്കെടുക്കുന്ന ഈ വചനോപാസനയിൽ കേരളത്തിൽനിന്നും കേരളത്തിനുപുറത്തുനിന്നുമുള്ള 39 രൂപതകളിൽനിന്നുള്ളവർ പങ്കെടുത്തു.

ലോഗോസ് ബൈബിൾ ക്വിസിൽ ആറു പ്രായവിഭാഗങ്ങളിലെ സംസ്ഥാനതല ജേതാക്കളെ പങ്കെടുപ്പിച്ചു പാലാരിവട്ടം പി.ഒ.സി.യിൽ നവംബർ 24 നാണ് ഗ്രാൻഡ് ഫിനാലെ നടന്നത്. നവംബർ 23 ന് ആറു ഗ്രൂപ്പുകളുടെ ഫൈനൽ മത്സരങ്ങളും നടന്നു. എ വിഭാഗത്തിലെ ഒന്നാം സ്ഥാനക്കാരിയാണ് മെറ്റിൽഡ ജോൺസൺ. മറ്റു പ്രായവിഭാഗങ്ങളിലെ സംസ്ഥാനതല വിജയികളും രൂപതയും: ബി- അലീന സോജൻ (തൃശൂർ), സി- അതുല്യ സെബാസ്റ്റ്യൻ (താമരശ്ശേരി), ഡി - നിമ ലിന്റോ (മാണ്ഡ്യ), ഇ- ആനി ജോർജ് (തൃശൂർ), എഫ്- ഏലിക്കുട്ടി തോമസ് (കോതമംഗലം). കേരളത്തിനു പുറത്തുനിന്ന് ഒന്നാംസ്ഥാനത്തെത്തിയത് മാണ്ഡ്യ രൂപതയിലെ നിമ ലിന്റോയാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരളകാത്തലിക് ബൈബിൾ സൊസൈറ്റി ഏർപ്പെടുത്തിയ മാർ ജോർജ് പുന്നക്കോട്ടിൽ വചനസർഗ പ്രതിഭാപുരസ്കാരത്തിന് റവ. ഫാ. ഷാജി തുമ്പേച്ചിറയിലും അർഹനായി.

സമാപന സമ്മേളനത്തിൽ കെസിബിസി ബൈബിൾ സൊസൈറ്റി ചെയർമാൻ ബിഷപ്പ് മോസ്റ്റ് റവ. ഡോ. അബ്രാഹം മാർ യൂലിയോസ് വിജയികൾക്കു സമ്മാനങ്ങൾ വിതരണം ചെയ്തു. മാനവഹൃദയങ്ങളെ നവീകരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്ന ദൈവവചനം അനേകരിൽ എത്തിക്കാൻ ലോഗോസ് ബൈബിൾ ക്വിസിന് സാധിക്കുന്നുവെന്നും ബധിരർക്കായി സംഘടിപ്പിക്കപ്പെട്ട ബൈബിൾ ടിവി ക്വിസിലൂടെ ഏവരും ദൈവത്തിനു പ്രിയപ്പെട്ടവരാണെന്ന സന്ദേശം ഉച്ചത്തിൽ പ്രഘോഷിക്കാനും സാധിച്ചുവെന്നും പിതാവ് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ അനുസ്മരിച്ചു.

**എനിക്ക് റോമിൽ പോയി ബൈബിൾ പഠിക്കണം : മെറ്റിൽഡ ജോൺസൺ**



ഒരു പതിനൊന്നു വയസ്സുകാരിയുടെ ജീവിതാഭിലാഷമാണ്. കേരള സഭയുടെ ചരിത്രത്തിലാദ്യമായി ഏറ്റവും ചെറിയ പ്രായ വിഭാഗത്തിൽപ്പെട്ട ഒരു കുട്ടി ലോഗോസ് പ്രതിഭാ പട്ടം ചൂടി അവാർഡ് ഏറ്റുവാങ്ങിയ നിമിഷങ്ങളിലാണ് മെറ്റിൽഡാ ജോൺസന്റെ ഈ വിസ്മയകരമായ ആഗ്രഹം പുറം ലോകം അറിഞ്ഞത്.

# വാങ്മയം

## എഴുത്തുകാർ സമൂഹത്തിലെ ജീർണതകൾ തുടച്ചുമാറ്റണം

**സന്തോഷ് എച്ചിക്കാനം**



**കൊച്ചി:** കെസിബിസി പ്രസിദ്ധീകരണമായ താലന്ത് മാസികയും പി.ഒ.സി.യും ചേർന്ന് നടത്തുന്ന പ്രതിമാസ-കലാ-സാഹിത്യ സാംസ്കാരിക സായാഹ്നമായ വാങ്മയത്തിന്റെ പതിനാറാമത് സമ്മേളനത്തിൽ പ്രശസ്തകഥാകൃത്ത് സന്തോഷ് എച്ചിക്കാനം മുഖ്യപ്രഭാഷണം നടത്തി.

അസമത്വങ്ങളിലൂടെ സമൂഹത്തിലുണ്ടാകുന്ന ജീർണതകൾ തുടച്ചുമാറ്റേണ്ടത് എഴുത്തുകാരന്റെ ചുമതലയാണെന്ന് കഥാകൃത്ത് സന്തോഷ് എച്ചിക്കാനം. വ്യക്തികൾ പരസ്പരവും സമൂഹത്തോടും നടത്തുന്ന ആശയവിനിമയമാണ് സാഹിത്യം. ആശയവിനിമയമില്ലെങ്കിൽ സാഹിത്യമില്ലെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. നിരൂപകൻ രഘുനാഥൻ മുഖ്യപ്രഭാഷണം നടത്തി. പി.ഒ.സി. ഡയറക്ടർ ഫാ. വർഗീസ് വള്ളിക്കാട്ട് അദ്ധ്യക്ഷനായിരുന്നു. ഫാ. സ്റ്റാൻലി മാതിരപ്പിള്ളി, തിരക്കഥാകൃത്ത് സിദ്ധാർത്ഥ് ഭരതൻ, പ്രഫ. ഷാജി ജോസഫ് എന്നിവർ സംസാരിച്ചു. ജോസ്‌ലിറ്റിന്റെ 'ഇഷാൻ എന്ന കുട്ടി' ചടങ്ങിൽ പ്രകാശനം ചെയ്തു.


## പ്രിയ എഎസ്സിന്റെ കഥകൾ ഏകാന്തതയുടെ ആവിഷ്കാരങ്ങൾ

**തിരക്കഥാകൃത്ത് ബിപിൻ ചന്ദ്രൻ**





**കൊച്ചി:** വ്യക്തികളുടെ ദുഷ്കരമായിട്ടുള്ള ഏകാന്തതയുടെ ആവിഷ്കാരങ്ങളാണ് മലയാള ചെറുകഥയിലെ ശ്രദ്ധേയസാന്നിദ്ധ്യമായ പ്രിയ എസ്സിന്റെ കഥകൾക്ക് ഉള്ളതെന്ന് തിക്കഥാകൃത്ത് ബിപിൻ ചന്ദ്രൻ അഭിപ്രായപ്പെട്ടു. വായനക്കാരെ എന്നും എൻഗേജ് ചെയ്യിക്കുന്ന എഴുത്തുകാരിയാണ് എഴുത്തിന്റെ മുപ്പതുവർഷം പിന്നിടുമ്പോഴും പ്രിയയെന്ന് ബിപിൻ ചന്ദ്രൻ അഭിപ്രായപ്പെട്ടു. കെസിബിസി പ്രസിദ്ധീകരണമായ താലന്ത് മാസികയും പി.ഒ.സി.യും ചേർന്ന് നടത്തുന്ന പ്രതിമാസ-കലാ-സാഹിത്യ സാംസ്കാരിക സായാഹ്നമായ വാങ്മയത്തിന്റെ പതിനേഴാമത് സമ്മേളനത്തിൽ പ്രിയ എ എസ്സിന്റെ സാഹിത്യകൃതികളെ ആധാരമാക്കി മുഖ്യപ്രഭാഷണം നടത്തുകയായിരുന്നു ബിപിൻ ചന്ദ്രൻ . സ്ത്രീപക്ഷത്തു ചേർന്നു ശക്തമായി എഴുതുമ്പോഴും എന്നും ഉള്ളിലൊരു മാതൃഭാവന സൂക്ഷിക്കുന്ന എഴുത്തുകാരിയാണ് പ്രിയ എഎസ്സ് എന്ന് ചടങ്ങിൽ അധ്യക്ഷത വഹിച്ച കെസിബിസി യൂത്ത്കമ്മീഷൻ സെക്രട്ടറി ഫാ.സ്റ്റീഫൻ തോമസ് ചാലക്കര പറഞ്ഞു. അക്ഷരങ്ങളാണ് തന്റെ സ്വത്തെന്നും മലയാള അക്ഷരങ്ങൾ ഇല്ലായിരുന്നു എങ്കിൽ താൻ എന്തായിത്തീരുമെന്ന് ഒരിക്കലും പറയാൻ കഴിയില്ലെന്നും മറുപടി പ്രസംഗത്തിൽ പ്രിയ എ എസ്സ് പറഞ്ഞു. കുസാറ്റ് മുൻ വൈസ് ചാൻസലർ ഡോ. ബാബു ജോസഫ് ചടങ്ങിൽ പ്രിയ എഎസ്സിന് ഉപഹാരം സമ്മാനിച്ചു. പ്രശസ്ത കഥകൃത്ത് ജോർജ്ജ് ജോസഫ്, സി.ഗ്ലാഡിസ് ഒഎസ്എസ്, പ്രൊഫ.ഷാജി ജോസഫ് എന്നിവർ പ്രസംഗിച്ചു.


**കേരള കത്തോലിക്കാ മെത്രാൻ സമിതിയുടെ പുതിയ ഭാരവാഹികൾക്ക് ആശംസകൾ**



കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി
പ്രസിഡന്റ്



ഡോ. വർഗീസ് ചക്കാലയ്ക്കൽ
വൈസ്പ്രസിഡന്റ്



ഡോ. ജോസഫ് മാർ തോമസ്
സെക്രട്ടറി ജനറൽ


**കെസിബിസി പ്രസിഡന്റ് ആർച്ചുബിഷപ്പ് ഡോ. സൂസൈപാക്യത്തിന്റെ പൗരോഹിത്യസുവർണ്ണജൂബിലി ആഘോഷം പി. ഒ. സി. യിൽ**

